GOVERNMENT OF TAMIL NADU

# അഞ്ചാം തരം

# STANDARD FIVE

# മലയാള പാഠപുസ്തകം

# MALAYALAM READER

Department of School Education

**Untouchability is Inhuman and a Crime**

5rd_Malayalam Reader_Front page.indd 1 7/22/2019 3:17:13 PM

**Government of Tamil Nadu**

First Edition - 2019

Reprint - 2020, 2021
2022, 2023, 2024

(Published under New Syllabus)

**Content Creation**

State Council of Educational
Research and Training

© SCERT 2019

**Printing & Publishing**

Tamil NaduTextbook and Educational
Services Corporation

www.textbooksonline.tn.nic.in



5rd_Malayalam Reader_Front page.indd 2 7/22/2019 3:17:13 PM

# ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷകങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.



5rd_Malayalam Reader_Front page.indd 3 7/22/2019 3:17:13 PM

# ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ.
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

# ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.





5rd_Malayalam Reader_Front page.indd 4 7/22/2019 3:17:14 PM

# തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മാനോന്മണിയം.പി.സുന്ദരം പിള്ള



# തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു. കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.



5rd_Malayalam Reader_Front page.indd 5 7/22/2019 3:17:15 PM



# ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.



# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



5rd_Malayalam Reader_Front page.indd 6 7/22/2019 3:17:15 PM

# ഉള്ളടക്കം


| പാഠം | ഭാഗം 1 | പുറം നമ്പർ |
|---|---|---|
| | കലാകേരളം | 1 |
| കവിത | മലയാളം | 2 |
| ഗദ്യം | മുരളി കണ്ട കഥകളി | 8 |
| കഥ | വിഡ്ഢിവേഷം കെട്ടിയ രാജാവ് | 15 |
| | **ഭാഗം 2** | |
| | ആവണിപ്പാടം | 20 |
| കവിത | കൊയ്ത്തു കഴിഞ്ഞ് | 21 |
| ഗദ്യം | പത്തായം | 24 |
| കഥ | കഞ്ഞിയും കറിയും | 29 |
| | **ഭാഗം 3** | |
| | കണ്ണീർപ്പൂക്കൾ | 39 |
| കവിത | വീണപൂവ് | 40 |
| ഗദ്യം | മുത്തു മണികൾ | 43 |
| കഥ | ഒരു കുടയും കുഞ്ഞു പെങ്ങളും | 47 |

| | | പുറം നമ്പർ |
|---|---|---|
| | **ഭാഗം 4** | |
| | മണ്ണും മനുഷ്യരും | 51 |
| കവിത | കാടെവിടെ മക്കളെ | 52 |
| ഗദ്യം | കാടിന്റെ ദാഹം ആരറിയുന്നു | 54 |
| കഥ | പാത്തുമ്മയുടെ ആട് | 59 |
| | **ഭാഗം 5** | |
| | ജീവവലയം | 64 |
| കവിത | കുയിലും മിന്നാമിനുങ്ങും | 65 |
| ഗദ്യം | നയന അച്ഛനെഴുതിയ കത്തുകൾ | 69 |
| കഥ | ബുദ്ധിമാനായ ആർക്കിമെഡിസ് | 72 |
| | **ഭാഗം 6** | |
| | മാതൃഭൂമിയും മാതാവും | 76 |
| കവിത | ഭൂമി ദേവഭൂമി | 77 |
| ഗദ്യം | വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം | 81 |
| കഥ | അമ്മമ്മ | 85 |
| | **ഭാഗം 7** | |
| | നാടകമേ ഉലകം | 91 |
| കവിത | ദ്വാരകയിലേക്ക് | 92 |
| ഗദ്യം | പുഴ | 96 |
| നാടകം | നൂറ്റൊന്നു സ്വർണ്ണക്കുടം | 101 |




5rd_Malayalam Reader_Front page.indd 8 7/22/2019 3:17:15 PM

ഭാഗം 1

# കലാകേരളം



## പഠന ലക്ഷ്യങ്ങൾ

- സ്വന്തം മാതൃഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടൽ
- കലയോടുള്ള താല്പര്യം വർദ്ധിപ്പിക്കൽ
- നമ്മുടെ സംസ്കാരവും മൂല്യബോധവും തിരിച്ചറിയൽ

## പാഠഭാഗങ്ങൾ

**കവിത** : മലയാളം - വള്ളത്തോൾ നാരായണ മേനോൻ

**ഗദ്യം** : മുരളി കണ്ട കഥകളി, - പ്രൊഫ അമ്പലപ്പുഴ രാമവർമ്മ

**കഥ** : വിഡ്ഢിവേഷം കെട്ടിയ രാജാവ്



5 th_01_Malayalam.indd 1 7/22/2019 3:09:46 PM

കവിത

# 1 മലയാളം

- വള്ളത്തോൾ നാരായണമേനോൻ



മാൺപിയന്നു വിളങ്ങുന്നു
മലയാളം മനോഹരം
മഹാഭാരത ഭൂവിന്റെ
മണിത്തങ്കച്ചിലങ്കയായ്
മേഘങ്ങളാലുടുപ്പിട്ട്
മല കുന്നുകൾ മേടുകൾ
ആന മാൻ പന്നി പുലികൾ
പോത്തും മേളിച്ച കാടുകൾ,
തെളിഞ്ഞോളങ്ങൾ തൻ മൂളി
പ്പാട്ടുമായ് പ്പോകുമാറുകൾ
ആമ്പലും നൈതൽ തണ്ടാരു
മിടതിങ്ങിയ പൊയ്കകൾ,
വിചിത്ര പക്ഷിച്ചിറകിൻ
മഴവില്ലാർന്ന ശാഖികൾ



5 th_01_Malayalam.indd 2 7/22/2019 3:09:48 PM

പുലാവും പുളിയും മാവും
വാഴയും വായ്ച തോപ്പുകൾ,
അശോകം ചമ്പകം പിച്ചി
മുല്ലയും ചേർന്ന വാടികൾ,
പശിമപ്പെട്ട പാടങ്ങൾ,
പശു മേയും പറമ്പുകൾ
നാനാ പ്രകൃതി സൗന്ദര്യ
പ്രദർശന മണിക്കളം
കല്ലോല്ലാസത്തളം, വെല്വൂ
കേരളം ഭൂരിമംഗളം

## അഭ്യാസം

## I. അർത്ഥം കണ്ടെത്താം

| | | |
|---|---|---|
| മാൺപ് | മനോഹരം | മേളിച്ച |
| ആറ് | പൊയ്ക | വിചിത്രം |
| ശാഖി | വാടി | വെല്വൂ |

## II. സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തി എഴുതുക

1. ആറ് = ................................, ................................, ................................
2. കാട് = ................................, ................................, ................................
3. വൃക്ഷം = ................................, ................................, ................................



5 th_01_Malayalam.indd 3 7/22/2019 3:09:48 PM

## III. പാഠഭാഗത്തിൽ വരുന്ന മൃഗങ്ങളുടേയും വൃക്ഷങ്ങളുടെയും പേരെഴുതുക

| മൃഗങ്ങൾ | വൃക്ഷങ്ങൾ |
|---|---|
| | |

## IV. അർഥ സൂചിക

1. ആറ് = പുഴ
2. ഓളം = ചെറിയ തിര
3. തണ്ടാർ = താമരപ്പൂ
4. നൈതൽ = നെയ്യാമ്പൽ
5. പശിമപ്പെട്ട = നനവുള്ള
6. പൊയ്ക = ചെറുജലാശയം
7. ഭൂവ് = ഭൂമി
8. മനോഹരം = ഭംഗിയുള്ളത്
9. മാൺപ് = അഴക്
10. മാൺപിയന്ന = അഴകുള്ള
11. മേട് = ഉയർന്നസ്ഥലം
12. മേളിച്ച = കൂടിച്ചേർന്ന
13. വാടി = തോട്ടം
14. വിചിത്രം = അദ്ഭുതകരം
15. ശാഖി = വൃക്ഷം
16. വെല്വൂ = ജയിക്കുന്നു

## V. വിശേഷിപ്പിക്കാം

1. മനോഹരമായ കേരളം
2. ചന്തമുള്ള വീട്
3. ഉയരമുള്ള മരം
4. തുള്ളിയിട്ട മഴ

## VI. ചേരുംപടി ചേർക്കാം

| | | |
|---|---|---|
| 1. മലയാളം | - | പാടങ്ങൾ |
| 2. മേളിച്ച | - | ഭൂരിമംഗളം |
| 3. ഇടതിങ്ങിയ | - | കാടുകൾ |
| 4. പശിമപ്പെട്ട | - | മനോഹരം |
| 5. കേരളം | - | പൊയ്കകൾ |

## VII. കണ്ടെത്താം

കേരളം വളരുന്നു
പശ്ചിമഘട്ടങ്ങളെ
ക്കേറിയും കടന്നുചെ
ന്നന്യമാം രാജ്യങ്ങളിൽ

- പാലാനാരായണൻ നായർ

ജയ ജയ കോമള കേരള ധരണീ
ജയ ജയ മാമക പൂജിത ജനനീ
ജയ ജയ പാവനഭാരത ഹരിണീ
ജയ ജയ ധർമ്മ സമന്വയ രമണീ
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണീ

- ബോധേശ്വരൻ



5 th_01_Malayalam.indd 5 7/22/2019 3:09:48 PM

ഇതുപോലെ കേരളത്തെക്കുറിച്ച് ധാരാളം കവിതകളും ഗാനങ്ങളും നമ്മുടെ ഭാഷയിലുണ്ട്. അവ കണ്ടെത്താൻ ശ്രമിക്കുക. കണ്ടെത്തിയവ ക്ലാസിൽ അവതരിപ്പിക്കുക.

## VIII. മാതൃക നോക്കി ഉചിതമായ വിശേഷണം കണ്ടെത്തി എഴുതാം

ചന്തമുള്ള പൂവ്

1. ------------------ വെള്ളം
2. ------------------ ശരീരം
3. ------------------ മാങ്ങ
4. ------------------ അമ്മ

## IX. കവിത എഴുതാം

പൂവിലിരുന്നു പൂമ്പാറ്റ
പൂന്തേനുണ്ടു പൂമ്പാറ്റ
പൂവിതളായി പൂമ്പാറ്റ
പൂങ്കരളായി പൂമ്പാറ്റ

## X. എന്റെ കവിത എത്ര മനോഹരം



5 th_01_Malayalam.indd 6 7/22/2019 3:09:48 PM

## XI. ഉത്തരമെഴുതാം

1. ഭാരത ഭൂവിന്റെ എന്തായിട്ടാണ് മലയാളത്തെ കവി ഉപമിച്ചിരിക്കുന്നത്?
2. ഏതെല്ലാം മൃഗങ്ങളെ കൊണ്ടാണ് കാടുകൾ മേളിച്ചിരിക്കുന്നത്?
3. പൊയ്കകളിൽ എന്തെല്ലാമാണ് കാണുന്നത്?
4. തോപ്പുകളിൽ കാണുന്ന മരങ്ങൾ ഏവ?
5. പാടങ്ങൾ എങ്ങനെ കാണുന്നു?

## ഓർമ്മ പുതുക്കാം

### മലയാളം

-ഓ.എൻ.വി. കുറുപ്പ്

എത്ര സുന്ദരമെത്ര സുന്ദരമെന്റെ മലയാളം!
മുത്തുപവിഴങ്ങൾ കൊരുത്തൊരു
പൊന്നു നൂൽ പോലെ!
മണ്ണിൽ വീണു കുരുത്തു നെന്മണി
വിത്തു മുളപൊട്ടി
മിന്നു മീരില വീശിടും പോ
ലെത്രയീരടികൾ
മണ്ണിൽ വേർപ്പു വിതച്ചവർത
ന്നീണമായ് വന്നൂ!
അന്നു പാടിയ പാട്ടിലൂഞ്ഞാ
ലാടി മലയാളം
കൊഞ്ചലും കുറുമൊഴികളും പോയ്
കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരു വളർത്തിയ
കിളിമകൾ പാടീ
ദേവദൈത്യ മനുഷ്യവർഗ
മഹാചരിത്രങ്ങൾ
തേൻകിനിയും വാക്കിലോതി
വളർന്നു മലയാളം!
എത്ര സുന്ദരമെത്ര സുന്ദരമെന്റെ മലയാളം!
മുത്തു പവിഴങ്ങൾ കൊരുത്തൊരു
സ്വർണമാലിക പോൽ!





5 th_01_Malayalam.indd 7 7/22/2019 3:09:49 PM

ഗദ്യം

# 2 മുരളി കണ്ട കഥകളി

- പ്രൊഫ അമ്പലപ്പുഴ രാമവർമ്മ



സദസ്സ് തിങ്ങിനിറഞ്ഞിരുന്നു. ഇത്ര വലിയ ആൾക്കൂട്ടം ഉണ്ടായിരിക്കുമെന്ന് മുരളി വിചാരിച്ചിരുന്നില്ല. കലാപരിപാടികൾക്കു വേണ്ടി പ്രത്യേകം തയാറാക്കിയിരിക്കുന്ന രംഗമണ്ഡപം ഉയർന്നു മുന്നിൽ കാണുന്നു. അവിടെ ഒരു തട്ടു പന്തലും ഇട്ടിട്ടുണ്ട്. സ്റ്റേജിന്റെ മുൻപിലായി ഒരു വലിയ നിലവിളക്ക്. അതിന് ഏകദേശം മൂന്നു മൂന്നരയടി പൊക്കം വരും. അതിലെ ദീപനാളം പന്തം പോലെ പ്രകാശിക്കുന്ന സ്റ്റേജിനു മുകളിൽ മേളക്കാർ നിൽപ്പുണ്ട്. മദ്ദളവും ചേങ്ങിലയും ഇലത്താളവും ചേർന്നുള്ളമേളം തുടങ്ങിക്കഴിഞ്ഞു. ചെണ്ട എടുത്തിട്ടില്ല. എന്താ അച്ഛാ, ചെണ്ടക്കാരൻ വരാത്തത്? മുരളി അന്വേഷിച്ചു. ഈ കൊട്ടിന് ശുദ്ധമദ്ദളം എന്നാണു പറയുക. അരങ്ങിനെ കേളീയെന്നും കേളിക്കൈയെന്നും പറയും. അതിനു ചെണ്ട ഉപയോഗിക്കില്ല. അച്ഛൻ പറഞ്ഞു കൊടുത്തു. കുറേക്കഴിപ്പോൾ ഒരു തിരശ്ശീല കൊണ്ടുവന്ന് രണ്ടു പേർ ഓരോ അറ്റത്തുമായി പിടിച്ചു.

അകത്തു നിന്നു പാട്ടുകാരുടെ ആ ... എന്ന രാഗവിസ്താരവും ആരംഭിച്ചു. കളി തുടങ്ങാറായെന്നു മുരളിക്കു തോന്നി. നമുക്കു മുൻപിൽ പോയിരിക്കാം അവൻ പറഞ്ഞു. വരട്ടെ, ഇപ്പോഴേ പോയി ഇരുന്നാൽ മുഷിയും. പല ചടങ്ങുകളും ഇനി കഴിയാനുണ്ട്. എന്നിട്ടേ കഥയാരംഭിക്കയുള്ളൂ. ഇപ്പോൾ



5 th_01_Malayalam.indd 8 7/22/2019 3:09:52 PM

നമുക്ക് ഒരു വശം ചേർന്നു നില്ക്കാം. എന്നു പറഞ്ഞ് അച്ഛൻ മുരളിയെ മുൻപിൽ നിറുത്തി. താൻ പുറകിലായി നിന്നു. തിരശ്ശീലയ്ക്കുള്ളിൽ ഏതോ വേഷം വന്ന് ചുവടു വച്ച് അമർന്നു കളിക്കുന്നുണ്ട്. തിരശ്ശീല താഴ്ത്താത്തതെന്താണച്ഛാ. അവൻ ചോദിച്ചു. ഇപ്പോൾ താഴ്ത്തുകയില്ല. തോടയമാണ് ഈ ചടങ്ങ്. അച്ഛൻ പറഞ്ഞു. തോടയമോ?

അതെ, ഈശ്വരനെ പ്രാർഥിക്കയാണ്. ഏതു കാര്യവും തുടങ്ങുന്നത് ഈശ്വരസ്തുതിയോടു കൂടിയായിരിക്കണമെന്നാണ് പണ്ടത്തെ ആളുകളുടെ പക്ഷം. ഈ വേഷമെന്താ ചെയ്യുന്നേ?

കൊട്ടിനും പാട്ടിനും അനുസരിച്ച് ചില ചോടുകൾ വച്ച് താഴ്ന്നു കളിക്കയാണ്. മുരളി ആ തിരശ്ശീലയുടെ ഭംഗി നോക്കിക്കൊണ്ടു നിന്നു. അതിന്റെ നടുവിൽ മനോഹരമായ ഒരു താമരപ്പൂവ് നെയ്തു പിടി പ്പിച്ചിരിക്കുന്നു. പലതരം വർണ്ണങ്ങൾ ആ കർട്ടനു മോടി കൂട്ടുന്നുണ്ട്. കൂടാതെ അനവധി വിചിത്ര വേലകളും അതിൽ കാണാം.

തോടയം കഴിഞ്ഞു. ഗായകൻമാർ ഏതാനും ശ്ലോകങ്ങൾ നീട്ടിപ്പാടിത്തുടങ്ങി അതു വന്ദനശ്ലോകങ്ങളാണെന്ന് അച്ഛൻ മുരളിയെ ധരിപ്പിച്ചു. ഗണപതി, വിഷ്ണു, ശിവൻ, ഭഗവതി മുതലായവരെപ്പറ്റിയുള്ള സ്തുതികൾ അൽപ്പം കഴിഞ്ഞപ്പോൾ തിരശ്ശീലയ്ക്കു മുകളിൽ വട്ടത്തിലുള്ള ഒരു കിരീടത്തിന്റെ മുകൾഭാഗം കണ്ടു തുടങ്ങി.





5 th_01_Malayalam.indd 9 7/22/2019 3:09:53 PM

ഒരു വേഷം അകത്തു വന്നിട്ടുണ്ട്. കിരീടം അങ്ങോട്ടുമിങ്ങോട്ടും അനങ്ങുന്നു. തിരശ്ശീലയ്ക്കുള്ളിൽ നിന്നു കൊണ്ട് ആ വേഷം മേളക്കാരെയും പാട്ടുകാരെയും തൊട്ടു വന്ദിക്കയാണ് ചെണ്ടകൊട്ടും ഈ അവസരത്തിൽ കേട്ടു തുടങ്ങി. ദാ കിരീടത്തിനു മുകളിലായി വിസ്തൃതമായ ഒരു മേലാപ്പ് ശംഖുവിളിയും കേൾക്കുന്നു. മേളം തകർക്കുന്നു.

പെട്ടെന്നു തിരശ്ശീല താണു. രണ്ടു വേഷങ്ങൾ പ്രത്യക്ഷപ്പെട്ടു. ഒരു പുരുഷനും ഒരു സ്ത്രീയും നിറപ്പകിട്ടുകൊണ്ട് വിളങ്ങുന്ന കിരീടം, പച്ച നിറത്തിലുള്ള മുഖം കവിളിന്റെയും താടിയുടേയും അരികോടു ചേർത്ത് ഇരുവശങ്ങളിലും വെള്ളക്കടലാസു കൊണ്ട് ബ്രാക്കറ്റിന്റെ ആകൃതിയിൽ വച്ചുപിടിപ്പിച്ച ചുട്ടി. നീട്ടിക്കറുപ്പിച്ച പുരകക്കൊടികൾ, മഷി എഴുതിയ കണ്ണ്, നെറ്റിയിൽ ഒരു ഗോപി, പുഞ്ചിരി പൊഴിയുന്ന ചെഞ്ചുണ്ടുകൾ, ചെറിയ വൃത്തത്തിൽ തിളങ്ങുന്ന ചെവിപ്പൂവ്, തോട, കിരീടത്തിന്റെ രണ്ടു വശത്തും താഴ്ത്തിപ്പിടിച്ചിരിക്കുന്നു. ചെറിയ ആലവട്ടം, ധാരാളം മുത്തുമാലകളെ കൊണ്ടു ശോഭിക്കുന്ന കഴുത്ത്, രത്നാഭരണങ്ങൾ പ്രകാശിക്കുന്ന കൊഴലാരത്തോടു കൂടിയ മാറിടം, തോൾവള, കൈവള, വിരിഞ്ഞ പൂവിന്റെ ആകൃതിയിൽ രണ്ടറ്റത്തും കെട്ടിയിട്ട് അണിഞ്ഞിരിക്കുന്ന ഉത്തരീയങ്ങൾ, ചുവന്ന കുപ്പായം, കൈവിരലുകളിലെ വെള്ളി നഖങ്ങൾ, കാണാൻ നല്ല ചന്തമുള്ള ഉടുത്തു കെട്ട്. ഇവയെല്ലാം ചേർന്നതാണ് ആ പുരുഷവേഷം. സ്ത്രീവേഷം ഞൊറിഞ്ഞുടുത്ത് തലയിൽ സാരി ഇട്ടിരിക്കുകയാണ്. കൈപ്പത്തി വരെ ഇറങ്ങിക്കിടക്കുന്ന ചെങ്കുപ്പായം കഴുത്തിൽ നിറയെ ആഭരണങ്ങൾ. കൈവളകൾ. പുരുഷ വേഷം കൃഷ്ണമണികളെ താളത്തിനൊപ്പിച്ചു ചലിപ്പിച്ചു കൊണ്ട് പുഞ്ചിരിയോടു കൂടി നോക്കുന്നു. ആ നോട്ടം തന്റെ നേർക്കാണോ എന്നു മുരളിക്കു തോന്നി. അവൻ അത്ഭുതത്തിൽ മുഴുകി ഇതേതു വേഷമാണച്ഛാ അവൻ ചോദിച്ചു. ഇതാണ് പുറപ്പാടു വേഷം, ഇത്തരം പുരുഷ വേഷത്തിനു പച്ചയെന്നു പറയും.

"പച്ചയോ?" അതെ പച്ച തന്നെ നല്ല സ്വഭാവത്തോടു കൂടിയ കഥാപാത്രങ്ങളെല്ലാം പച്ച വേഷക്കാരാണ്.

"അതാരെക്കെയാണ്?" ധർമ്മപുത്രൻ, ശ്രീകൃഷ്ണൻ, നളൻ തുടങ്ങിയവരെ നീ കേട്ടിട്ടില്ലേ? അവരൊക്കെ പച്ച വേഷക്കാരാണ്.

പുറപ്പാടിലെ വേഷങ്ങൾ കഥയിലെ നായകനും നായികയും ആണെന്നാണു സങ്കൽപ്പം അവർക്കു പ്രത്യേകിച്ച് അഭിനയമൊന്നുമില്ല.

കുറേക്കഴിഞ്ഞു സ്ത്രീവേഷം പോയി പുരുഷ വേഷം കൈയും മെയ്യും കണ്ണും യോജിപ്പിച്ച് ഓരോരോ കലാശങ്ങൾ ചവിട്ടിത്തുടങ്ങി.



5 th_01_Malayalam.indd 10 7/22/2019 3:09:53 PM

താളമേളങ്ങൾക്കൊപ്പിച്ചുള്ള ആ നൃത്തം ഒരു പ്രത്യേക രീതിയിലുള്ളതായിരുന്നു. കാണാൻ കൗതുകമുണ്ട്. എങ്കിലും കുറെ നേരം അതു നോക്കിക്കൊണ്ടിരുന്നപ്പോഴേക്കും മുരളിക്കു മുഷിഞ്ഞു.

എന്താ അച്ഛാ കഥ തുടങ്ങാത്തത്? അവൻ അക്ഷമനായി ചോദിച്ചു



## എന്താണ് കഥകളി?

കഥകളി ഒരു രംഗകലയാണ്. പാട്ടിനും താളമേളങ്ങൾക്കും അനുസരിച്ചു കഥ അഭിനയിച്ചു കാണിക്കുന്ന കലയാണിത്. അംഗങ്ങൾകൊണ്ടു കാണിക്കുന്ന ചേഷ്ടകളായ ആംഗികാഭിനയം, വേഷഭൂഷകൾ കൊണ്ടുണ്ടാകുന്ന ആഹാര്യാഭിനയം, ഭാവങ്ങളിൽ നിന്നുണ്ടാകുന്ന സ്വാത്വികാഭിനയം, വാചികാഭിനയം എന്നിവ ചേർന്ന നടന കലയാണ് കഥകളി. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ആടുന്നതിനുള്ള കഥ എന്ന അർഥത്തിലാണ് ഈ പേരു പറയുന്നത്.

## അഭ്യാസം

### I. കണ്ടെത്തി എഴുതാം

1. കഥകളിയുടെ ആരംഭത്തിലുള്ള പ്രധാന ചടങ്ങുകൾ
2. കഥകളിയിലെ പച്ച വേഷത്തിന്റെ പ്രത്യേകതകൾ?
3. സ്ത്രീവേഷത്തെക്കുറിച്ച് പാഠഭാഗത്തു പറയുന്ന കാര്യങ്ങൾ?
4. കഥകളിയിൽ ഉപയോഗിക്കുന്ന തിരശ്ശീലയുടെ പ്രത്യേകതകൾ?



5 th_01_Malayalam.indd 11 7/22/2019 3:09:53 PM

## II. സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തി എഴുതുക

1. മനോഹരം = ......................................, ......................................, ......................................
2. പൂവ് = ......................................, ......................................, ......................................
3. കൈ = ......................................, ......................................, ......................................

## III. ഇതുപോലുള്ള പദങ്ങൾ പാഠത്തിനു പുറത്തു നിന്നു കണ്ടെത്തി എഴുതുക

1. സുഖദുഃഖങ്ങൾ
2. അച്ഛനും അമ്മയും
3. ......................................................
4. ......................................................

## IV. വാദ്യോപകരണങ്ങൾ ചിത്രം നോക്കി തിരിച്ചറിയാം








## V. ചിത്രം നിരീക്ഷിച്ച് എഴുതാം



## VI. കലാരൂപങ്ങളെ തിരിച്ചറിയൽ





5 th_01_Malayalam.indd 13 7/22/2019 3:10:05 PM

## VII. താഴെ കൊടുത്ത വാക്യങ്ങൾ ശ്രദ്ധിക്കൂ

അച്ഛൻ മുരളി വിളിച്ചു.

അച്ഛൻ മുരളിയെ വിളിച്ചു.

അച്ഛൻ മുരളി പറഞ്ഞു.

അച്ഛൻ മുരളിയോട് പറഞ്ഞു.

അച്ഛൻ മുരളി കൈപിടിച്ചു.

അച്ഛൻ മുരളിയുടെ കൈപിടിച്ചു.

അച്ഛനും മുരളിയും സദസ്സ് ഇരുന്നു.

അച്ഛനും മുരളിയും സദസ്സിൽ ഇരുന്നു.

## VIII. മാതൃക നോക്കി എഴുതാം

1. ജമീല വഴിയിൽ വച്ച് ........................................ കണ്ടു (ഗിരിജ)
2. മേരി ........................................ ചോദിച്ചു (അമ്മ)
3. ........................................ കണ്ണു നിറഞ്ഞു (രാധിക)
4. ആരതി ........................................ കയറി ജനൽ തുറന്നു (മുറി)
5. ........................................ പുസ്തകം വായിച്ചു (നളിനി)

കഥ 3

# വിഡ്ഢിവേഷം കെട്ടിയ രാജാവ്



പല നൂറ്റാണ്ടുകൾക്കു മുമ്പ് ഒരു രാജ്യത്ത് ഒരു രാജാവുണ്ടായിരുന്നു. വസ്ത്രാലങ്കാരങ്ങളിൽ മുഴുത്ത കമ്പമായിരുന്നു അദ്ദേഹത്തിന്. വിലപിടിച്ച മേൽത്തരം വസ്ത്രങ്ങൾ എപ്പോഴും ധരിക്കണം. അവ മണിക്കൂർതോറും മാറിക്കൊണ്ടിരിക്കണം. തന്റെ വേഷപ്പകിട്ടുകൾ പ്രദർശിപ്പിച്ച് പ്രജകളെ അത്ഭുതപ്പെടുത്താനായി കൂടക്കൂടെ കൊട്ടാരത്തിനു പുറത്തു സഞ്ചരിക്കണം. കൊട്ടാരത്തിലുള്ളപ്പോൾ അണിയറയിൽ പലതരം വസ്ത്രങ്ങളിൽ ഉടുത്തൊരുങ്ങി നിലക്കണ്ണാടിയിൽ നോക്കി രസിച്ചങ്ങനെ ഇരിക്കുകയാണ് പതിവ്. മറ്റു കാര്യങ്ങളിലൊന്നും അദ്ദേഹത്തിനു ശ്രദ്ധയും ഉത്സാഹവും ഉണ്ടായിരുന്നില്ല.

ഒരിക്കൽ രണ്ടുപേർ അദ്ദേഹത്തെ മുഖം കാണിച്ചു. സങ്കൽപിക്കാൻ പോലുമാവാത്ത വിധം മേനിയുള്ള വസ്ത്രങ്ങൾ നെയ്യുന്ന നെയ്ത്തുകാരാണു തങ്ങളെന്ന് അവർ സ്വയം പരിചയപ്പെടുത്തി പക്ഷേ അവർ നെയ്തുണ്ടാക്കുന്ന വസ്ത്രങ്ങൾ ബുദ്ധിഹീനൻമാർക്കും കൊള്ളരുതാത്തവർക്കും കാണാൻ പറ്റില്ലത്രേ!



5 th_01_Malayalam.indd 15 7/22/2019 3:10:05 PM

രാജാവിന് ആ സന്ദർശനം നന്നേ ഇഷ്ടപ്പെട്ടു. ഒരു വെടിക്കു രണ്ടു പക്ഷി! ഏറ്റവും മഹത്തായ വസ്ത്രങ്ങൾ ധരിക്കാൻ കിട്ടിയ അവസരം തന്റെ ഉദ്യോഗസ്ഥൻമാരിൽ ബുദ്ധിയുള്ളവരെയും മൂഢന്മാരെയും തിരിച്ചറിയാൻ നല്ലൊരു മാർഗ്ഗം നെയ്ത്തിന്റെ പ്രാരംഭച്ചെലവുകൾക്കു വമ്പിച്ച ഒരു തുക ഉടൻ തന്നെ അനുവദിച്ചു. നെയ്ത്തു തുടങ്ങാൻ രാജാവിന്റെ കല്പനയായി.

ഏറ്റവും വിലപിടിച്ച പട്ടുനൂലും കസവും നെയ്ത്തുകാർ ആവശ്യപ്പെട്ടു. രാജാജ്ഞയല്ലേ? ചോദിക്കാത്ത താമസം എല്ലാ സാധനങ്ങളും ലഭിച്ചു. പക്ഷേ ലഭിച്ചതെല്ലാം നെയ്ത്തുകാർ സ്വന്തമാക്കി ഒളിച്ചുവച്ചു. അവർ രണ്ടു തറികൾ ഒരുക്കി. അതിൽ നെയ്ത്തു നടക്കുന്നതായി ഭാവിക്കുക മാത്രം ചെയ്തു.

കുറെ ദിവസം അങ്ങനെ കഴിഞ്ഞു. നെയ്ത്തു നേരിട്ടു കണ്ട് അഭിപ്രായം അറിയിക്കണമെന്ന് രാജാവ് മന്ത്രിയോട് ആജ്ഞാപിച്ചു. നെയ്ത്തുശാലയിൽ ചെന്നു നോക്കിയ മന്ത്രിക്ക് യാതൊന്നും കാണാൻ കഴിഞ്ഞില്ല. കുറെക്കൂടി അടുത്ത്ചെന്ന് തറിയിൽ സൂക്ഷിച്ചുനോക്കാൻ മന്ത്രിയോട് നെയ്ത്തുകാർ അപേക്ഷിച്ചു. മന്ത്രി അപ്രകാരം ചെയ്തു തങ്ങൾ നെയ്യുന്ന വസ്ത്രങ്ങളുടെ കരകൾക്കും അവയുടെ നിറത്തിനും ഭംഗിയുണ്ടോ എന്ന് നെയ്ത്തുകാർ ചോദിച്ചു.

ഹാ! എത്ര സുന്ദരമായിരിക്കുന്നു ആ കരകളും, നിറങ്ങളും! എനിക്ക് ഈ വിവരം ഉടൻതന്നെ തിരുമേനിയെ അറിയിക്കണം. മന്ത്രി ഉടൻ തന്നെ രാജാവിനെ വിവരം അറിയിക്കുകയും ചെയ്തു. സന്തുഷ്ടനായ രാജാവ് വീണ്ടും പണവും കസവും പട്ടുനൂലും നെയ്ത്തുകാർക്ക് നൽകാൻ ഉത്തരവിട്ടു.

ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ ജോലിയുടെ പുരോഗതി അറിയാൻ രാജാവ് മറ്റൊരു ഉദ്യോഗസ്ഥനെ നിയോഗിച്ചു. അയാളുടെ അനുഭവവും വിചാരഗതിയും മന്ത്രിക്കുണ്ടായതു പോലെ തന്നെയായിരുന്നു. നെയ്ത്തുകാരുടെ പ്രവൃത്തിയെപ്പറ്റി മികച്ച അഭിനന്ദനം അയാളും രാജസമക്ഷം സമർപ്പിച്ചു.

പുതുതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന വിലയേറിയ വസ്ത്രങ്ങളെപ്പറ്റി തന്റെ മന്ത്രിയും മറ്റൊരു ഉദ്യോഗസ്ഥനും പുകഴ്ത്തിപ്പറഞ്ഞു കേട്ടപ്പോൾ മുതൽ രാജാവിന് എന്തെന്നില്ലാത്ത ഉത്സാഹമായി നെയ്ത്തുകാരെ നേരിട്ടു സന്ദർശിക്കാൻ അദ്ദേഹം നിശ്ചയിച്ചു. സന്ദർശനവേളയിൽ പല ഉദ്യോഗസ്ഥൻമാരും അകമ്പടി സേവിച്ചു. നെയ്ത്തുശാലയിൽ കയറിയപ്പോൾ തന്നെ രണ്ടുദ്യോഗസ്ഥൻമാർ ഇങ്ങനെ പറഞ്ഞു.



5 th_01_Malayalam.indd 16 7/22/2019 3:10:05 PM

എത്ര മനോഹരമാണ് ആ വസ്ത്രങ്ങൾ! തിരുമേനി കുറെക്കൂടി അടുത്തുചെന്ന് ആ സൗന്ദര്യം ആസ്വദിച്ചാലും! രാജാവ് തറിക്കടുത്തെത്തി. കുറെ നേരം അദ്ദേഹം തുറിച്ചുനോക്കിക്കൊണ്ടു നിരന്തരം ചിന്തയിലാണ്ടു.

ഇതെന്തു വിചിത്രം! ഒന്നുമേ കാണുന്നില്ല മുന്നിൽ കാണാൻ സാധിക്കാത്തത് ഞാൻ ബുദ്ധിഹീനനായതു കൊണ്ടായിരിക്കുമോ അങ്ങനെ വന്നു കൂടായ്കയില്ല പക്ഷേ മടയനാണെന്നു വരുത്തുക ഞാൻ രാജാവായിരിക്കാൻ യോഗ്യന ല്ലെന്നു സമ്മതിക്കുകയല്ലേ? അതെത്ര കഷ്ടം! ഒരിക്കലും അതു പാടില്ല. ഇപ്രകാരം ചിന്താകുലനായ രാജാവ് ഒന്നും സംസാരിക്കാൻ ശക്തനായില്ല. താൻ സംതൃപ്തനാണെന്ന മട്ടിൽ തല കുലുക്കുക മാത്രം ചെയ്തു. തറിയിൽ ഒന്നും കണ്ടില്ലെങ്കിലും അകമ്പടിക്കാരും സംതൃപ്തിയേ പ്രകാശിപ്പിച്ചുള്ളൂ. താമസിയാതെ നടക്കാൻ പോകുന്ന രാജകീയഘോഷയാത്രയിൽ ഈ പുതു വസ്ത്രങ്ങൾ ധരിക്കണമെന്ന് അവർ രാജാവിനോട് അഭ്യർത്ഥിച്ചു.

ഘോഷയാത്രയുടെ തലേന്നാൾ രാത്രി രണ്ടു നെയ്ത്തുകാരും ഉറങ്ങാതിരുന്ന്, സദാസമയവും പണിയെടുക്കുന്നതായി നടിച്ചു. പിറ്റേദിവസം അവർ രാജസന്നിധിയിൽ പ്രവേശിച്ചു. എന്തോ കൈയിൽ പിടിച്ചിരിക്കുന്നു എന്നു ഭാവിച്ചു കൊണ്ട് അവർ പറഞ്ഞു തുടങ്ങി. കാണാൻ കഴിയാത്ത തരത്തിൽ നേരിയ താണു തിരുമേനീ, ഈ വസ്ത്രങ്ങൾ കാണാൻ ശ്രേഷ്ഠതയും സൗന്ദര്യവും തിരുമേനി അണിഞ്ഞിരിക്കുന്ന വസ്ത്രങ്ങൾ അഴിച്ചു മാറ്റിയാലും. ഈ മനോഹരമായ ഉടയാടകൾ ഓരോന്നായി ഞങ്ങൾ തിരുമേനിയുടെ ദേഹത്തു ചാർത്തട്ടെ.

ഒരു കണ്ണാടിയുടെ മുമ്പിൽ നിൽക്കുകയായിരുന്നു രാജാവ്. അദ്ദേഹം താൻ ധരിച്ചിരുന്ന വസ്ത്രങ്ങൾ അഴിച്ചുമാറ്റി. നെയ്ത്തുകാർ സശ്രദ്ധം അദ്ദേഹത്തെ പുതു വസ്ത്രങ്ങൾ അണിയിക്കുന്നതായി നടിച്ചു. നോക്കി നിന്നവർ ആ വസ്ത്രങ്ങളുടെ മാഹാത്മ്യത്തെ വർണ്ണിക്കുകയുണ്ടായി.

ഘോഷയാത്ര പുറപ്പെടാറായി. രാജാവ് ഒരിക്കൽക്കൂടി നിലക്കണ്ണാടിയുടെ മുമ്പിൽ ചെന്നു നിന്ന് തന്റെ വേഷം ഒന്നു നോക്കിക്കണ്ടു. അനന്തരം കാൽന ടയായി ഘോഷയാത്ര നയിച്ചു. രാജവീഥിയുടെ ഇരുപാർശ്വങ്ങളിലും തിങ്ങി നിന്ന പ്രജകൾ രാജാവിന്റെ പുതുവേഷത്തെ പ്രശംസിച്ചു. ഒരു ചെറിയ കുട്ടി മാത്രം "രാജാവിതാ ഉടുമുണ്ടില്ലാതെ നടക്കുന്നേ"! എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ആ വിളി കേട്ടവരെല്ലാം അത് ഏറ്റു പാടി.



5 th_01_Malayalam.indd 17 7/22/2019 3:10:05 PM

രാജാവ് വിഷമത്തിലായി. ജനങ്ങൾ വിളിച്ചു പറഞ്ഞത് ശരിയാണെന്ന് അദ്ദേഹത്തിനും തോന്നി. എങ്കിലും ഏതായാലും ഘോഷയാത്ര തുടങ്ങിപ്പോയല്ലോ ആ സ്ഥിതിക്ക് അതു തുടരട്ടെ, എന്നാണ് അദ്ദേഹം കല്പിച്ചത്.

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| രാജാവ് | വസ്ത്രാലങ്കാരം | കൊട്ടാരം | നിലക്കണ്ണാടി |
| ഉത്സാഹം | നെയ്ത്തുകാരൻ | ബുദ്ധിഹീനൻ | സന്ദർശനം |
| ഉദ്യോഗസ്ഥൻ | കല്പന | പുരോഗതി | സംതൃപ്തൻ |
| ഘോഷയാത്ര | രാജസന്നിതി | | |

### II. ഒറ്റവാക്കർത്ഥം എഴുതാം

1. കമ്പം = പ്രിയം
2. പുരോഗതി = മുന്നേറ്റം
3. ഉടയാട = വസ്ത്രം
4. ദേഹം = ശരീരം
5. അനന്തരം = പിന്നീട്
6. ഇരുപാർശ്വം = ഇരുവശം
7. പ്രജകൾ = ജനങ്ങൾ

### III. പിരിച്ചെഴുതുക

1.കമ്പമായിരുന്നു = ________ + ________

2.വേഷപ്പകിട്ടുകൾ = ________ + ________

3.നിലക്കണ്ണാടി = ________ + ________

4.പുകഴ്ത്തിപ്പറഞ്ഞു = ________ + ________

5.ചിന്തയിലാണ്ടു = ________ + ________

## IV. ചേർത്തെഴുതുക

1. വർണ്ണിക്കുക + ആയി = ..........................................
2. ഉട + ആടകൾ = ..........................................
3. പണി + എടുക്കുന്നതിനായി = ..........................................
4. ചിന്തയിൽ + ആണ്ടു = ..........................................
5. സുന്ദരം + ആയിരിക്കുന്നു = ..........................................

## V. പൂരിപ്പിക്കുക

1. മഹാരാജാവിന് ........................... നോട് കമ്പമായിരുന്നു.
2. ഒരിക്കൽ രണ്ടു് ........................... രാജാവിനെ മുഖം കാണിച്ചു.
3. ഏറ്റവും വില പിടിപ്പുള്ള ............................ , ............................ നെയ്ത്തുകാർ ആവശ്യപ്പെട്ടു.
4. ഹാ! എത്ര ........................... ആ കരകളും, നിറങ്ങളും.
5. രാജാവ് പലവട്ടം ........................... മുമ്പിൽ ചെന്നു നിന്നു.

## VI. ഉത്തരമെഴുതുക

1. രാജാവ് രാജ്യകാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയാത്തത് എന്തുകൊണ്ട്?
2. നെയ്തുണ്ടാകുന്ന വസ്ത്രങ്ങൾ ആർക്കാണ് കാണാൻ സാധിക്കാത്തത്?
3. നെയ്ത്തുശാല സന്ദർശിച്ച രാജാവിനോട് ഉദ്യോഗസ്ഥർ പറഞ്ഞതെന്ത്?
4. ഒരു ചെറിയ കുട്ടി മാത്രം എന്താണ് വിളിച്ചു കൂവിയത്?



5 th_01_Malayalam.indd 19 7/22/2019 3:10:05 PM

## ഭാഗം 2 ആവണിപ്പാടം



### പഠന ലക്ഷ്യങ്ങൾ

- കൃഷിയും സംസ്കാരവും ജീവിതത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് ഉണ്ടാക്കൽ
- നഷ്ടമായ ചില ആചാരനുഷ്ഠാനങ്ങൾ വീണ്ടെടുക്കൽ
- ഒരുമയുടേയും സ്നേഹത്തിന്റെയും ബാലപാഠങ്ങൾ പഠിക്കൽ

### പാഠഭാഗങ്ങൾ

**കവിത** : കൊയ്ത്തു കഴിഞ്ഞ് - വൈലോപ്പിള്ളി ശ്രീധരമേനോൻ

**ഗദ്യം** : പത്തായം - മുരളീധരൻ തഴക്കര

**കഥ** : കഞ്ഞിയും കറിയും - എസ്. ശ്രീകുമാർ



5 th_02_Malayalam.indd 20 7/22/2019 3:10:38 PM

## കവിത 4 കൊയ്ത്തു കഴിഞ്ഞ്

– വൈലോപ്പിള്ളി ശ്രീധരമേനോൻ



അകലെസ് സായം സന്ധ്യാ കാന്തിയാലാകാശത്തും
മകരപ്പാടങ്ങളാൽ മന്നിലും പൊന്നിൻ നിറം
ഉദ്യമിക്കുന്നൂ ശരത് മേഘങ്ങൾ മുകളിലും,
കൊയ്ത്തുകാരുടെ ശുദ്ര രൂപങ്ങൾ ചുവട്ടിലും

ആശകൾ പോലെ നീണ്ടുപിണയും വരമ്പത്തൂ -
ടാവതും ചുരുട്ടേന്തിപ്പോകയാം പണിയാളർ
സ്വച്ഛമായ് നിവരുന്ന പള്ളിയിൽ നിന്നും പൊങ്ങു
മുച്ചലന്മണിനാദം നേർത്തു നേർത്തടങ്ങുന്നു

ധ്യാനനിശ്ചലം നിൽപൂ ദൂരത്തു തീരത്തെങ്ങു
മാനത കേരങ്ങളും ഗ്രാമീണ ഗൃഹങ്ങളും
പറയും നേരം കൊണ്ടീപ്പൊൻ വെയിൽ മങ്ങിപ്പോയി
മറ നെയ്യുന്നു മഞ്ഞാലിരുളാൽ, ദിഗന്തങ്ങൾ

കറ്റ നീയേറ്റിക്കൊൾക കൂട്ടുകാരത്തീ, നിന്റെ
കെട്ടു നീയെടുത്താലും, എന്റേതു ഞാനും പേറാം
പോകേണ മേറെദ്ദൂരം നേർത്തൊരീ വരമ്പിലൂ
ടേ കൈകരായിപ്പോണം ഞാൻ മുമ്പിൽ നടന്നേക്കാം.



5 th_02_Malayalam.indd 21 7/22/2019 3:10:39 PM

ഏറ്റവും തളർച്ചയുണ്ടെനിക്കിപ്പൊഴിയെച്ചിൽ
ച്ചോറ്റുപാത്രം കൂടിയും പേറുവാൻ പ്രയാസമായ്
ഇല്ലൊരു വെട്ടം പോലു മീമിന്നാമിനുങ്ങിന്റെ
ചെല്ലമാം പൊരികളും ചീവീടിൻ കരച്ചിലും.

കേവലനാരോ പാടിപ്പോകയാം വിദൂരത്തിൽ
നീ വിതച്ചതു നീതാൻ കൊയ്യും മെന്നൊരു ഗാനം
വിതച്ചതാരാണെന്നു മോർമയില്ലെനിക്കെന്നാൽ
മികച്ച കൊയ്ത്തിൻ ഭാരമെൻ തല തളർത്തുന്നു.

## അഭ്യാസം

## I. പദപരിചയം

| | | | |
|---|---|---|---|
| സായംസന്ധ്യ | ആകാശം | മകരപ്പാടം | മേഘങ്ങൾ |
| ശുഭ്രരൂപം | ആശകൾ | പണിയാളർ | മണിനാദം |
| ധ്യാനനിശ്ചലം | ചീവീട് | ദിഗന്തങ്ങൾ | ഗൃഹങ്ങൾ |
| ചോറ്റുപാത്രം | മിന്നാമിനുങ്ങ് | കേരങ്ങൾ | തളർത്തുന്നു |

## II. യോജിപ്പിക്കുക

| | | |
|---|---|---|
| 1. മകരപ്പാടങ്ങളാൽ | - | ദിഗന്തങ്ങൾ |
| 2. കൊയ്ത്തുകാരുടെ | - | നീ താൻ കൊയ്യും |
| 3. പള്ളിയിൽ നിന്നു പൊങ്ങും | - | ശുഭ്ര രൂപങ്ങൾ |
| 4. മറ നെയ്യുന്നു | - | ഉച്ചലമണിനാദം |
| 5. നീ വിതച്ചതു | - | മന്നിലും പൊന്നിൻ നിറം |

## III. അർത്ഥമെഴുതുക

1.. കാന്തി = ചന്തം
2. സായംസന്ധ്യ = വൈകുന്നേരം
3. പാടം = വയൽ



5 th_02_Malayalam.indd 22 7/22/2019 3:10:39 PM

4. ശുഭ്രം = വെളുപ്പ്
5. ഗൃഹം = വീട്
6. ദിഗന്തം = ദിക്ക്

## IV. പര്യായപദം എഴുതുക

1. ആകാശം = ......................................, ......................................, ......................................
2. പൊന്ന് = ......................................, ......................................, ......................................
3. ഗൃഹം = ......................................, ......................................, ......................................
4. തല = ......................................, ......................................, ......................................

## V. ഉത്തരമെഴുതുക

1. കവി സന്ധ്യാസമയത്തെ എങ്ങനെയെല്ലാം വർണ്ണിച്ചിരിക്കുന്നു?
2. ദിഗന്തങ്ങൾ മറനെയ്തതെങ്ങനെ?
3. കൊയ്ത്തു കഴിഞ്ഞ് മടങ്ങുന്നവരുടെ അവസ്ഥയെ കവി കാട്ടിത്തരുന്ന വരികളേത്?
4. വിദൂരത്തിൽ ആരോ പാടിപ്പോയതെന്ത്?
5. തല തളരുന്നത് എന്തു കൊണ്ടെന്നാണ് കവി സൂചിപ്പിക്കുന്നത്?

## ഓണച്ചന്തം

-എൻ.വി. കൃഷ്ണവാരിയർ

ഒരു ചെടിയും നട്ടുവളർത്തീ
ലോണപ്പൂവെങ്ങനെ നുള്ളാൻ
ഒരു വയലും പൂട്ടി വിതച്ചീ
ലോണച്ചോറെങ്ങനെയുണ്ണാൻ?
ഒരു വാഴക്കന്നും നട്ടീ
ലോണപ്പഴമെങ്ങനെ തിന്നാൻ?
ഒരു കഴിനൂൽ പോലും നൂറ്റി
ലോണത്തുണിയെങ്ങനെയണിയാൻ?



5 th_02_Malayalam.indd 23 7/22/2019 3:10:39 PM

ഗദ്യം

# 5 പത്തായം

– മുരളീധരൻ തഴക്കര



**പത്തായം പെറും ചക്കി കുത്തും**

**അമ്മ വയ്ക്കും ഉണ്ണി ഉണ്ണും**

നമ്മുടെ നാട്ടിൽ സാർവത്രികമായി കേട്ടു വരുന്ന ഒരു മെയ്യനങ്ങാതെ അതായത് അല്പം പോലും അധ്വാനിക്കാതെ മൃഷ്ടാന്നം കഴിച്ച് സുഖിമാന് മാരായി ജീവിക്കുന്നവരെ കുറിച്ചാണ് പൊതുവേ ഇങ്ങനെ പറയുന്നത് പഴയ കർഷക കുടുംബങ്ങളിൽ പല വലിപ്പത്തിലുള്ള പത്തായങ്ങളുണ്ടായിരുന്നു. ധാന്യങ്ങൾ പ്രത്യേകിച്ച് നെല്ലും വിത്തും സംഭരിച്ച് സൂക്ഷിക്കുവാനാണ് ഈ പത്തായങ്ങൾ ഉപയോഗിച്ചിരുന്നത്. വിത്തുവകകൾ മാത്രമല്ല നമ്മുടെ പൂർവികർ അവരുടെ സമ്പാദ്യങ്ങളും സൂക്ഷിക്കുന്നത് പത്തായത്തിലാണ് വില പിടിപ്പുള്ളതെന്തും കിഴികെട്ടിയും കുടുക്കയിലാക്കിയും പത്തായത്തിൽ സൂക്ഷിക്കുന്ന രീതിയാണുണ്ടായിരുന്നത്.



5 th_02_Malayalam.indd 24 7/22/2019 3:10:39 PM

## ഇരുമുറി പത്തായത്തിൽ

## ഒരു മുറി വിത്തിന്

കൃഷിയുടെ പ്രാധാന്യം തന്നെയാണ് ഈ ചൊല്ലിന്റെയും സാംഗത്യം. പ്ലാവിന്റെ തടിയാണ് പത്തായം പണിയുന്നതിന് പ്രധാനമായും ഉപയോഗിച്ചിരുന്നത്. പത്തായത്തിന്റെ മുകളിൽത്തന്നെ പായ വിരിച്ച് കിടക്കുകയും ചെയ്യുമായിരുന്നു. വിളവെടുപ്പിനു ശേഷം നെല്ലും മറ്റു ധാന്യങ്ങളും അടുത്ത കൃഷിക്കാലം വരെ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള സംഭരണികളാണിവ നെൽകൃഷി നാമാവശേഷമായതോടെ പത്തായങ്ങളുടെ ആവശ്യകതയെയും ഇല്ലാതെയായി. വീടിനകത്തുള്ള സ്ഥലം നഷ്ടപ്പെടുത്തുന്ന ഉപയോഗമില്ലാത്ത ഒന്നായി ഇന്ന് ഇവ മാറിയിരിക്കുന്നു. വളരെക്കാലമായി യാതൊരു ഉപയോഗവുമില്ലാതെ ഇരിക്കുന്നതിനാൽ പത്തായങ്ങൾ മിക്കപ്പോഴും പാറ്റയുടെയും എലിയുടെയും മറ്റും സങ്കേതങ്ങളായി മാറിയിരിക്കുകയാവും. ഇതു പൊളിച്ചാൽ കിട്ടുന്ന തടി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണ് പലരും ചെയ്യുന്നത്.

വലിയ പത്തായങ്ങളും പത്തായപ്പുരകളുമൊക്കെ ഗതകാല സമൃദ്ധിയുടെ പ്രതീകങ്ങളായിരുന്നു. പത്തായങ്ങൾ പണിയുന്നത് ഏറെ ചാതുര്യമുള്ള ആശാരിമാരും അക്കാലത്ത് വേണ്ടത്രയുണ്ടായിരുന്നു. മാത്രമല്ല തടിയും സുലഭമായിരുന്നു. ഇന്നത്തെ കാലത്ത് ഒരു നല്ല പത്തായം ഉണ്ടാക്കുക എന്നതു തന്നെ ഏറെ അധ്വാനവും പണച്ചെലവുമുള്ള കാര്യമാണ്. അധികരിച്ച ജോലിക്കൂലി, തടിവില എന്നിവയെല്ലാം നോക്കുമ്പോൾ പത്തായം പണിയിക്കുവാൻ ഇന്നാരും തന്നെ തയ്യാറാകില്ല. മാത്രമല്ല നെൽകൃഷി നാമാവശേഷമായതോടെ പത്തായത്തിന്റെ ആവശ്യകത തന്നെ ഇല്ലാതെയുമായി.

പറഞ്ഞുപതിഞ്ഞ ചൊല്ല് ഇനി നമുക്ക് തിരുത്താം. പത്തായം പെറുന്നില്ല. ചക്കി കുത്തുന്നില്ല. പകരം അമ്മ വയ്ക്കുന്നതും നമ്മളുണ്ണുന്നതും ആന്ധ്രയിലെയും പഞ്ചാബിലെയും ഹരിയാനയിലെയും കൃഷിക്കാർ വിളയിച്ചെടുക്കുന്ന അരിയാകുമ്പോൾ, നമ്മുടെ പത്തായങ്ങളെന്തിന്? ഏറെ സജീവമായിരുന്ന ഒരു കാർഷിക സംസ്കൃതിയുടെ തിരുശേഷിപ്പായി ചില വീടുകളിലെങ്കിലും ഇപ്പോഴും ശൂന്യമായ പത്തായങ്ങൾ കാണാം.



5 th_02_Malayalam.indd 25 7/22/2019 3:10:39 PM

## പാടി രസിക്കാം



**ഓണം വന്നു** -കരിക്കം ശ്രീകുമാർ

ഓണം വന്നു നമ്മുടെ വീട്ടിൽ
മാവിൻ കൊമ്പിലൊരുഞ്ഞാലായ്
ഓണപ്പാട്ടുകൾ പാടീടാൻ
വാനംമുട്ടെ ആടീടാൻ
ഓണം വന്നു നമ്മുടെ വീട്ടിൽ
തിരുമുറ്റത്തൊരു പൂക്കളമായ്
പിുക്കളടുക്കി രസിച്ചീടാൻ
ഓണത്തപ്പനെ വരവേൽക്കാൻ
ഓണം വന്നു നമ്മുടെ നാട്ടിൽ
മൈതാനത്തിലൊരുത്സവമായി
ഓണപ്പന്തുകളിച്ചീടാൻ
ഓണത്തുമ്പികളാടീടാൻ



5 th_02_Malayalam.indd 26 7/22/2019 3:10:40 PM

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| പത്തായം | സാർവത്രികം | മൃഷ്ടാന്നം | ധാന്യങ്ങൾ |
| സാംഗത്യം | സംഭരണി | നാമാവശേഷം | പഞ്ചാബ് |
| ഹരിയാന | കുടുംബം | പ്രാധാന്യം | സംഭരണി. |

### II. അർത്ഥമെഴുതുക

1. പത്തായം = ധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഉപകരണം
2. സംഭരിക്കുക = ശേഖരിക്കുക
3. സങ്കേതം = ഉറവിടം
4. ചാതുര്യം = കഴിവ്
5. സാംഗത്യം = പ്രാധാന്യം

### III. പിരിച്ചെഴുതുക

1. മെയ്യനങ്ങാതെ = .................................... + ....................................
2. വലിപ്പത്തിലുള്ള = .................................... + ....................................
3. പത്തായത്തിലാണ് = .................................... + ....................................
4. കുടുക്കയിലാക്കിയും = .................................... + ....................................
5. വീടിനകത്തുള്ള = .................................... + ....................................

### IV. ചേർത്തെഴുതുക

1. കൃഷി + കാലം = ....................................
2. പത്തായം + പുര = ....................................
3. ജോലി + കൂലി = ....................................
4. വളരെ + കാലം = ....................................



5 th_02_Malayalam.indd 27 7/22/2019 3:10:40 PM

## V. പൂരിപ്പിക്കുക

1. പണ്ടുകാലത്ത് ധാന്യങ്ങൾ സൂക്ഷിക്കാനുള്ള സ്ഥലം ................................................ ആയിരുന്നു.
2. നമ്മുടെ പൂർവികർ അവരുടെ ................................................ സൂക്ഷിക്കുന്നത് പത്തായത്തിലാണ്.
3. ................................................ മരത്തിന്റെ തടിയാണ് പത്തായം പണിയാൻ പ്രധാന മായും ഉപയോഗിക്കുന്നത്.
4. വലിയ പത്തായങ്ങളും പത്തായപ്പുരകളുമൊക്കെ ................................................ പ്രതീകങ്ങളായിരുന്നു.
5. ഇന്ന് ഒരു പത്തായം ഉണ്ടാക്കുക എന്നത് ................................................ കാര്യമാണ്.

## VI. ഉത്തരമെഴുതുക

1. പത്തായങ്ങൾ എന്തിനെല്ലാം ഉപയോഗിച്ചിരുന്നു?
2. പത്തായങ്ങൾ നാമാവശേഷമാകാൻ കാരണമെന്ത്?
3. ഇന്ന് ആരും പത്തായങ്ങൾ പണിയുന്നില്ല കാരണമെന്ത്?
4. പത്തായങ്ങൾ കണ്ടിട്ടില്ലാത്തവർ കാണാൻ ശ്രമിക്കുക.





5 th_02_Malayalam.indd 28 7/22/2019 3:10:40 PM

## കഥ 6 കഞ്ഞിയും കറിയും

– എസ്. ശ്രീകുമാർ



തന്നോട് കൊണ്ടുവരാൻ ചുമതലപ്പെടുത്തിയ വലിയൊരു പാത്രവുമായി പടർന്നു പന്തലിച്ചു നിൽക്കുന്ന മാവിൻ ചുവട് ലക്ഷ്യമാക്കി ഓടുകയാണ് റഹീം. എല്ലാവരും എത്തിയിട്ടുണ്ടാവും, അവൻ മനസ്സിൽ കരുതി. പാത്രവും തൂക്കി ഓടുക എന്നത് അതിലും വലിയ കഷ്ടം.

കൊല്ലപ്പരീക്ഷ ഇന്നലെ തീർന്നിട്ടേയുള്ളൂ. വേനലവധിയ്ക്കു എല്ലാവരും എപ്പോഴും കളിക്കാറുള്ള മാവിൻ ചുവട്ടിൽ ഒത്തുകൂടണമെന്ന് നേരത്തെ തീരുമാനിച്ചതാണ്. അപ്രകാരമാണ് റഹീം കുറച്ചകലെയായ വീട്ടിൽ നിന്ന് ഓടാൻ തുടങ്ങിയത്. ഇത്തവണ ഒത്തു ചേരുന്നത് കളിക്കാൻ മാത്രമല്ല. കാര്യവുമുണ്ട്. എന്താണെന്നല്ലേ? കഞ്ഞിയും കറിയും വയ്ക്കൽ. കേൾക്കുമ്പോൾ നല്ല രസം തോന്നുന്നു അല്ലേ? അതേ! ഞങ്ങൾ എട്ടുപേർ ചേർന്ന് കഞ്ഞിയും കറിയും വയ്ക്കുന്നു. വേനലവധിയ്ക്കു സാധാരണയായി കുട്ടികളെല്ലാവരും ബന്ധു വീടുകളിൽ പോകാറുണ്ട്. പക്ഷേ ഇത്തവണ ആരും പോയില്ല.

ക്ലാസിലെ ലീഡറാണ് സിന്ധുമോൾ. വളരെ നല്ല കുട്ടി. സുഹൃത്തുക്കൾ എന്നാൽ അവൾക്ക് ജീവനാണ്. സിന്ധുമോൾക്ക് അച്ഛനില്ല. കഴിഞ്ഞ പ്രളയത്തിൽ വെള്ളം കൊണ്ടുപോയതാണ്. അമ്മയാണെങ്കിൽ അന്നു മുതൽ നിത്യരോഗിയും. ഏക ആശ്രയം അമ്മൂമ്മയാണ്. പലേടത്തും പണിയെടുത്ത് കുടുംബം നോക്കുന്നു. ഒരു ചേട്ടനുണ്ട്. അവൻ എട്ടാം ക്ലാസിൽ പഠിക്കുന്നു.

ഓരോരുത്തരും എന്തൊക്കെ കൊണ്ടുവരണമെന്നുള്ള കാര്യം സിന്ധുമോൾ നേരത്തെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം തനിക്ക് കിട്ടിയത് കഞ്ഞിപ്പാത്രം. അന്റണിക്ക് അരി. ഉഷയ്ക്കും, സൗമ്യയ്ക്കും, വിജിനയ്ക്കും പച്ചക്കറികൾ. ശ്രീജയ്ക്ക് തീപ്പെട്ടി. മാണിക്കിന് വിറകും. സിന്ധു മോൾക്ക് ഉപ്പും. ആരുടേയും അമ്മമാർ ശകാരിക്കാത്ത തരത്തിലുള്ള സാധനങ്ങൾ മാത്രമേ കൊണ്ടുവരാൻ ആവശ്യപ്പെട്ടിട്ടുള്ളൂ.

എല്ലാവർക്കുമത് സമ്മതം. റഹീം മാവിൻ ചുവട്ടിൽ എത്തി. പാത്രം വച്ചിട്ട് ശ്വാസം വിട്ടിരുന്നു. സിന്ധുമോൾ മാത്രം എത്തിയിട്ടുണ്ട്. മറ്റാരും വന്നിട്ടില്ല. ഞാൻ ഓടിയത് വെറുതെയായി. അവൻ മനസ്സിൽ കരുതി. സിന്ധുമോളുടെ പക്കൽ ഒരു പുസ്തകം ഉണ്ട്.

“ഞാനെത്തി കേട്ടോ! നീ പറഞ്ഞ പ്രകാരം കഞ്ഞിപ്പാത്രം കൊണ്ടു വന്നു”.

“നന്നായി റഹീം നീയെങ്കിലും വന്നല്ലോ?”
“നീ എന്താ വായിക്കുന്നത്?”

“ഇതോ എട്ടാം ക്ലാസ്സിലെ ജി.കെ. പുസ്തകമാണ്. ചേട്ടന്റെതാ, കൈയ്യിൽ കിട്ടിയത് എടുത്തോണ്ട് പോന്നു. നിങ്ങൾ വൈകിയാൽ വായിച്ചിരിക്കാമല്ലോ എന്നോർത്തിട്ട്”

അകലെ നിന്ന് ആന്റണി വരുന്നത് കണ്ടു കൈയ്യിൽ ഒരു മഞ്ഞസഞ്ചിയും ഉണ്ട്.

വന്നപാടെ, “നിങ്ങൾ നല്ല പണിയാ തന്നത്. ഏതു തരം അരിയാണ് കൊണ്ടുവരേണ്ടത് എന്ന് പറഞ്ഞില്ല. ഞാൻ അമ്മ കാണാതെ അടുക്കളയിൽ തപ്പിനോക്കിയപ്പോൾ രണ്ടു തരം അരി. ഏതാണെടുക്കേണ്ടത് എന്നു സംശയം. അവസാനം അമ്മയോട് തന്നെ ചോദിക്കേണ്ടി വന്നു. ഒന്ന് ഇഡ്ഡലി അരിയും മറ്റൊന്ന് ചോറിനുള്ളതുമാണ്. എന്താണ് നിങ്ങൾ തയ്യാറാക്കുന്നതെന്ന് എന്നോട് ചോദിച്ചു. ഞാൻ അറിയില്ലാന്നു പറഞ്ഞു. പുന്നെല്ലിന്റെ അരി തന്നിട്ട് അമ്മ പറഞ്ഞു. ഇതു കൊണ്ടു പൊയ്ക്കോളാൻ”.

“ഓ....അതൊന്നും സാരമില്ല. എന്തരിയായാലും ശരി, വിശന്നാൽ നല്ല രുചിയുണ്ടാവും”. സിന്ധുമോളുടെ ഉത്തരം കേട്ടപ്പോൾ ആന്റണിക്കു വിഷമം തോന്നി. കാരണം പലപ്പോഴും സിന്ധുമോൾ ഭക്ഷണം കഴിക്കാതെയാണ് സ്കൂളിൽ എത്തുന്നത്.

“വാ നമുക്ക് അരി കഴുകി വയ്ക്കാം” ആന്റണിയും റഹീമും അരിയും പാത്രവുമെടുത്ത് പഞ്ചായത്ത് കിണറ്റിൽ കരയിൽ ചെന്നു.

സിന്ധുമോൾ മറ്റുള്ളവർ വരുന്നതും കാത്തിരിപ്പായി.



5 th_02_Malayalam.indd 30 7/22/2019 3:10:45 PM

ഉഷ, സൗമ്യ, മാണിക്കൻ, പിന്നെ ശ്രീജ, വിജിത എന്നിവരും വരുന്നുണ്ട്. ശ്രീജയും വിജിതയും ഇരട്ടകളാണ്. സിന്ധുമോൾക്ക് സന്തോഷമായി. ആരും പറ്റിച്ചിട്ടില്ല.

വന്നവർ കുശലം ചോദിച്ചശേഷം, കൊണ്ടുവന്ന സാധനങ്ങൾ ഒരു പേപ്പറിൽ നിരത്തി വച്ചു.

അരി കഴുകി പാത്രവുമായി ആന്റണിയും റഹീമും എത്തി.

മൂന്നു വലിയ കല്ലുകൾ കൊണ്ടുവന്ന് അടുപ്പ് കൂട്ടി. എന്നിട്ട് കഞ്ഞിപ്പാത്രം ശ്രദ്ധയോടെ അടുപ്പിൽ വച്ചു. തീ കൂട്ടി അടുപ്പ് കത്തിച്ചു. മാണിക്കൻ കൊണ്ടുവന്ന വിറകുകൾ ഓരോന്നും എരിയാൻ തുടങ്ങി. ഏവരും പാത്രത്തിനുള്ളിൽ എത്തി നോക്കി. വെള്ളം തിളയ്ക്കുന്നത് കാണാൻ. ആദ്യമായിട്ടാണ് ഇത്തരത്തിലൊരു പ്രവർത്തി ചെയ്യുന്നത്.

തൊട്ടടുത്ത പാടത്ത് പണിപ്പെണ്ണുങ്ങൾ പാടി കൊണ്ട് ഞാറു നടുന്നുണ്ടായിരുന്നു. കാണാൻ എന്തൊരു ചേലാണ്. ഇവരാണ് യഥാർത്ഥ മനുഷ്യർ. മണ്ണിന്റെ മക്കൾ. മണ്ണിന്റെ മണമുള്ള പച്ച കർഷകർ. എത്ര ഉത്സാഹത്തോടെയാണ് പാട്ടും പാടി ഞാറ് നടുന്നത്. അവർക്കടുത്തായി ഒരു കർഷകൻ കാളകളെ പൂട്ടി വയൽ ഉഴുന്നുണ്ടായിരുന്നു.

ഞങ്ങളിരിക്കുന്ന മാവിൻ ചോട്ടിന് തൊട്ടകലെയായി ഒരു മരക്കൊമ്പിൽ ഒരു തൊട്ടിലും കുട്ടിയും അതു കൊണ്ടായിരിക്കും. കർഷക സ്ത്രീകൾ പാട്ട് പാടുന്നത്.

"നല്ല പാട്ട്" ഉഷ പറഞ്ഞു

"ശരിയാ സൗമ്യ" പിൻ താങ്ങി

"ചോറുണ്ടാക്കുമ്പോൾ ആ കുട്ടിക്കും കൊടുക്കാം". വിജിതയുടെ വാക്കുകൾക്ക് എല്ലാവർക്കും സമ്മതം.

അപ്പോഴേയ്ക്കും പാത്രത്തിലെ കഞ്ഞി തിളച്ചു മറിയാൻ തുടങ്ങി. പെൺകുട്ടികൾ കഷ്ണങ്ങളാക്കി കൊണ്ടു വന്ന പച്ചക്കറികളായ ക്യാരറ്റ്, നേന്ത്രക്കായ, പയറ്, പാവയ്ക്ക, മത്തങ്ങ എന്നിവ പാത്രത്തിലേയ്ക്കിട്ടു.

കുറച്ചു നേരം ആരും ഒന്നും മിണ്ടിയില്ല. പാത്രത്തിനു നേരേ ഉറ്റു നോക്കിക്കൊണ്ടിരുന്നു.

ഇതിനിടയിൽ ശ്രീജ തന്റെ കുപ്പായ കീശ തപ്പുന്നുണ്ടായിരുന്നു. എന്നിട്ട് എന്തോ എടുത്തു.



5 th_02_Malayalam.indd 31 7/22/2019 3:10:45 PM

നാരങ്ങാ മിഠായികൾ!!...
ഏവരും ഒരേ സ്വരത്തിൽ പറഞ്ഞു.

ആകെ നാലെണ്ണമേ ഉള്ളൂ. എല്ലാവരും നേർ പകുതി വീതം പങ്കുവയ്ക്കണം. അപ്പോൾ ശരിയായി എട്ടെണ്ണം കിട്ടും. ശ്രീജ പറഞ്ഞു. അച്ഛൻ അമ്പലത്തിലെ ഉത്സവത്തിനു കൊണ്ടുപോയപ്പോൾ വാങ്ങിത്തന്നതാ. എന്തു രസമാണന്നോ! എത്ര ആനകളാ...... നെറ്റിപ്പട്ടം കെട്ടിയ ഗജവീരൻമാർ നിരനിരയായി നിൽക്കുന്നതു കാണാൻ. അച്ഛന്റെ തോളത്തിരുന്നതു കൊണ്ട് കാണാൻ പറ്റി. നൂറു കണ്ണുകൾ വേണമായിരുന്നു. ശ്രീജയുടെ വാക്കുകൾ കേട്ടപ്പോൾ മറ്റുള്ളവരുടെ മുഖത്തും ഉത്സവം കണ്ട പ്രതീതി.

നാരങ്ങാ മിഠായികൾ തിന്നു തീരുന്നതുവരെ ഓരോരോ കഥകൾ പറഞ്ഞും, കളിയാക്കലുകൾ പരിഭവങ്ങൾ, കുറ്റപ്പെടുത്തലുകൾ, സ്നേഹപ്രകടനങ്ങൾ, കുട്ടിക്കാലം എത്ര മനോഹരമാണ്. നിഷ്കളങ്കമായ മനസ്സുകളുടെ സമ്മേളനം.

നിമിഷങ്ങൾ പൊയ്ക്കൊണ്ടിരുന്നു. തൊട്ടിലിൽ കിടന്നിരുന്ന കുഞ്ഞ് ഉണർന്ന് കരയാൻ തുടങ്ങി. ശബ്ദം കേട്ടിട്ടാവണം എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടായി. പണിക്കാരിൽ ഒരമ്മ ഓടിവന്ന് കുഞ്ഞിനെ വാരിയെടുത്തു പാൽ കൊടുക്കാൻ തുടങ്ങി. ഇടയ്ക്കിടെ കുഞ്ഞിനോട് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. മാവിൻ ചുവട്ടിൽ കഞ്ഞിയും കറിയും വയ്ക്കുന്ന കുട്ടികളെ നോക്കിക്കൊണ്ട്.

"അയ്യോ! അരി വെന്തെന്ന് തോന്നുന്നു".

"ഇളക്കാൻ, കരണ്ടി വേണ്ടേ?".

"അതിനിപ്പോ, എന്താ ചെയ്ക?".

റഹീം ഓടിപ്പോയി ഒരു മരത്തിൽ നിന്ന് കമ്പ് ഒടിച്ച് വൃത്തിയാക്കിക്കൊണ്ടു വന്നു. സിന്ധുമോൾ അത് ഉപയോഗിച്ച് കഞ്ഞിക്കലത്തിൽ ഇളക്കി.

"ഹായ് നന്നായി വെന്തിട്ടുണ്ട്. ഇനി ഉപ്പിടൂ".

പേപ്പറിൽ പൊതിഞ്ഞു കൊണ്ടു വന്ന ഉപ്പിട്ട് ഇളക്കി

"കുറച്ചു മതി കേട്ടോ" എന്നായി ഉഷ.

"അവൾക്കറിയാം...... നീ ഒന്നു മിണ്ടാതിരിക്ക്". സൗമ്യ പറഞ്ഞിട്ട് ചിരിച്ചു.

"ഉപ്പ് കൂടിയാൽ നീ തന്നെ തിന്നു തീർക്കണം".

"മതി........ മതി........ഞാൻ കണക്കിനേ ഉപ്പിട്ടിട്ടുള്ളൂ". സിന്ധുമോൾ പറഞ്ഞു.



5 th_02_Malayalam.indd 32 7/22/2019 3:10:45 PM

"നല്ല മണം! കൊതി വരുന്നു". ആന്റണി ധൃതികൂട്ടി.

"ബഹളം വേണ്ട........ ഒന്നു തണുക്കട്ടെ!". കൊണ്ടുവന്ന പേപ്പറിന്റെ കഷ്ണങ്ങൾ കൊണ്ട് കഞ്ഞിപ്പാത്രം ബലമായി ഇറക്കി വച്ചു.

"കാണാൻ നല്ല ചന്തം അല്ലേ?".
"പുന്നെല്ലരിയും വിഷമയമല്ലാത്ത പച്ചക്കറികൂട്ടും".
"കഞ്ഞിയും കറിയും തയ്യാർ".
"അതേ, തിന്നാനുള്ള പിഞ്ഞാണം ഇല്ലല്ലോ?".
"കുറച്ചു വാഴയില എടുക്കാം".

ആൺകുട്ടികൾ അടുത്തുള്ള വാഴത്തോപ്പിലേയ്ക്ക് ഓടി. അവർ വാഴയില കഴുകി വൃത്തിയാക്കി കൊണ്ടുവന്നു.

"എല്ലാവരും വട്ടത്തിൽ വേണം ഇരിക്കാൻ" സിന്ധുമോൾ വിളമ്പുകാരിയായി.

"നല്ല സ്വാദ്" ശ്രീജ പറഞ്ഞു.

"ശരിയാണ്". ആന്റണി പകുതിയും തീർത്തു കഴിഞ്ഞിരുന്നു.

"നമുക്കാ കുഞ്ഞിനും കൊടുക്കാം. നീ പോയി വിളിച്ചിട്ട് വാ" ഉഷ സൗമ്യയോടായി പറഞ്ഞു.

"എനിക്ക് വിശന്നിട്ട് വയ്യ! നീ പോയി വിളിക്ക്".

"ഞാൻ പോയി വിളിക്കാം!". വിജിത കുട്ടിയെയും കൂട്ടി വന്നു. അവരെ കണ്ടതും കുട്ടി തുള്ളിച്ചാടാൻ തുടങ്ങി. രണ്ടു വയസ്സു തോന്നിക്കുന്ന പെൺകുട്ടി പേര് മീനാക്ഷി.

ഓരോരുത്തരും ഓരോ ഉരുള ചോറ് ഉരുട്ടി കുഞ്ഞിനു നൽകി. അവൾ വേഗം അവരോട് സൗഹൃദം സ്ഥാപിച്ചു. ഏവരും ഊണു കഴിഞ്ഞ് ചെറു അരുവിയിൽ കൈ കഴുകി വന്ന് വിശ്രമിച്ചു.

"ഇനി നമ്മൾ, പഠിപ്പുകഴിഞ്ഞാൽ എന്തായിത്തീരണമെന്ന് പറയണം. വലുതാകുമ്പോൾ നമ്മുടെ ചിന്തകൾ മാറിപ്പോകും എന്നാലും നമ്മുടെ ലക്ഷ്യങ്ങൾ എന്താണെന്ന് പറയുക. അതിൽ ഉറച്ചു നിൽക്കുകയും അതിലേയ്ക്കുള്ള ശ്രമവും തുടരുക. തന്നെ വേണം".

"ആദ്യം ആന്റണി പറയ്!"

"ഞാൻ പഠിപ്പു തീർന്നാൽ ഐ.പി.എസ് ആകും നാട്ടിൽ നടക്കുന്ന അക്രമത്തിനും അനീതിയ്ക്കും കടിഞ്ഞാണിടും".

"നിനക്ക് നല്ല ഉയരവും" തടിയും ഉണ്ടല്ലോ! തീർച്ചയായും നടക്കും കൂട്ടകാർ പ്രോത്സാഹിപ്പിച്ചു.

റഹീം: “എന്റെ ബാപ്പയ്ക്ക് പട്ടണത്തിൽ വലിയൊരു ഹോട്ടലുണ്ട്. പഠിച്ചു കഴിഞ്ഞാൽ ഞാനത് ഫൈവ് സ്റ്റാർ ഹോട്ടലാക്കും”.

“നന്നായി, കഞ്ഞിയും കറിയും ഒരു തുടക്കമാവട്ടെ!”.

മാണിക്കൻ “ഞാൻ പഠിച്ച്.......... പഠിച്ച്......ഡോക്ടറാകും. എന്റെ ഗ്രാമത്തിലെ കർഷകർക്കും, പാവങ്ങൾക്കും സൗജന്യ ചികിൽസ നൽകും”.

എല്ലാവരും കൈത്തട്ടി. നമ്മെപ്പോലുള്ള പുതിയ തലമുറ മുന്നോട്ടു വരണം.

“എനിക്ക്... ആത്മാർത്ഥതയുള്ള ഒരു ടീച്ചറാകണം. എങ്കിൽ മാത്രമേ ഭാവി തലമുറയെ വാർത്തെടുക്കാൻ കഴിയൂ. എന്റെ അച്ഛൻ അടിക്കടി പറയാറുണ്ട്. ഡോക്ടറുടെ അശ്രദ്ധ കൊണ്ട്. രോഗികൾ മരിക്കാറുണ്ട്. ഡ്രൈവറുടെ അശ്രദ്ധ കൊണ്ട് യാത്രക്കാർ മരിക്കാറുണ്ട്. ഒരിക്കലും ഒരു ടീച്ചറിന്റെ അശ്രദ്ധ കൊണ്ടു ഒരു സമൂഹം നശിക്കാൻ ഇടവരരുതെന്ന്. എന്റെ അച്ഛൻ തികഞ്ഞ ഒരധ്യാപകനായിരുന്നു”. പറഞ്ഞിട്ട് ഉഷ കണ്ണുകൾ തുടച്ചു.

കൂട്ടുകാർ അവളെ ആശ്വസിപ്പിച്ചു. ഇനി സിന്ധുമോൾ പറയട്ടെ സൗമ്യയുടെ വാക്കുകൾ കേണ്ടതും സിന്ധുമോൾ പൊട്ടിക്കരഞ്ഞു.

“നീ എന്തിനാ കരയുന്നത്”?

“നിന്റെ കാര്യങ്ങളൊക്കെ ഞങ്ങൾക്ക് നന്നായി അറിയാം. ഞങ്ങളില്ലേ? നിനക്ക്”

സിന്ധുവിന്റെ അച്ഛൻ കഴിഞ്ഞ പ്രളയത്തിൽ മരണപ്പെട്ടിരുന്നു. മറ്റുള്ളവരെ രക്ഷിക്കാനുള്ള ശ്രമത്തിനിടയിലാണ് അപകടം സംഭവിച്ചത്. എന്തിനും ഏതിനും മുൻകൈ എടുക്കാറുള്ള ചെറുപ്പക്കാരൻ.

“കരയരുത് സിന്ധുമോൾ”

“നീയല്ലേ, ക്ലാസ്സിലെ ഏറ്റവും മിടുക്കിക്കുട്ടി കലയിലും പഠിപ്പിലും ഒക്കെ നീയല്ലേ, മുന്നിൽ പഠിച്ച് നീ നല്ല നിലയിൽ എത്തുമെന്ന് ഞങ്ങൾക്കറിയാം. ധൈര്യമായിരിക്ക്....... ഞങ്ങൾ എന്നും നിന്നോടൊപ്പം ഉണ്ടാകും”.

“വർഷങ്ങൾ കഴിഞ്ഞ് പത്രം വായിക്കുമ്പോൾ അതിലൊരു പേരു കാണും

സിന്ധുമോൾ ജില്ലാകളക്ടറായി”.

റഹീമിന്റെ വാക്കുകൾ കേട്ട് എല്ലാവരും ഉച്ചത്തിൽ കൈയ്യടിച്ചു.

സിന്ധുമോൾ ആനന്ദത്താൽ കൂട്ടുകാരെ കെട്ടിപ്പിടിച്ചു കരഞ്ഞു. അവരുടെ വാക്കുകളിലെ ആത്മാർത്ഥ ഉൾകൊണ്ടവരാണ്.



5 th_02_Malayalam.indd 34 7/22/2019 3:10:45 PM

വെയിൽ മങ്ങിത്തുടങ്ങി. ഇനി വരുമ്പോൾ മറ്റുള്ളവർ പറയണം. എല്ലാ വേനലവധിക്കും ഇവിടെ വന്ന് ഇതുപോലെ കഞ്ഞിയും കറിയും വയ്ക്കണം. എത്ര വർഷങ്ങൾ കഴിഞ്ഞാലും നമുക്കിവിടെ ഒത്തു കൂടണം. എന്തെങ്കിലും സഹായങ്ങൾ വേണമെങ്കിൽ അറിയിക്കാൻ മറക്കരുത്. രാഷ്ട്രീയം, ജാതി, മതം, വർഗ്ഗം, നിറം, പണം എല്ലാറ്റിനുമുപരി നമ്മുടെ സ്നേഹം മാത്രം ആയിരിക്കണം ഏക സമ്പത്ത്. അതിനായി നാം ഓരോരുത്തരും ആത്മാർത്ഥമായി ശ്രമിക്കണം.

നമുക്ക് പിരിയാം ......

മീനാക്ഷിയെ അമ്മയുടെ അടുക്കലാക്കി .........

എല്ലാവരും യാത്ര പറഞ്ഞു.

കൂട്ടുകാരുടെ പങ്കുചേരൽ കണ്ട് ഒരാൾ നിശബ്ദം വീക്ഷിക്കുന്നുണ്ടായിരുന്നു. അസ്തമയ സൂര്യൻ യാത്രയ്ക്കിടയിൽ എല്ലാറ്റിനും മൂക സാക്ഷിയായി, തുണയായി ഞാനുണ്ടാവും എന്ന അർത്ഥത്തിൽ ചിരിച്ചുകൊണ്ട്.

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| കൊല്ലപരീക്ഷ | വേനലവധി | ലീഡർ | ഗജവീരൻ |
| സുഹൃത്ത് | പ്രളയം | ആശ്രയം | കളക്ടർ |
| കുടുംബം | കഞ്ഞിപ്പാത്രം | തീപ്പെട്ടി | പച്ചക്കറികൾ |
| സമ്മതം | അടുപ്പ് | മിഠായി | ഉത്സാഹം |

### II. അർത്ഥമെഴുതാം

1. ഇത്തവണ = ഇപ്രാവശ്യം
2. ശകാരിക്കുക = വഴക്കുപറയുക
3. വ്യഥ = സങ്കടം
4. തപ്പുക = തിരയുക
5. ചേല് = ഭംഗി
6. പങ്കുവയ്ക്കുക = വീതിച്ചെടുക്കുക



5 th_02_Malayalam.indd 35 7/22/2019 3:10:46 PM

## III. പിരിച്ചെഴുതുക

1. വേനലവധി = .................................... + ....................................
2. കുറച്ചകലെ = .................................... + ....................................
3. കഞ്ഞിപ്പാത്രം = .................................... + ....................................
4. കാത്തിരിപ്പായി = .................................... + ....................................

## IV. ചേർത്തെഴുതുക

1. പാടി + കൊണ്ട് = ....................................
2. അവർക്ക് + അടുത്തായി = ....................................
3. മരം + കൊമ്പിൽ = ....................................
4. പാത്രത്തിലേക്ക് + ഇട്ടു = ....................................
5. നാല് + എണ്ണം = ....................................

## V. വിപരീതപദം എഴുതുക

1. അകലെ × അടുത്ത്
2. ചോദ്യം × ഉത്തരം
3. ശ്രദ്ധ × അശ്രദ്ധ
4. സമ്മതം × വിസമ്മതം
5. ചൂട് × തണുപ്പ്

## VI. ഏകവചനം ബഹുവചനം

1. അമ്മ - അമ്മമാർ
2. സുഹൃത്ത് - ....................................
3. ആൺകുട്ടി - ....................................
4. മരം - ....................................



5 th_02_Malayalam.indd 36 7/22/2019 3:10:46 PM

5. മിഠായി - ........................................

6. കഞ്ഞിക്കലം - ........................................

## VII. എതിർ ലിംഗമെഴുതുക

1. വിളമ്പുകാരി × ........................................
2. കൂട്ടുകാരൻ × ........................................
3. കൊമ്പനാന × ........................................
4. അപ്പൂപ്പൻ × ........................................
5. പണിക്കാരൻ × ........................................

## VIII. പൂരിപ്പിക്കുക

1. ഇത്തവണ വേനലവധിക്ക് കുട്ടികൾ കളിക്കാൻ തീരുമാനിച്ച കളി ...................... ആണ്.
2. റഹീം ................ കൊണ്ടാണ് ഓടിയത്.
3. ശ്രീജ കൊണ്ടു വരേണ്ട വസ്തു .................. ആണ്.
4. .................. മിഠായികളാണ് അവർ വീതിച്ചെടുത്തത്?
5. പെൺകുഞ്ഞിന്റെ പേര് .................. ആണ്.

## IX. ഉത്തരമെഴുതുക

1. എന്തു കളിയാണ് കൂട്ടുകാർ കളിക്കാൻ തീരുമാനിച്ചത്?
2. എന്തൊക്കെ പച്ചക്കറികളാണ് കൊണ്ടുവന്നത്?
3. അമ്പലത്തിൽ പോയ ശ്രീജ കണ്ട കാഴ്ചകളെന്തെല്ലാം?
4. സിന്ധുമോളുടെ അച്ഛൻ എങ്ങനെയാണ് മരണപ്പെട്ടത്?
5. ഒരു ടീച്ചർ എങ്ങനെയായിരിക്കണമെന്നാണ് ഉഷ പറയുന്നത്?



5 th_02_Malayalam.indd 37 7/22/2019 3:10:46 PM

## X. ഞാനാരാകും? കുറിപ്പെഴുതുക



ഭാഗം 3

# കണ്ണീർപ്പൂക്കൾ



## പഠന ലക്ഷ്യങ്ങൾ

- തന്റെ ചിന്തകൾ, വികാരങ്ങൾ, ഭാവനകൾ എന്നിവയെ വികസിപ്പിച്ചെടുക്കൽ
- കല, സംസ്കാരം എന്നിവയിൽ അവബോധം ഉണ്ടാക്കൽ
- കാരുണ്യം, സ്നേഹം എന്നിവയ്ക്ക് കൂടുതൽ ഇടം നൽകൽ

## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| **കവിത** | : | വീണപ്പൂവ്, | -കുമാരനാശാൻ |
| **ഗദ്യം** | : | മുത്തുമണികൾ, | -സുമംഗല |
| **കഥ** | : | ഒരു കുടയും കുഞ്ഞുപെങ്ങളും | -മുട്ടത്തു വർക്കി |

കവിത

# 7

# വീണപ്പൂവ്

– എൻ. കുമാരനാശാൻ



ഹാ ! പുഷ്പമേ, അധികതുംഗ പദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര അസംശയ മിന്നു നിന്റെ
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ?
ലാളിച്ചുപെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വച്ചു നിന്നെ
ആലോലവായു ചെറു തൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ
പാലൊത്തെഴും പുതു നിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ
ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വവുമയേ, തെളിവാർന്ന താരാ-
ജാലത്തൊടുൻമുഖതയാർന്നു പഠിച്ചുരാവിൽ.
ഈ വണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ,
ഭാവം പകർന്നു വദനം,കവിൾ കാന്തിയാർന്നു,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.



5 th_03_Malayalam.indd 40 7/22/2019 3:11:29 PM

## അഭ്യാസം

### I. പദപരിചയം

പുഷ്പം    രാജ്ഞി    അസംശയം    ശൈശവം
ദലമർമ്മരങ്ങൾ    മോഹങ്ങൾ    പുഞ്ചിരി

### II. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. ആരെപ്പോലെയാണ് പൂവ് ശോഭിച്ചിരുന്നതെന്ന് കവി സൂചിപ്പിക്കുന്നു?

   അ. ദൈവം കണക്കെ    ആ. മഴവില്ല്പ്പോലെ
   ഇ. രാജ്ഞികണക്കെ    ഈ. പൂമ്പാറ്റയെപ്പോലെ

2. ആരാണ് പൂവിനെ തൊട്ടിലാട്ടിയത്?

   അ. ആലോലവായു    ആ. അമ്മ
   ഇ. കാട്ടാറ്    ഈ. കൊടുങ്കാറ്റ്

3. ആരോടാണ് പൂവ് കഥകൾ പറഞ്ഞത്?

   അ. പൂക്കളോട്    ആ. കിളികളോട്
   ഇ. കാറ്റിനോട്    ഈ. പൂമ്പാറ്റയോട്

4. ഇവയിൽ ആശാന്റെ കൃതി ഏത്?

   അ. രമണൻ    ആ. ചണ്ഡാലഭിക്ഷുകി
   ഇ. മരത്തിനുസ്തുതി    ഈ. ഓടക്കുഴൽ

5. വീണപൂവ് എന്ന കൃതിയുടെ കർത്താവ് ആര്?

   അ. എഴുത്തച്ഛൻ    ആ. കുമാരനാശൻ
   ഇ. കുഞ്ചൻനമ്പ്യാർ    ഈ. ഉള്ളൂർ

### III. ആശയം

ഹാ പുഷ്പമേ, എന്നാരംഭിക്കുന്ന വീണപൂവിൽ, പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള തീവ്ര സൂക്ഷ്മമായ ഘട്ടങ്ങൾ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ ഓർമ്മിപ്പിച്ചു കൊണ്ട് കേവലം നാല്പത്തിയൊന്ന് ശ്ലോകത്തിലൂടെ ഹൃദയ സ്പർശിയാം വിധം ചിത്രീകരിച്ചിരിക്കുന്നു.



5 th_03_Malayalam.indd 41    7/22/2019 3:11:30 PM

## IV. ഉത്തരമെഴുതുക

1. പൂവ് മരണത്തിനു മുമ്പ് എങ്ങനെയായിരുന്നു ശോഭിച്ചിരുന്നത്?
2. പൂവിന്റെ ബാല്യത്തെ കവി കാണുന്നതെങ്ങനെ?
3. കാലത്തെഴുന്നേറ്റ് പൂവ് എന്തൊക്കെയാണ് ചെയ്തിരുന്നത്?

## V. അർത്ഥമെഴുതാം

1. തുംഗം = ഉയർന്ന
2. ലാളിച്ചു = ഓമനിച്ചു
3. ലത = വള്ളി
4. പല്ലവം = തളിർ
5. വദനം = മുഖം

## VI. പര്യായപദമെഴുതുക

1. പൂവ് = സുമം, കുസുമം, അലർ, മലർ, താർ, സൂനം
2. നിലാവ് = കൗമുദി, ചന്ദ്രകാന്തം, ജ്യോത്സ്ന
3. രാവ് = രജനി, നിശ, നിശീഥിനി, യാമിനി
4. വദനം = മുഖം, അസ്യം, മുഖാംബുജം



5 th_03_Malayalam.indd 42 7/22/2019 3:11:30 PM

ഗദ്യം **8** # മുത്തു മണികൾ

– സുമംഗല



കുട്ടിക്കാലം മുതൽ എനിക്ക് ഓരോരോ വസ്തുക്കൾ ശേഖരിക്കാൻ വലിയ ഇഷ്ടമായിരുന്നു. മഞ്ചാടിക്കുരു, കുന്നിക്കുരു, കുന്തിപ്പുഴയിൽ കുളിക്കാൻ പോകുമ്പോൾ കിട്ടുന്ന സാളഗ്രാമം പോലെയുള്ള വെളുത്ത ചെറിയ പാറക്കല്ലുകൾ, കുപ്പിവളപ്പൊട്ടുകൾ അങ്ങനെയോരോന്ന് അവയിൽ ഞാൻ ജീവനെപ്പോലെ വിലമതിച്ചിരുന്നത് സ്വർണ്ണ നിറത്തിലുള്ള മുത്തുകളുടെ കൂട്ടത്തെയായിരുന്നു.

എന്റെ ജൻമഗൃഹമായ ഒളപ്പമണ്ണമന കഥകളിയുടെ വളർത്തുതൊട്ടിലും കല്ലുവഴിച്ചിട്ടയുടെ ഈറ്റില്ലവുമായിരുന്നു. അവിടത്തെ വിശാലമായ തെക്കെ മുറ്റത്ത് കൂടെക്കൂടെ കഥകളി നടക്കുമായിരുന്നു. മൂന്നുകൂട്ട് കളിക്കോപ്പുകൾ അക്കാലത്ത് മനയിലുണ്ടായിരുന്നു. ഓരോ കഥകളി കഴിയുമ്പോഴും വേഷങ്ങളുടെ മാലക്കൂട്ടങ്ങളിൽ നിന്ന് സ്വർണ്ണ നിറത്തിലുള്ള കുറെ മുത്തുകൾ പനമ്പിൻമേൽ കൊഴിഞ്ഞു വീഴും. നേരം പുലർന്നാൽ ഞാൻ പനമ്പിൻമേൽ ചെന്നിരുന്ന് മുത്തുകൾ പെറുക്കിയെടുത്ത് കടലാസ്സുപെട്ടിയിൽ സൂക്ഷിക്കും.



5 th_03_Malayalam.indd 43 7/22/2019 3:11:31 PM

മഴക്കാലം തുടങ്ങിയാൽ കഥകളിക്കോപ്പുകളിലെ കേടുപാടുകൾ തീർക്കുവാനുള്ള പണിക്കാർ വരികയായി. പത്തായപ്പുരയുടെ മുകളിൽ ഇവർ പണിതു കൊണ്ടിരിക്കും. അവിടെ ചെന്നിരുന്നാൽ ദിവസേന ഓരോ പിടി മുത്തെങ്കിലും കിട്ടും. അങ്ങനെ മുത്തുകളുടെ വലിയൊരു ശേഖരം എന്റെ കൈവശമുണ്ടായി. ഇവയുടെ ഉടമസ്ഥ ഞാനായിരുന്നുവെങ്കിലും എന്റെ അനുജത്തിമാർക്കും അനുജൻമാർക്കും അതിൽ അവകാശമുണ്ടായിരുന്നു. മുത്തുകൾ കൂമ്പാരം കൂട്ടി ആ സ്വർണ്ണ പ്രളയത്തിലേക്ക് നോക്കി ഞങ്ങൾ അങ്ങനെയിരിക്കും.

ഒരു ദിവസം സ്കൂളിൽ എന്റെയൊപ്പം പഠിച്ചിരുന്ന ഒരു കുട്ടിയുടെ കൈയിൽ മുത്തുകൾ കൊണ്ട് തുന്നിപ്പിടിപ്പിച്ച ഒരു ചെറിയ സഞ്ചി ഞാൻ കണ്ടു. ഗോതമ്പിന്റെ ആകൃതിയിൽ ഇളം നീല നിറത്തിലുള്ള മുത്തുകളായിരുന്നു അവ. നല്ല ഭംഗി തോന്നി അത്തരമൊരു സഞ്ചി എന്റെ പക്കലുള്ള സ്വർണ്ണ മുത്തുകൾ കൊണ്ട് നിർമ്മിച്ചാൽ നന്നായിരിക്കുമെന്ന് തോന്നി. എന്നാൽ അത് എങ്ങനെയാണ് നിർമ്മിക്കുന്നതെന്ന് കൂട്ടുകാരിക്കും അറിയില്ലായിരുന്നു. അവൾക്ക് ആരോ പിറന്നാൾ സമ്മാനമായി കൊടുത്തതായിരുന്നു ആ സഞ്ചി.

അനുജത്തിയും ഞാനും വളരെ നേരം സഞ്ചിയുണ്ടാക്കുന്നതിനെ കുറിച്ച് ആലോചിച്ചു. ഒരു വഴിയും കണ്ടെത്തിയില്ല. ആ സമയത്ത് ഞങ്ങളുടെ ഗൃഹത്തിലെ ദാസിയുടെ ബന്ധുവായ ഒരു സ്ത്രീ അവിടെ വന്നു. അവരെ എനിക്ക് വലിയ ഇഷ്ടമായിരുന്നു. എന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പങ്കുവയ്ക്കാറുള്ള ഒരു കൂട്ടുകാരികൂടിയായിരുന്നു അവൾ. മുത്തുകൾ തുന്നിയുണ്ടാക്കുന്ന സഞ്ചിയെക്കുറിച്ച് ഞാൻ അവരോട് പറഞ്ഞു. മുത്തു സഞ്ചി തുന്നുന്ന കാര്യം ഏറ്റ അവർ കടലാസ്സു പെട്ടികളിലാക്കി സൂക്ഷിച്ചിരുന്ന മുത്തുകൾ കൊണ്ടുപോയി.

ഒരാഴ്ചക്കുള്ളിൽ സഞ്ചി തുന്നിത്തരാമെന്നായിരുന്നു വാഗ്ദാനം. ദിവസേന ഞങ്ങളുടെ കുളത്തിൽ കുളിക്കാൻ വരുമ്പോൾ സഞ്ചിയുടെ പുരോഗതിയെ കുറിച്ച് അവർ പറഞ്ഞു കൊണ്ടിരുന്നു. ഒരാഴ്ച കഴിഞ്ഞിട്ടും സഞ്ചി കിട്ടിയില്ല. കുറച്ചു കൂടി പണി ബാക്കിയുണ്ടെന്നായിരുന്നു ഒഴികഴിവ്. ഒന്നല്ല ആഴ്ചകൾ പലത് കഴിഞ്ഞു. സഞ്ചിയില്ല. ഇല്ലെങ്കിൽ വേണ്ട. മുത്തുകൾ തന്നാൽ മതിയെന്നായി ഞാൻ. എന്നിട്ടും ഫലമുണ്ടായില്ല. ഞാൻ അമ്മയോട് പരാതിപ്പെട്ടു. അമ്മ ആ സ്ത്രീയോട് സഞ്ചി തുന്നിക്കൊടുക്കയോ, അല്ലെങ്കിൽ മുത്തുകൾ തിരിച്ചുകൊടുക്കുകയോ വേണമെന്നും കുട്ടികളെ പറ്റിക്കരുതെന്നും പറഞ്ഞു.



5 th_03_Malayalam.indd 44 7/22/2019 3:11:31 PM

അതോടെ അവർ ഞങ്ങളുടെ കുളത്തിൽ കുളിക്കാൻ വരാതായി. ഞങ്ങളുടെ ദാസി അവരോട് മുത്തുകളുടെ കാര്യം ചോദിക്കാമെന്ന് ഏറ്റു. അവർ ചോദിച്ചെങ്കിലും ഫലമുണ്ടായില്ല. മുത്തുകൾ എന്നെന്നേക്കുമായി കൈവിട്ടുപോയി. അതിനിടയിൽ ആ സ്ത്രീയുടെ ജ്യേഷ്ഠത്തിയുടെ മകൾ വീട്ടിൽ വന്നു. അവൾ എന്റെ സമപ്രായക്കാരിയായിരുന്നു. തന്റെ ചെറിയമ്മയുടെ കൈയിൽ സ്വർണ്ണ മുത്തുകൾ കൊണ്ട് തുന്നിയ നല്ല ഭംഗിയുള്ള വലിയൊരു സഞ്ചിയുണ്ടെന്നും ചില ആഭരണങ്ങൾ അതിലാണ് സൂക്ഷിക്കുന്നതെന്നും ആരെയും അത് തൊടാൻ സമ്മതിക്കാറില്ലെന്നും എന്നോട് പറഞ്ഞു.




അന്നെനിക്ക് ഏഴു വയസ്സേ ആയിരുന്നുള്ളൂ. ജീവിതത്തിൽ ആദ്യമായി ഉണ്ടായ കബളിപ്പിക്കൽ എന്നെ വല്ലാതെ വേദനിപ്പിച്ചു. സ്വർണ്ണമുത്തുകൾക്കു പകരം കണ്ണീർമുത്തുകളായി എന്റെ ശേഖരം. ആ മുത്തുകൾ ഇപ്പോഴും എനിക്ക് കൂട്ടിരിക്കുന്നുണ്ട്. പിന്നെ പലപ്പോഴായി പലരും പലതും പറഞ്ഞ് എന്നെ പറ്റിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം കൂടി എനിക്ക് കൊടുക്കുവാനുണ്ടായിരുന്നത് കണ്ണീർ മുത്തുകൾ മാത്രമായിരുന്നു. ആ കുഞ്ഞു മനസ്സിലെ വേദനയിൽ നിന്ന് ആരെയും പറഞ്ഞ് പറ്റിക്കരുതെന്ന നല്ലൊരു പാഠവും ഞാൻ പഠിച്ചു.

## അഭ്യാസം

### I. പദപരിചയം

| | | | | |
|---|---|---|---|---|
| കുട്ടിക്കാലം | മഞ്ചാടിക്കുരു | കുന്നിക്കുരു | കുന്തിപ്പുഴ | വളപ്പൊട്ട് |
| ഒളപ്പമണ്ണ | കഥകളി | മഴക്കാലം | വാഗ്ദാനം | ജ്യേഷ്ഠത്തി |



5 th_03_Malayalam.indd 45 7/22/2019 3:11:32 PM

## II. ശരിയായ ഉത്തരം കണ്ടെത്തുക

1. കഥകളുടെ തോഴി എന്നറിയപ്പെടുന്നത്?

   അ.സുഗതകുമാരി ആ. സുമംഗല

   ഇ. കുഞ്ഞുണ്ണിമാഷ് ഈ. എം.ടി. വാസുദേവൻ നായർ

2. ലേഖിക ജീവനെപ്പോലെ സ്നേഹിച്ചത്?

   അ.മുത്തുമണികൾ ആ. വളപ്പൊട്ടുകൾ

   ഇ. കുന്നിക്കുരു ഈ. മഞ്ചാടിക്കുരു

3. മുത്തുമണികൾ കോർത്ത് എന്ത് നിർമ്മിക്കണമെന്നാണ് ആഗ്രഹിച്ചത്?

   അ.മാല ആ. സഞ്ചി

   ഇ. വള ഈ. കമ്മൽ

4. അന്ന് ലേഖികയ്ക്ക് ഉണ്ടായിരുന്ന വയസ്സ്?

   അ.പത്ത് ആ. അഞ്ച്

   ഇ. എട്ട് ഈ. ഏഴ്

5. ഈ പാഠത്തിലെ ഗുണപാഠമെന്താണ്?

   അ.ആരെയും പറ്റിക്കരുത് ആ. ആരെയും പറ്റിക്കാം

   ഇ. വേദനിപ്പിക്കാം ഈ. സന്തോഷിക്കാം

## III. ഉത്തരമെഴുതുക

1. എന്തൊക്കെയാണ് ബാല്യകാലത്തിൽ ലേഖിക സൂക്ഷിച്ചിരുന്നത്?
2. തന്റെ ജീവനെക്കാൾ ഏറെ സൂക്ഷിച്ചത് എന്തായിരുന്നു?
3. എങ്ങനെയാണ് മുത്തുമണികൾ ശേഖരിച്ചിരുന്നത്?
4. മുത്തുമണികൾ കൊണ്ട് എന്തുണ്ടാക്കണമെന്നായിരുന്നു മോഹം ?
5. എന്തിനാണ് മുത്തുമണികൾ മറ്റൊരാളെ ഏൽപ്പിച്ചത്?
6. നിന്റെ ജീവിതത്തിൽ ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എഴുതുക?
7. നിന്റെ ബാല്യകാലത്തിൽ എന്തൊക്കെ ശേഖരിച്ചു വച്ചിട്ടുണ്ട്? എഴുതുക?



5 th_03_Malayalam.indd 46 7/22/2019 3:11:32 PM

കഥ 9

# ഒരു കുടയും കുഞ്ഞുപെങ്ങളും

- മുട്ടത്തുവർക്കി



ആകാശം നിറയെ കാർമേഘങ്ങളുണ്ടായിരുന്നു. ഒരു തണുത്ത ചെല്ലക്കാറ്റ് അലസമായി സഞ്ചരിച്ചു കൊണ്ടിരുന്നു. ഗ്രാമപാതയുടെ ഇരു വശങ്ങളിലുമുള്ള വൃക്ഷങ്ങൾ തലയാട്ടി. കള്ളക്കർക്കടകമാസം.

ലില്ലീ, മഴ വരുന്നു, നീ ആ പെണ്ണിന്റെ കൂടെ പൊയ്ക്കോ മുമ്പേ നടന്നു പോകുന്ന ഗ്രേസിയുടെ നേരെ വിരൽചൂണ്ടികൊണ്ട് ബേബി അറിയിച്ചു.

ഇച്ചാച്ചനോ? അവൾ ചോദിച്ചു. ഞാൻ ഓടിക്കോളാം. അവൻ ഓട്ടമായി അപ്പോഴേക്ക് ഒന്ന്, രണ്ട്, നാല് എന്നിങ്ങനെ പെരുകി പ്പെരുകി മഴത്തുള്ളികൾ വീഴുകയായി.

സ്ലേറ്റും പുസ്തകവും അടുക്കിപ്പിടിച്ചു കൊണ്ട് ലില്ലി ഓടി. അവളുടെ മുഖത്തു മഴത്തുള്ളികൾ വീണു. എങ്കിലും പുസ്തകം നനയാതെ മാറോട് അടുക്കിപ്പിടിച്ചു. സ്ലേറ്റിന്റെ പുറത്തു വെള്ളം പുരണ്ടാൽ കുഴപ്പമില്ല.

ഗ്രേസീ, ഞാൻ കൂടെ അവൾ സ്നേഹപൂർവ്വം യാചിച്ചു. അവൾ ഗ്രേസിയുടെ കുടക്കീഴെ കയറാൻ ഭാവിച്ചു. പക്ഷേ, ആ ധനികകുമാരി മാറിക്കളഞ്ഞു.



5 th_03_Malayalam.indd 47 7/22/2019 3:11:32 PM

അവളുടെ ഉടുപ്പ് സിൽക്ക് കൊണ്ടുള്ളതും വെടിപ്പുള്ളതും ആയിരുന്നു. ലില്ലിയുടേതോ, വില കുറഞ്ഞതും മുഷിഞ്ഞതും

ഗ്രേസീ,... ലില്ലി യാചിച്ചു.

പോ കുട്ടീ,... ഇപ്പം മനസ്സില്ല, എന്റെ കൊടേൽ

കേറ്റത്തില്ല ഗ്രേസി തീർത്തു പറഞ്ഞു.

ലില്ലി പൊട്ടിക്കരഞ്ഞുപോയി. ആ പാവപ്പെട്ട കുഞ്ഞിനോട് മഴയ്ക്കു കരുണയുണ്ടായില്ല. അതു ശക്തിയായി പെയ്യുകയാണ്.

ലില്ലി കരഞ്ഞുകൊണ്ട് മുന്നോട്ടോടി അവളുടെ കുരുന്നു മുഖത്തു മഴത്തുള്ളികൾ ചരൽകല്ലുകൾ പോലെ അടിച്ചുകൊണ്ടേയിരുന്നു. അവളുടെ കുഞ്ഞുപാദങ്ങളെ തലോടികൊണ്ട് കലക്കവെള്ളം പാഞ്ഞു.

വഴിയിറമ്പിലുള്ള ഒരു പീടികത്തിണ്ണയിൽ അവൾ നിന്നു. ഉടുപ്പും പുസ്തകങ്ങളും എല്ലാം നനഞ്ഞു. പുസ്തകം നനഞ്ഞതിലാണ് അവൾക്കു സങ്കടം. തിണ്ണയുടെ കോണിൽ നിന്ന് അവൾ ഏങ്ങിയേങ്ങി കരഞ്ഞു. കുടയും പിടിച്ചുകൊണ്ട് ഗ്രേസി പോകുന്നത് അവൾ കണ്ടു. തലമുടിയിൽ നിന്നും വീഴുന്ന വെള്ളം അവളുടെ കണ്ണുകളെ മറയ്ക്കുകയും കണ്ണുനീർത്തുള്ളികളുമായി ഇടകലരുകയും ചെയ്തു. ചുവന്ന പുള്ളികളുള്ള അവളുടെ ഉടുപ്പ് നനഞ്ഞു കുതിർന്നിരിക്കുന്നു. ശരീരം തണുത്തു വിറയ്ക്കുന്നു. പല്ലുകൾ കൂട്ടിത്തല്ലുന്നു. അവൾ സ്ലേറ്റും പുസ്തകവും താഴെ വച്ചു. ഉടുപ്പിന്റെ അരികു കൂട്ടിപ്പിടിച്ചു പിഴിഞ്ഞു. അപ്പോൾ അതിന്റെ അറ്റത്ത് ശകലം കീറിപ്പോയി. അത്രകണ്ടു പഴകിയതായിരുന്നു ആ ഉടുപ്പ്. ഒറ്റ ഉടുപ്പേ ഉള്ളൂ ലില്ലിയ്ക്ക്. വീട്ടിൽ തിരിച്ചെത്തുമ്പോൾ ഉടുക്കാൻ അവൾക്കൊരു കുറിയ മുണ്ടുണ്ട്. ഒരു ചുട്ടിത്തോർത്ത്.

അവൾക്കും അവളുടെ ഇച്ചാച്ചനായ ബേബിക്കും മാതാപിതാക്കൻമാരില്ല. കൂലിപ്പണിക്കാരനായിരുന്ന അവളുടെ അപ്പൻ മരിച്ചിട്ട് മൂന്നു കൊല്ലമായി അമ്മ മരിച്ചിട്ട് ഒന്നരക്കൊല്ലവും അവരിപ്പോൾ പേരമ്മയുടെ കൂടെയാണു താമസം. അമ്മയുടെ ജ്യേഷ്ഠത്തി പതിഞ്ഞ മൂക്കും തടിച്ചു കറുത്ത ശരീരവുമുള്ള മാമ്മിത്തള്ളയെ എല്ലാവരും അറിയും. കൈകെ അറുത്തുകൊണ്ടു ചെന്നാൽ ഉപ്പുതേയ്ക്കാത്ത പ്രകൃതക്കാരിയാണ് ആ പേരമ്മ. അമ്പതു വയസ്സു വരും. വിധവയാണ്. ഒരു മകനാണ് അവൻ പട്ടാളത്തിൽ പോയി. മാസം ഇരുപതുരൂപാ വീതം അയച്ചു കൊടുക്കും. സ്വന്തമായി സ്ഥലമില്ല. പൂമംഗലത്തുകാരുടെ വക സ്ഥലത്താണു താമസം. ഒരു കൂതാച്ചിപ്പുരയിൽ. ആ പുരയുടെ തെക്കുവശത്തുള്ള ബംഗ്ലാവാണ് പൂമംഗലത്തു വീട്. പകലൊക്കെയും മാമ്മിത്തള്ളയ്ക്ക് പൂമംഗലത്തെ അടുക്കളയിൽ പണിയുണ്ട്. അവിടം കൊണ്ടാണ്. ആ സ്ത്രീ ചെലവു കഴിയുന്നത്. മകൻ അയച്ചുകൊടുത്ത രൂപയൊക്കെയും അവർ ബാങ്കിൽ നിക്ഷേപിക്കുകയായിരുന്നു. അങ്ങനെയിരിക്കെയാണ്



5 th_03_Malayalam.indd 48 7/22/2019 3:11:32 PM

ബാങ്ക് തകർന്നത്. അതോടു കൂടി മാമ്മിത്തളയ്ക്ക് ഭ്രാന്തിന്റെ ലക്ഷണമുണ്ടായി. അനിയത്തിയുടെ മക്കളോടാണ് അവരിപ്പോൾ അരിശം തീർക്കുന്നത്. ആ അനാഥകുഞ്ഞുങ്ങൾ ആ രാക്ഷസിയുടെ തല്ലു കൊള്ളാത്ത ദിവസങ്ങൾ ഇല്ലെന്നായി. അവർ പള്ളിക്കൂടത്തിൽ പോകുന്നതു തന്നെ ആ ദുഷ്ടയ്ക്കു വെറുപ്പാണ്. വെള്ളം കോരുക തുണി അലക്കുക. അടുക്കളപ്പണി ചെയ്യുക എല്ലാം ആ കൊച്ചുങ്ങൾ തന്നെ ചെയ്യണമെന്നാണു ചട്ടം.

ബേബിയ്ക്ക് പതിനൊന്നു വയസ്സായി. അവൻ നാലാം ക്ലാസിലാണു പഠിക്കുന്നത്. എട്ടു വയസ്സുള്ള ലില്ലി രണ്ടാം ക്ലാസിലും. ഗ്രാമത്തിലെ പള്ളിക്കുടത്തിൽ ഇത്ര കണ്ടു ദരിദ്രരായ കുട്ടികൾ വേറെ ഉണ്ടെന്നു തോന്നുന്നില്ല

ഹോ! പള്ളിക്കുടത്തിലെ രണ്ടാം മണിയും അടിച്ചു കഴിഞ്ഞു. മഴ തുള്ളിയിട്ടു. തോർന്നിട്ടില്ല. തണുത്ത കാറ്റ് ഊതിക്കൊണ്ടേയിരിക്കുന്നു.

താമസിച്ചു ചെന്നാൽ ടീച്ചർ വഴക്കു പറയും. തല്ലും പുസ്തകവും സ്ലേറ്റും എടുത്ത് അടുക്കിപ്പിടിച്ചുകൊണ്ട് അവൾ മഴയത്തുകൂടി ഓടി കാലുതെറ്റി വീണു. ഉടുപ്പിൽ ചളി പുരണ്ടു. അതു കുറെക്കൂടെ കീറുകയും ചെയ്തു. മുട്ടുരഞ്ഞു തൊലി പൊട്ടി ചോര വന്നു. എങ്കിലും അവൾ വേദന അറിഞ്ഞില്ല. പുസ്തകത്തിന്റെ ഒരു താൾ കീറിപ്പോയി. സ്ലേറ്റിന്റെ ഒരു മൂല പൊട്ടി. അവൾ ക്ലാസ് മുറിയുടെ വാതിൽക്കലെത്തിയപ്പോൾ കുട്ടികൾ പൊട്ടിച്ചിരിച്ചു. ചൂരൽവടി കൊണ്ട് ടീച്ചർ മേശപ്പുറത്ത് അടിച്ചു. അപ്പോൾ കുട്ടികൾ നിശബ്ദരായി.

എന്തിനാ കുട്ടി ഈ മഴയത്തു വന്നത് കുടയില്ലായിരുന്നോ.

ഇല്ല. ലില്ലി ഒരു കൈകൊണ്ട് കണ്ണ് തുടച്ചു കരഞ്ഞും കൊണ്ട് പറഞ്ഞു.

പോയി വരാന്തയിൽ നിൽക്കൂ ക്ലാസ് മുറി വൃത്തികേടാക്കാതെ

ടീച്ചർ ചൂരൽവടി ചൂണ്ടി അവളെ വരാന്തയിലേക്കു മാറ്റി നിർത്തി പൂമംഗലത്തെ ഗ്രേസി അടക്കിച്ചിരിക്കുന്നത് ലില്ലി കണ്ടു.അവളുടെ ഹൃദയം നീറി. മഴ ശമിച്ചെങ്കിലും അവളുടെ കുഞ്ഞുകണ്ണുകൾ കണ്ണുനീർ പെയ്തു കൊണ്ടേയിരുന്നു.

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| കാർമേഘങ്ങൾ | ചെല്ലക്കാറ്റ് | വൃക്ഷങ്ങൾ | ഗ്രാമപാത പേരമ്മ |
| മഴത്തുള്ളികൾ | സ്ലേറ്റ് | പുസ്തകം | സ്നേഹപൂർവ്വം |
| കലക്കവെള്ളം | തലമുടി | കൂനാച്ചിപ്പുര | അടുക്കള |



5 th_03_Malayalam.indd 49 7/22/2019 3:11:32 PM

## II. തെരഞ്ഞെടുത്ത് ഉത്തരം എഴുതുക

1. ഈ കഥയിലെ കുഞ്ഞുപെങ്ങളുടെ പേരെന്ത്?
   അ. മല്ലി          ആ. ലില്ലി
   ഇ. ഗ്രേസി          ഈ. ഡൈസി
2. ആരുടെ പക്കലാണ് കുട ഉണ്ടായിരുന്നത്?
   അ. ലില്ലിയുടെ          ആ. ഗ്രേസിയുടെ
   ഇ. ബേബിയുടെ          ഈ. മാലയുടെ
3. ലില്ലി പഠിക്കുന്ന ക്ലാസ് ഏതാണ്?
   അ. മൂന്ന്          ആ. രണ്ട്
   ഇ. നാല്          ഈ. അഞ്ച്)
4. ടീച്ചർ എന്തുകൊണ്ടാണ് മേശമേൽ അടിച്ചത്?
   അ. അളവുകോൽ          ആ. ഡസ്റ്റർ
   ഇ. വലിയകമ്പ്          ഈ. ചൂരൽ വടി
5. ഈ കഥയുടെ രചയിതാവ് ആര്?
   അ. മുട്ടത്തു വർക്കി          ആ. എം.ടി
   ഇ. സുമംഗല          ഈ. അഷിത

## III. ഉത്തരമെഴുതുക

1. ലില്ലി മഴയത്ത് ഓടിയപ്പോൾ എന്താണ് സംഭവിച്ചത്?
2. കുട്ടികൾ പൊട്ടിച്ചിരിച്ചത് എന്തിനായിരുന്നു?
3. എന്തുകൊണ്ടാണ് ഗ്രേസി, ലില്ലിയെ കുടയിൽ കൂട്ടാതിരുന്നത്?
4. മഴ മാറുന്നതിനെ കഥാകൃത്ത് വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

**1. ഈ കഥ വായിക്കുമ്പോൾ നിങ്ങളിൽ ഉണ്ടാകുന്ന വികാരമെന്ത്?**
**2. ഇതുപോലൊരു കഥ എഴുതാൻ ശ്രമിക്കുക.**
**3. വായന ഒരു ശീലമാക്കുക**
**4. ഈ കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക**



5 th_03_Malayalam.indd 50 7/22/2019 3:11:32 PM

ഭാഗം 4

# മണ്ണും മനുഷ്യരും



## പഠന ലക്ഷ്യങ്ങൾ

- കാട്, മഴ, മണ്ണ് എന്നിവ നിത്യജീവിതമായി ബന്ധപ്പെടുന്നുവെന്ന തിരിച്ചറിവ്.
- വനം ഒരു ധനം സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.
- ജീവിത പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മിടുക്ക് ഉണ്ടാക്കൽ.

## പാഠഭാഗങ്ങൾ

**കവിത** : കാടെവിടെ മക്കളേ! - അയ്യപ്പപ്പണിക്കർ

**ഗദ്യം** : കാടിന്റെ ദാഹം ആരറിയുന്നു?

**കഥ** : പാത്തുമ്മയുടെ ആട് - വൈക്കം മുഹമ്മദ് ബഷീർ

കവിത 10 കാടെവിടെ മക്കളേ?

- അയ്യപ്പപ്പണിക്കർ



കാടെവിടെ മക്കളേ?
മേടെവിടെ മക്കളേ?
കാട്ടുപുൽത്തകിടിയുടെ
വേരെവിടെ മക്കളേ?
കാട്ടുപൂഞ്ചോലയുടെ
കുളിരെവിടെ മക്കളേ
കാറ്റുകൾ പുലർന്ന പൂ
ങ്കാവെവിടെ മക്കളെ?
പച്ചപ്പനന്തത്തെ
പാറിക്കളിക്കുന്ന
പ്ലാവുകൾ മാവുകളു
മെവിടെന്റെ മക്കളേ?
കുട്ടിക്കരിംകുയിൽ
കൂവിത്തിമിർക്കുന്ന
കുട്ടനാടൻ പുഞ്ച
യെവിടെന്റെ മക്കളേ?
പായൽച്ചുരുൾ ചുറ്റി



5 th_04_Malayalam.indd 52 7/22/2019 3:12:08 PM

ദാഹനീർ തേടാത്ത?
കായലും തോടുകളു
മെവിടെന്റെ മക്കളേ?
ചാകര മഹോത്സവ
പ്പെരുന്നാളിലലയടി
ച്ചാർക്കുന്ന കടലോര
മെവിടെന്റെ മക്കളേ?

## അഭ്യാസം

### I. പാടിരസിക്കാം

കവിതയ്ക്ക് അനുയോജ്യമായ ഈണം കണ്ടെത്തി അവതരിപ്പിക്കാമോ? കൂട്ടുകാരോടൊപ്പം സംഘമായി ആലപിക്കുകയും ചെയ്യാം. ആരാണ് ഏറ്റവും നന്നായി ചൊല്ലിയത്?

### II. സമാന കവിതകൾ

വനം, പരിസ്ഥിതി എന്നിവയെ നശിപ്പിക്കുന്നതിനെതിരെ ധാരാളം കവിതകൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. ചില കവിതകൾ കാസറ്റുകളായും ലഭ്യമാണ്. കവിതകൾ ക്ലാസ്സിൽ അവതരിപ്പിക്കാം.

### III. നൈപുണ്യം വർദ്ധിപ്പിക്കൽ

**കുട്ടിക്കവിതകൾ, ചൊല്ലുക, ഉദ്ധരണികൾ കാണാതെ പഠിക്കുക**

### IV. അന്നും ഇന്നും

**നമ്മുടെ നാടിന് വന്ന മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക**

| | |
|---|---|
| വയൽ, | കൃഷി |
| പുഴ, | മഴ |
| കാട്, | വീട് |



5 th_04_Malayalam.indd 53 7/22/2019 3:12:08 PM

ഗദ്യം 11

# കാടിന്റെ ദാഹം ആരറിയുന്നു



എല്ലാ വേനലിലും വറ്റി വരളുമ്പോൾ വന്യ ജീവികൾക്കായി ചെറുകുഴികൾ തീർക്കാൻ എനിക്കൊരു പുഴയുണ്ടായിരുന്നു. മണ്ണ് കോരിയെടുക്കുമ്പോൾ ചേറും കല്ലുകളുമൊക്കെ നീക്കുമ്പോൾ ഭൂമിക്കടിയിലെവിടെയോ ശ്വാസം കിട്ടാതെ കിടക്കുന്ന പുഴ ഊറി വരുന്നതു കാണാം. അത് മോന്തിക്കുടിക്കുന്ന വനമൃഗങ്ങളുടെ കണ്ണുകളിൽ കാണുന്ന പ്രകാശം എത്ര വലിയ വില കൊടുത്താലും കിട്ടില്ല. വേനൽ കാലത്ത് മരിക്കുകയും വർഷകാലത്ത് പുനർജനിക്കുകയും ചെയ്യുന്ന പുഴകൾ.

ഒന്നു രണ്ട് പക്ഷികളുടെ ശബ്ദങ്ങളൊഴിച്ചാൽ കാട് നിശബ്ദമാണ്. ഷാമ എന്ന പക്ഷി മനോഹരമായി പാടും. വേനലിൽ ആ പക്ഷി പാടുന്നത് വിലാപഗീതമാണ്. കാറ്റിനും ഉണങ്ങിയ വന ഗന്ധമാണ്. എത്ര വേഗത്തിലാണ് കാട് ഉണങ്ങിക്കൊണ്ടിരിക്കുന്നത്.

അധികം താമസിക്കാതെ ഒരു കൊമ്പനാന മറുവശത്തെ മരക്കൂട്ടങ്ങൾക്കിടയിൽ നിന്ന് പുറത്തുവന്നു. ദൂരങ്ങൾ ഏറെ താണ്ടിയ ക്ഷീണം



5 th_04_Malayalam.indd 54 7/22/2019 3:12:11 PM

ആ ശരീരത്തിലും കണ്ണുകളിലും കാണാം. കുറച്ചു സമയം അത് ചെവികൾ വിടർത്തി നിശ്ചലമായി നിന്നു. തുമ്പികൈ ഉയർത്താതെ തറയിലൂടെ തന്നെ ഗന്ധം പിടിക്കാൻ ശ്രമിച്ചു. പിന്നെ തുമ്പികൈ കൊണ്ട് മുന്നിലെ മണലിലും ചെളിയിലും സ്പർശിച്ചു നോക്കി. മെല്ലെ മുൻകാലെടുത്ത് ആ ഈർപ്പമാർന്ന ഇടത്തിൽ ചവിട്ടിനോക്കി. കാരണം വറ്റിക്കൊണ്ടിരിക്കുന്ന പുഴകളും തടാകങ്ങളും രൂപാന്തരം പ്രാപിക്കുമ്പോൾ അതിൽ പെട്ടുപോകാതെ എത്ര കരുതലോടെ വേണം ദാഹം തീർക്കാൻ.

ഇത്തരം വന്യജീവികളുടെ ഇരുളിടങ്ങളും ഒളിയിടങ്ങളും നഷ്ടം വന്നു കൊണ്ടിരിക്കുന്ന ഒരു ഋതുവാണിത്. വേനൽ ആദ്യം തൊടുന്നത് ഭൂമിക്കു മേലുള്ള പച്ചപ്പുകളെയായിരിക്കും.

ഓരോ വർഷവും കാടാകെ മാറുകയാണ്. നിത്യഹരിത വനങ്ങളിൽ പോലും മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്നു. നാട് വരളുന്നതിനെ കുറിച്ചും മനുഷ്യന് ദാഹിക്കുന്നതിനെ കുറിച്ചും മാത്രമേ നാം പറയാറുള്ളൂ. ആശങ്കപ്പെടാറുള്ളൂ. എന്നാൽ വേനൽ കാടിനകത്ത് പടരുന്നത് വേറൊരു വിധത്തിലാണ്. വര തടാകത്തെ നോക്കി ദാഹിച്ചു നിൽക്കുന്ന ആനക്കൂട്ടം വരൾച്ചയുടെ വരവറിയിക്കുന്ന മയിലുകൾ, കത്തിയമരുന്ന ചോലവനങ്ങൾ, കരിഞ്ഞു കറുത്ത പുൽപ്പരപ്പുകൾ അലയുന്ന മൃഗങ്ങൾ, ഓരോ വർഷം കഴിയും തോറും നാടിനെക്കാൾ കാട് വെന്ത് പുകയുകയാണ്.

ജലവും ഭക്ഷണവും തേടി കാടുവിട്ടിറങ്ങുന്ന വന്യജീവികളും കാടുകയറുന്ന മനുഷ്യരും തമ്മിലുള്ള സംഘർഷത്തിന്റെ നാളുകളാണ് ഇനി മുന്നിൽ. ഉലഞ്ഞ കാൽവെപ്പുകളോടെ വരൂ. ആനക്കൂട്ടങ്ങളേയും കാട്ടുപോത്തിൻ കൂട്ടങ്ങളെയുമൊക്കെ ഞാൻ കാണുന്നു. അവയുടെ കണ്ണുകളിൽ നാം അവയ്ക്ക് നിഷേധിച്ച കാടിനെയോർത്തുള്ള വിഷാദമുണ്ട്.

കാടിന് എന്തുപറ്റി എന്ന ചിന്തയിൽ കഴമ്പില്ല. ഭൂമിക്ക് നാശം വിതയ്ക്കുന്ന വികസനങ്ങളും കോൺക്രീറ്റ് വത്കരണവും മാലിന്യ സംസ്ക്കാരവും നമ്മെ ഇവിടെ വരെ എത്തിച്ചു. ഓരോ ദിനവും കൂടുതൽ കാഠിന്യത്തോടെയായിരിക്കും വരൾച്ച ഉണ്ടാവുക. കാട് ഇതെങ്ങനെ താങ്ങും ജീവജാലങ്ങൾ എങ്ങനെ അതിജീവിക്കും?

ഒരു തുള്ളി ജലം ഭൂമിയിലേക്ക് ഇറങ്ങിപ്പോകാത്ത വിധത്തിൽ നമ്മുടെ വീടുകളും കോൺക്രീറ്റ് വിതച്ചു നിൽക്കുന്ന സ്ഥാപനങ്ങളും ഭൂമിയെ മൂടിക്കഴിഞ്ഞു. മരിച്ചു കൊണ്ടിരിക്കുന്ന പുഴകളിൽ മാലിനജലം



5 th_04_Malayalam.indd 55 7/22/2019 3:12:11 PM

ഒഴുക്കിയും ഭൂമിയിൽ ചേരാത്ത പ്ലാസ്റ്റിക് നിറച്ചും മണ്ണ് കാലിൽ പറ്റാൻ അനുവദിക്കാതെ നമ്മൾ മണ്ണിലേക്ക് മടങ്ങേണ്ടവരാണെന്ന കാര്യം മറന്നു.

ഒരില അടുത്ത വളപ്പിൽ നിന്ന് വീണാൽ വഴക്കും കേസുമായി. ആ വൃക്ഷം വെട്ടി നശിപ്പിച്ചേ നാം അടങ്ങൂ. 44 നദികളുണ്ട്. ഈ കൊച്ചുകേരളത്തിലെന്ന് അഹന്തയോടെ ഉരുവിടുന്നു നാം. നമ്മുടെ കൃഷിയും ആയുർവേദവും പുഴപ്പാട്ടും കവിതകളും കഥകളും മഹനീയമായത് എന്തുകൊണ്ടാണെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? ഒരു നാടിന്റെ സംസ്കാരവും ഐശ്വര്യവും രൂപാന്തരപ്പെടുന്നത് ഭൂമിയിലാകെയും മനസ്സിലും നനവു പടർത്തി നിറഞ്ഞൊഴുകുന്ന നദീ തടങ്ങളിൽ നിന്നാണ്.

## ലോക വനവത്കരണ ദിനം

മാർച്ച് 21 ലോക വനവത്കരണ ദിനമായി ആചരിക്കുന്നു. മരങ്ങൾ പൂക്കുന്നതും പക്ഷികൾ കൂടു വയ്ക്കുന്നതും ചില പ്രത്യേക മാസങ്ങളിലാണ് പ്രപഞ്ച ചേതനയിൽ സൂര്യൻ ചെലുത്തുന്ന സ്വാധീനത്തെ കുറിച്ച് പഠിക്കാൻ ഈ ദിവസം പ്രയോജനപ്പെടുത്തുക.

**ലോക ജലദിനം : മാർച്ച് -22**

**ലോക കാലാവസ്ഥാ ദിനം മാർച്ച് -23**

"ഹേ ഭൂമി! നിന്നിൽ നിന്ന് ഞാൻ എടുക്കുന്നതെന്തോ അത് വേഗം മുളച്ചു വരട്ടെ. പാവനയായവരെ ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ നിന്റെ ഹൃദയത്തെ പിളർക്കാതിരിക്കട്ടെ"

ഏപ്രിൽ മേയ് മാസം മാമ്പഴക്കാലം കൂടിയാണ്. നാട്ടുമാവുകളിൽ ഊഞ്ഞാലു കെട്ടി അണ്ണാറക്കണ്ണനോട് മാങ്ങയ്ക്കിരന്ന് മാങ്ങയണ്ടിക്ക് ചങ്ങാത്തം പോകാൻ കൂട്ടുകാരനെ വിളിച്ച് നഷ്ടപ്പെട്ടുപോയ ഒരു വസന്തത്തെ വീണ്ടെടുക്കുക.



5 th_04_Malayalam.indd 56 7/22/2019 3:12:11 PM

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| ശ്വാസം | പ്രകാശം | പുനർജനി | കൊമ്പനാന |
| മരക്കൂട്ടം | നിശ്ചലം | തടാകങ്ങൾ | ആനക്കൂട്ടം |
| ചോലവനങ്ങൾ | പുൽപ്പരപ്പുകൾ | സംഘർഷം | |
| കോൺക്രീറ്റ് | ആയുർവേദം | കാട്ടുപോത്ത് | |

### II. അർത്ഥമെഴുതുക

1. വന്യമൃഗം = കാട്ടുമൃഗം
2. ഗന്ധം = മണം
3. ഈർപ്പം = നനവ്
4. വനം = കാട്

### III. പിരിച്ചെഴുതുക

1. പുഴയുണ്ടായിരുന്നു = ........................ + ........................
2. കോരിയെടുക്കുമ്പോൾ = ........................ + ........................
3. ഭൂമിക്കടിയിലെ = ........................ + ........................
4. മോന്തിക്കുടിക്കുന്ന = ........................ + ........................
5. മരക്കൂട്ടം = ........................ + ........................

### IV. ചേർത്തെഴുതുക

1. ഒളി + ഇടങ്ങൾ = ........................
2. ആന + കൂട്ടം = ........................
3. പുൽ + പരപ്പുകൾ = ........................
4. മൂടി + കഴിഞ്ഞു = ........................
5. ആര് + അറിയുന്നു = ........................

## V. പൂരിപ്പിക്കുക

1. അധികം താമസിക്കാതെ ഒരു ...................................................... മരക്കൂട്ടങ്ങൾക്കിടയിൽ നിന്നു പുറത്തുവരുന്നു.
2. ഓരോ വർഷം കഴിയും തോറും നാടിനെക്കാൾ ...................................................... വെന്തു പുകയുകയാണ്.
3. കേരളത്തിൽ ...................................................... നദികളുണ്ട്.
4. ലോക വനവൽകരണ ദിനം ...................................................... .
5. ലോക ജലദിനം ...................................................... .

## VI. യോജിക്കാത്തവ വട്ടമിടുക

| | | | | |
|---|---|---|---|---|
| 1. | കാട് | ചന്ത | വിദ്യാലയം | ആശുപത്രി |
| 2. | മാങ്ങ | ചക്ക | പേരക്ക | ജലം |
| 3. | മയിൽ | കുയിൽ | ആന | മൈന |
| 4. | പുഴ | ആറ് | നദി | മഴ |
| 5. | പ്ലാസ്റ്റിക് | ദോശ | ചപ്പാത്തി | പുട്ട് |

## VII. വിപരീത പദമെഴുതുക

1. നഷ്ടം × ലാഭം
2. വേനൽക്കാലം × മഴക്കാലം
3. ശബ്ദം × നിശബ്ദം
4. കൊമ്പനാന × പിടിയാന

കാട് നശിക്കാനുള്ള കാരണങ്ങൾ കണ്ടെത്തി ചിത്ര സഹിതം ഒരു പ്രോജക്റ്റ് തയ്യാറാക്കുക.

വനം ഒരു ധനം



5 th_04_Malayalam.indd 58 7/22/2019 3:12:11 PM

കഥ **12** 

# പാത്തുമ്മയുടെ ആട്

- വൈക്കം മുഹമ്മദ്ബഷീർ



പാത്തുമ്മയുടെ ആടിന്റെ മേട് രാവിലെ തുടങ്ങി. ഏതാണ്ട് എട്ടുമണി ആയിക്കാണും. തലയിലും ദേഹത്തുമെല്ലാം എണ്ണ തേയിച്ചിട്ട് ലങ്കോട്ടികെട്ടി ഞാൻ കസർത്തു ചെയ്കയായിരുന്നു. അപ്പോൾ മുറ്റത്ത് പിള്ളേരുടെ ബഹളം കേട്ടു.

ഉള്ളാടത്തിപ്പാറു! ഉള്ളാടത്തിപ്പാറു!

വാലേപ്പിടി! വാലേപ്പിടി!

മുള്ളണത് കണ്ടില്ലാ! മുള്ളണത് കണ്ടില്ലാ!

കൊമ്പേപ്പിടി! കൊമ്പേപ്പിടി!

എന്താണു സംഗതി? ഞാൻ ജനാലയിലൂടെ നോക്കി വലിയ വിശേഷമൊന്നുമില്ല. പാത്തുമ്മയുടെ ആട് അബിയുടെ ഹാഫ് ടൗസറിന്റെ മുൻവശം മുഴുവനും തിന്നു കഴിഞ്ഞു. ബാക്കിയുള്ളതിന് പിടികൂടിയിട്ടുണ്ട്. അബി ആടിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചിരിക്കുന്നു. പാത്തുക്കുട്ടി വാലിൽ പിടിച്ചു വലിക്കുകയാണ്.സൈദു മുഹമ്മദ് കൊമ്പിൽ പിടിച്ചിട്ടുണ്ട്. ആരിഫാ അന്തം വിട്ടു നിൽക്കുന്നു. റഷീദും സുബൈദയും മറ്റൊന്നിലും ശ്രദ്ധിക്കാതെ തള്ളവിരലുകൾ വായിലിട്ടു നുണഞ്ഞു കൊണ്ടു മുറ്റത്തിരിക്കുകയാണ്.



5 th_04_Malayalam.indd 59 7/22/2019 3:12:11 PM

ലൈലാ ആടിന്റെ പള്ളയ്ക്കു പിടിച്ചു കൊണ്ട് അതിനെ ചീത്ത പറയുന്നു. ഉള്ളാടത്തിപ്പാറു ഉള്ളാടത്തിപ്പാറൂ!

ഞാൻ തോർത്തു ചുറ്റി മുറിയിൽ നിന്നു വരാന്തയിൽ കയറി മുറ്റത്തിറങ്ങിച്ചെന്ന് ആടിന്റെ ചെവിയിൽ പിടിച്ചിട്ട് അബിയെ വേർപ്പെടുത്തി. അബിയുടെ ഹാഫ് ട്രൗസറിന്റെ മുൻഭാഗം മാത്രമല്ല ഒരു പോക്കറ്റും ആടു തിന്നു കളഞ്ഞു. സംഗതി അറിഞ്ഞപ്പോൾ പത്തുമ്മയുടെ ആട് കുറ്റക്കാരിയല്ല. അബിയുടെ ഹാഫ്ട്രൗസറിന്റെ പോക്കറ്റിൽ വെള്ളപ്പം ഉണ്ടായിരുന്നു. ഒന്നവൻ തിരുകിയിട്ട് ആടിന്റെ മുമ്പിൽ ചെന്നുനിന്ന് തിന്നാൻ പറഞ്ഞു ആട് അപ്പവും ഹാഫ് ട്രൗസറിന്റെ മുൻവശവും തിന്നു. കീശയിലുള്ളത് കീശയോടെ തിന്നു.

അബി പറഞ്ഞു

ബാപ്പാ തല്ലും

അതു നേരത്തെ ഓർക്കാൻ വയ്യായിരുന്നോ?

തല്ലട്ടെ!

തെല്ലു കഴിഞ്ഞു ഞാൻ പറഞ്ഞു

പോടിക്കാനില്ലെടാ ആരും പറയുകയില്ല

പാത്തുക്കടി ലൈലാ സൈക്കുമുഹമ്മദ് എന്നിവരോടു രഹസ്യം പാലിക്കാൻ പറഞ്ഞു ലൈലായോടു മേലിൽ ആരെയും ഉള്ളാടത്തിപ്പാറു എന്നു വിളിക്കരുതെന്നും ഉപദേശിച്ചു. കസർത്തു മുഴുമിപ്പിച്ചുട്ടു ഞാൻ നദിയിൽ കുളിക്കാൻ പോകാൻ ഒരുങ്ങി. സൈദു മുഹമ്മദിനെയും പാത്തുക്കുട്ടിയെയും വിളിച്ചു. അപ്പോൾ അബിയും ലൈലായും കൂടി വന്നു. അവൾ ബാപ്പായുടെ കൂടെ കുളിക്കാൻ പോയില്ല. എന്റെ കൂടെ കുളിക്കാൻ കാത്തു നിൽക്കുകയായിരുന്നു. വിശേഷകാരണമൊന്നുമില്ല അബി യുടെ സ്ലേറ്റ്പെൻസിൽ ലൈലാ എടുത്തെറിഞ്ഞു ചെറിയ കഷ്ണങ്ങളാക്കി. ഈ കുറ്റത്തിന് അബിയും ലൈലായും ബാപ്പാ കുളിപ്പിക്കാൻ കൊണ്ടു പോയില്ല. പാത്തുക്കുട്ടിയും അബിക്കും സ്ലേറ്റ്പെൻസിൽ വാങ്ങിക്കാൻ ഹനീഫാ അരയണ കൊടുത്തിട്ടുണ്ട്.

ഞാൻ എല്ലാവരെയും മൂവാറ്റുപുഴ ആറ്റിൽ കൊണ്ടുപോയി കുളിപ്പിച്ച് കരയ്ക്കു നിർത്തി. എന്നിട്ട് മുങ്ങാക്കുഴിയിട്ടും പതച്ചും അങ്ങനെ കുളിക്കുകയായിരുന്നു. അപ്പോൾ അബിയുടെ ഒരു വിളി കേട്ടു. വല്യ മുത്താപ്പാ! ഞാൻ തിരിഞ്ഞുനോക്കി. ആരും വെള്ളത്തിൽ ഇറങ്ങിപ്പോയിട്ടില്ല. ഞാൻ നീന്തി കടവിൽ ചെന്നിട്ട് ചോദിച്ചു.



5 th_04_Malayalam.indd 60 7/22/2019 3:12:12 PM

“എന്താടാ”

അബി പറഞ്ഞു.

ഇനിക്കു ട്രൗസറില്ല.

അവൻ വ്യക്തമാക്കി നാണം മറയ്ക്കാൻ അവനൊന്നുമില്ല. പരിപൂർണ്ണ നഗ്നനായി നാട്ടുവഴിയെ കൂടി അവനെങ്ങനെ പോകും.

ഞാൻ ചോദിച്ചു.

നീ വന്നതിങ്ങനെയല്ലേ.

അതെല്ലാം ശരി, അതാക്കെ അപ്പോൾ ഇപ്പോൾ അബി അവന്റെ സ്കൂളിൽ പഠിക്കുന്ന ഒരുവനെ കടത്തുവഞ്ചിയിൽ കണ്ടു. അവൻ മുണ്ടുടുത്തിട്ടുണ്ട്. അതുകൊണ്ട് അബിയുടെ നാണം മറയ്ക്കാൻ ഞാൻ ഒരു തോർത്ത് കൊടുത്തു. അപ്പോൾ പാത്തുകുട്ടിക്കും നാണസംബന്ധിയായ ആവശ്യം വന്നു. അവൾക്കും വേണം മുണ്ട്.

ഞാൻ കുളി കഴിഞ്ഞ് എന്റെ മുണ്ടെടുത്തുടുത്ത്, തോർത്തുരിഞ്ഞു നനച്ചു പിഴിഞ്ഞു തല തുവർത്തിയിട്ട്, തോർത്ത് വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ് പാത്തുക്കുട്ടിയെ ഉടുപ്പിച്ചു.

ലൈലായ്ക്കും സൈദുമുഹമ്മദിനും നാണം തോന്നിത്തുടങ്ങിയിട്ടില്ല ഉണ്ടായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു. എന്റെ പക്കൽ രണ്ടു മുണ്ടേ ഉള്ളൂ.

## അഭ്യാസം

### I. അർത്ഥമെഴുതുക

1. കസർത്ത് = വ്യായാമം
2. തുണ്ട് = കഷ്ണം
3. പള്ള = വയറ്
4. ചെവി = കാത്



5 th_04_Malayalam.indd 61 7/22/2019 3:12:12 PM

## II. പൂരിപ്പിക്കുക

1. ബഷീർ ................................. ചെയ്യുകയായിരുന്നു.
2. അബിയുടെ ഹാഫ്ട്രൗസറിന്റെ മുൻ ഭാഗം മാത്രമല്ല ................................. ഉം ആടു തിന്നു കളഞ്ഞു.
3. അബിയുടെ ഹാഫ്ട്രൗസറിന്റെ പോക്കറ്റിൽ ................................. ഉണ്ടായിരുന്നു.
4. ഞാൻ എല്ലാവരെയും ................................. ആറ്റിൽ കൊണ്ടുപോയി കുളിപ്പിച്ചു.
5. അബിയുടെ നാണം മറയ്ക്കാൻ ഞാൻ ഒരു ................................. കൊടുത്തു.

## III. ചേർത്തെഴുതുക

1. ചെയ്യുക + ആയിരുന്നു = .....................................................
2. വാലിൽ + പിടി = .....................................................
3. മുറ്റത്ത് + ഇരിക്കുകയാണ് = .....................................................
4. വെള്ള + അപ്പം = .....................................................
5. കീശയിൽ + ഉള്ളത് = .....................................................

## IV. പിരിച്ചെഴുതുക

1. എടുത്തെറിഞ്ഞു = ..................................................... + .....................................................
2. കഷ്ണങ്ങളാക്കി = ..................................................... + .....................................................
3. പറഞ്ഞതങ്ങനെയല്ലേ = ..................................................... + .....................................................
4. മുക്കിപ്പിഴിഞ്ഞ് = ..................................................... + .....................................................

## V. പര്യായപദം എഴുതുക

1. ആട് = ഛഗം, ഛാഗം, അജൻ
2. പുഴ = നദി, ആറ്, സരിത്ത്, തടിനി

## VI. വിപരീതപദം ബ്രാക്കറ്റിൽ നിന്നും എടുത്തെഴുതുക

1. മുൻവശം × .....................................................
2. രഹസ്യം × .....................................................



5 th_04_Malayalam.indd 62 7/22/2019 3:12:12 PM

3. ചെറിയ × ..................................................

4. വ്യക്തം × ..................................................

5. ആവശ്യം × ..................................................

(വലിയ, അവ്യക്തം, അനാവശ്യം, പിൻവശം, പരസ്യം)

## VII. എതിർലിംഗം എഴുതുക

1. ബാപ്പ × ഉമ്മ
2. കുറ്റക്കാരി × കുറ്റക്കാരൻ
3. വലിയച്ഛൻ × വലിയമ്മ
4. അമ്മാവൻ × അമ്മായി
5. ചേട്ടൻ × ചേച്ചി

## VIII. വാക്യം തെറ്റില്ലാതെ എഴുതുക

1. ഞങ്ങൾ പുഴ കുളിക്കാനിറങ്ങി.
2. അദ്ധ്യാപകർ വിദ്യാർത്ഥി എഴുതാൻ ആവശ്യപ്പെട്ടു.
3. അമ്മ അച്ഛൻ ഞാൻ സിനിമക്കുപോയി.
4. എന്റെ കൂട്ടുകാരി പേര് രമ എന്നാണ്.

## IX. വായിക്കാം കണ്ടെത്താം

1. ബഹളം കേട്ട് ജനലിലൂടെ നോക്കിയപ്പോൾ ബഷീർ കണ്ടതെന്താണ്?
2. സംഗതിയറിഞ്ഞപ്പോൾ പാത്തുമ്മയുടെ ആട് കുറ്റക്കാരിയല്ല ബഷീറിന്റെ നിഗമനം ശരിയാണോ?
3. നാണസംബന്ധിയായി ഉണ്ടായ പ്രശ്നം ബഷീറിനെ കുഴപ്പത്തിലാക്കുമായിരുന്നു. ഈ പ്രസ്താവന ശരിയോ?
4. വായിക്കുമ്പോൾ നിങ്ങളിൽ ചിരിയുണർത്തിയ ഭാഗങ്ങൾ ഏതെല്ലാം? അതിനുള്ള കാരണങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക?

ഭാഗം 5

# ജീവവലയം



## പഠന ലക്ഷ്യങ്ങൾ

- ചെറുപ്രാണികളുടെ ജീവിതപാഠങ്ങൾ മനസ്സിലാക്കൽ
- ജീവിത മൂല്യങ്ങൾ പങ്കിടൽ
- ബുദ്ധിയാണ് ശക്തി എന്ന തിരിച്ചറിവ് സൃഷ്ടിക്കൽ

## പാഠഭാഗങ്ങൾ

**കവിത** : കുയിലും മിന്നാമിനുങ്ങും -ജീ. ശങ്കരകുറുപ്പ്

**ഗദ്യം** : നയന അച്ഛനെഴുതിയ കത്തുകൾ

**കഥ** : ബുദ്ധിമാനായ ആർക്കിമെഡിസ്



5 th_05_Malayalam.indd 64 7/22/2019 3:12:41 PM

# കവിത 13 കുയിലും മിന്നാമിനുങ്ങും

– ജി. ശങ്കരക്കുറുപ്പ്



പകൽപോവോളവും പാടി
പ്പാടി ക്ഷീണിച്ചൊരാൺ കുയിൽ
ഒട്ടുനേരം വിശ്രമിച്ചു
തേൻമാവിൻ ചാഞ്ഞ ചില്ലമേൽ

കുറ്റിക്കാടിന്നിടയ്ക്കൊക്കെ
ക്കൂരിരുട്ടിന്റെ കണ്ണുപോൽ
മിന്നിത്തുടങ്ങി പൊൻകാന്തി
മികവും മിന്നാമിനുങ്ങുകൾ

കൊടും വിശപ്പാൽ വലയും
കോകിലം കനിവെന്നിയേ
കൊത്തിത്തിന്നാൻ ചെന്നിതൊരു
കൊച്ചു മിന്നാമിനുങ്ങിനെ

തന്റെ ജീവനെ രക്ഷിക്കാൻ
തരം കാണാതെ മാലൊടേ
പക്ഷിയോക്കീടമൊച്ച
പതറിച്ചൊല്ലിയിങ്ങനെ



5 th_05_Malayalam.indd 65 7/22/2019 3:12:42 PM

കായില്ലേ കനിയില്ലേ നീ
കാരണം ഞാൻ മരിക്കുകിൽ
നമ്മെയെല്ലാരെയും തീർത്ത
നാഥൻ കുറ്റം പെറുക്കുമോ?

പാരിന്നാനന്ദ മുണ്ടാക്കാൻ
പാട്ടുകാരൻ ജനിച്ചു നീ
വെളിച്ചമാകും പോലേകാൻ
വേണ്ടി സൃഷ്ടിച്ചിതെന്നെയും

നിന്നെക്കൊല്ലാനൊരാൾ വന്നാൽ
നീ വിഷാദിക്കയില്ലയോ?
പരസ്പരം സ്നേഹമോടെ
പാർത്തിടേണ്ടവരാണു നാം!

താവും നാണവും കലർന്നോതി
തന്റെ തെറ്റോർത്തൊരക്കുയിൽ
ഉപദ്രവിക്കില്ലിനി ഞാൻ
ഉള്ള നാളൊന്നിനേയുമേ!

## അഭ്യാസം

## I. പദപരിചയം

| | | | |
|---|---|---|---|
| പോവോളം | കുയിൽ | തേൻമാവ് | കോകിലം |
| കുറ്റിക്കാട് | മിന്നാമിനുങ്ങുകൾ | ഉപദ്രവിക്കില്ല | |
| കനിവെന്നിയേ | പരസ്പരം | സ്നേഹം | |



5 th_05_Malayalam.indd 66 7/22/2019 3:12:42 PM

## II. അർത്ഥം കണ്ടെത്തുക

1. ക്ഷീണിച്ച് = ഉത്സാഹം, ഉറക്കം, തളർന്ന്
2. കോകിലം = കാക്ക, മൈന, കുയിൽ
3. കീടം = പ്രാണി, ഒച്ച്, വണ്ട്
4. നാഥൻ = അച്ഛൻ, ഈശ്വരൻ, മനുഷ്യൻ

## III. പിരിച്ചെഴുതുക

1. പാടിപ്പാടി = ........................ + ........................
2. കുറ്റിക്കാട് = ........................ + ........................
3. മിന്നിത്തുടങ്ങി = ........................ + ........................
4. കനിവെന്നിയേ = ........................ + ........................
5. കൊത്തിത്തിന്നാൻ = ........................ + ........................

## IV. ചേർത്തെഴുതുക

1. പതറി + ചൊല്ലി = ........................
2. പാരിന് + ആനന്ദം = ........................
3. കലർന്ന് + ഓതി = ........................
4. ഉപദ്രവിക്കില്ല + ഇനി = ........................

## V. പൂരിപ്പിക്കുക

1. പകൽ പോവോളവും ........................ ക്ഷീണിച്ചൊരാൺകുയിൽ.
2. കൂരിരുട്ടിന്റെ ........................ പോൽ.
3. കൊത്തിത്തിന്നാൻ ചെന്നിതൊരു കൊച്ചു .........................
4. നമ്മെയെല്ലാരെയും തീർത്ത ........................ കുറ്റം പൊറുക്കുമോ?
5. പാരിനാനന്ദമുണ്ടാക്കാൻ ........................ജനിച്ചു നീ.



5 th_05_Malayalam.indd 67 7/22/2019 3:12:42 PM

## VI. യോജിച്ചവ ചേർക്കുക

| | |
|---|---|
| 1. തേന്മാവിൻ | - കണ്ണുപോൽ |
| 2. കൂരിരുട്ടിന്റെ | - പാട്ടുകാരൻ |
| 3. കൊത്തിത്തിന്നാൻ ചെന്നിതൊരു | - സ്നേഹമോടെ |
| 4. പാരിനാനന്ദം | - ചാഞ്ഞചില്ലമേൽ |
| 5. പരസ്പരം | - മിന്നാമിനുങ്ങിനെ |

## VII. ഉത്തരം എഴുതുക

1. മിന്നാമിനുങ്ങ് എവിടെയാണ് വിശ്രമിച്ചത്?
2. മിന്നാമിനുങ്ങ് എങ്ങനെയാണ് മിന്നുന്നത്?
3. കീടം പതറിച്ചൊല്ലിയതെന്താണ്?
4. കുയിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടത്?
5. എങ്ങനെയാണ് നാം പാർത്തിടേണ്ടതെന്ന് മിന്നാമിനുങ്ങ് പറയുന്നു?

## ചൊല്ലാം രസിക്കാം

ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ
- വള്ളത്തോൾ

പാരിനു പരിഭൂഷ ചാർത്തിടും
ഭാരതത്തിന്റെ ചിത്രകം
കേരളം വിങ്ങുന്നു കോവളം
കേരവൃക്ഷകസങ്കുലം
പാലാനാരായണൻ നായർ



5 th_05_Malayalam.indd 68 7/22/2019 3:12:42 PM

ഗദ്യം 14

# നയന അച്ഛനെഴുതിയ കത്തുകൾ



പുലിയൂർശാല,

17.07.2019.

സ്നേഹമുള്ള അച്ഛന്,

അച്ഛാ, ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. എന്താണന്നല്ലേ, അച്ഛൻ അഭിനന്ദനങ്കിളിനെപ്പോലെ വലിയ മീശയും വച്ച് നടക്കുന്ന ചിത്രം. ഇന്ത്യയുടെ അഭിമാനം കാക്കുന്ന ധീര ജവാനെപ്പോലെ ആൾക്കൂട്ടം ആനയിക്കുന്നു. അച്ഛൻ പറയാറില്ലേ? ബാല്യകാലത്തിൽ ആരാകണമെന്ന് ടീച്ചർ ചോദിച്ചപ്പോൾ പട്ടാളത്തിൽ ചേരണമെന്ന് പറഞ്ഞ കാര്യം. അച്ഛന്റെ ആഗ്രഹം ഞാൻ സ്വപ്നത്തിൽ കണ്ടു. ഇക്കാര്യം അമ്മയോട് പറഞ്ഞപ്പോൾ അമ്മ ചിരിച്ചതല്ലാതെ മറുപടിയെന്നും പറഞ്ഞില്ല.



5 th_05_Malayalam.indd 69 7/22/2019 3:12:43 PM

അച്ഛൻ എന്തിനാണ് ഇങ്ങനെ അന്യനാട്ടിൽ പോയി കഷ്ടപ്പെടുന്നത്? ഞങ്ങളോടൊപ്പം നാട്ടിൽ കഴിഞ്ഞു കൂടെ? എത്ര വർഷങ്ങളായി അച്ഛൻ ഇങ്ങനെ ഒളിച്ചു കളിക്കാൻ തുടങ്ങിയിട്ട്, അവധിയ്ക്ക് വന്നാൽ തന്നെ വേഗം മടങ്ങുകയും ചെയ്യും. ഇനി മുതൽ അച്ഛൻ ഞങ്ങളോടൊപ്പം സ്ഥിരമായി താമസിക്കണം. എങ്കിലല്ലേ എനിക്കും അമ്മയ്ക്കും സന്തോഷമാകൂ, അച്ഛന്റെ തോളിൽ കയറണം, മുതുകിൽ കയറണം. അച്ഛന് കണ്ണെഴുതി പൊട്ട് കുത്തി മുടികെട്ടി തുള്ളിച്ചാടണം. എന്തൊക്കെ ആഗ്രഹങ്ങളാ മോൾക്കുള്ളതെന്നറിയാമോ? അച്ഛ, നമുക്ക് സ്വന്തമായി വീടും പറമ്പും ഉണ്ടല്ലോ? അമ്മയോട് പല ആവർത്തി ചോദിച്ചതാണ്, അതിനു മറുപടി പറയാതെ മറ്റെന്തെങ്കിലും പറഞ്ഞ് എന്നെ പിൻ തിരിപ്പിക്കും.

ഇന്ന് ചോദിച്ചപ്പോൾ പറഞ്ഞതെന്താണെന്നറിയാമോ? നീ കൊച്ചു കുട്ടിയാണ് അഞ്ചാം ക്ലാസിലല്ലേ ആയിട്ടുള്ളൂ. വലുതാകട്ടെ എന്നും ജീവിതത്തെക്കുറിച്ച് നിനക്കെന്തറിയാം എന്നൊക്കെ, അച്ഛൻ അന്യനാട്ടിൽ കഷ്ടപ്പെടുന്നതു കൊണ്ടാണ് നമ്മളിവിടെ സുഖമായി കഴിയുന്നതെന്ന് ഞാനും വിട്ടുകൊടുത്തില്ല നമ്മുടെ രാഘവൻ മാമയും ഷാജി ചെറിയച്ഛനും അവരുടെ കുട്ടികളോടൊപ്പം എത്ര സന്തോഷമായിട്ടാണ് ജീവിക്കുന്നത്. അവരെന്താ പോകാത്തതെന്ന് ചോദിച്ചു ഉടൻ അമ്മ വിഷയം മാറ്റി. തല്ലാൻ വരുകയും പോയിരുന്ന് ഗൃഹപാഠം ചെയ്യാൻ ആവശ്യപ്പെടുകയുമാണുണ്ടായത്.

അതു മാത്രമല്ലച്ഛാ, കഴിഞ്ഞ അധ്യയന വർഷത്തിൽ വാങ്ങിത്തന്ന സ്കൂൾ ബാഗ് കീറിപ്പോയി, അമ്മ പറഞ്ഞു തുന്നിത്തരാമെന്ന്. ഞാൻ പറഞ്ഞു വേണ്ടന്ന്. തുന്നിയാൽ അതിന്റെ ഭംഗി നഷ്ടപ്പെടും. പുതിയ ഒരെണ്ണം വാങ്ങിത്തരാൻ അമ്മയോട് പറയണം.





5 th_05_Malayalam.indd 70 7/22/2019 3:12:43 PM

ഞാനിപ്പോൾ അച്ഛൻ പറഞ്ഞതു പോലെ ദിവസവും പത്രം വായിക്കാറുണ്ട്. അതിൽ വരുന്ന പ്രധാനപ്പെട്ട വാർത്തകളും ചിത്രങ്ങളും വെട്ടിയെടുത്ത് ഒരാൽബം തയ്യാറാക്കുന്നുണ്ട്. അമ്മയും സഹായിക്കാറുണ്ട്. അച്ഛൻ വരുമ്പോൾ ഞാൻ കാണിക്കാം. ഞാൻ വരച്ച ചിത്രങ്ങളൊക്കെ സാറിനെ കാണിക്കാറുണ്ട്. സാർ ഒത്തിരി പ്രോത്സാഹിപ്പിക്കും. നല്ല ചിത്രങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ്സ് മുറിയിൽ ഒട്ടിക്കാനും ആവശ്യപ്പെടാറുണ്ട്. ഞാൻ മാത്രമല്ല, ബഷീറും വിമലും അനാമികയും ഒക്കെ നന്നായി ചിത്രം വരയ്ക്കും. അവരൊക്കെ നല്ല സുഹൃത്തുക്കളാണ്.

അമ്മ പറഞ്ഞതു പോലെ ഞാൻ കൊച്ചു കുട്ടിതന്നെ. പക്ഷേ കാര്യങ്ങൾ തിരിച്ചറിയാൻ എനിക്ക് കഴിയും. എനിക്ക് ജീവിതത്തെപ്പറ്റി ഒന്നും അറിയില്ല എന്ന് അമ്മ പറഞ്ഞത് സമ്മതിച്ചു. അച്ഛനോടൊപ്പം കഴിയണമെന്നുള്ള ആഗ്രഹം തെറ്റാണോ അച്ഛാ? അച്ഛനുള്ളപ്പോൾ ഞങ്ങൾക്ക് ഒരു പേടിയും തോന്നാറില്ല.

ഇവിടെ ഇപ്പോൾ തിരഞ്ഞെടുപ്പിന്റെ ബഹളമാണ്. ഓരോരോ പാർട്ടിക്കാരും വീട്ടിൽ വന്ന് അവർക്ക് വേണ്ടി വോട്ട് ചെയ്യണമെന്ന് ആവശ്യപ്പെടുന്നുണ്ട്. നിറുത്തട്ടെ അച്ഛാ, ബാക്കി അടുത്ത കത്തിൽ.

സ്നേഹപൂർവ്വം

അച്ഛന്റെ

നയനമോൾ

അച്ഛൻ വിദേശത്താണ് എന്ന് ഭാവിച്ച് അച്ഛനൊരു കത്തെഴുതുക.

ഈ പാഠത്തിൽ നിന്ന് നീ എന്തെല്ലാം മനസ്സിലാക്കി?

അച്ഛന്റെ മറുപടി എന്തായിരിക്കും എഴുതുക?



5 th_05_Malayalam.indd 71 7/22/2019 3:12:43 PM

## കഥ 15 ബുദ്ധിമാനായ ആർക്കിമെഡിസ്



പ്രാചീന ഗ്രീസിലെ ഐശ്യര്വപൂർണ്ണമായ ഒരു കൊച്ചു രാജ്യമായിരുന്നു സെറാക്യൂസ്. അധ്വാനികളും സമാധാന പ്രിയരുമായ ജനങ്ങൾ അവരിൽ കുറെപ്പേർ കൃഷിക്കാരായിരുന്നു. മറ്റു ചിലർ കടലിൽ നിന്ന് മീൻ പിടിച്ചു ഹെറോൺ രാജാവിന്റെ ഭരണത്തിൽ അവർ സന്തോഷത്തോടെ ജീവിച്ചു. അങ്ങനെയിരിക്കെയാണ് ആ വാർത്തയെത്തിയത്. മീൻ പിടിക്കാൻ പോയ ചിലരാണ് വാർത്ത കൊണ്ടുവന്നത്. കുറേ കപ്പലുകൾ സെറാക്യൂസിലേക്കു നീങ്ങുന്നു! സെറാക്യൂസ് സൈന്യത്തിന്റെ തലവനും ചില പടയാളികളും അടുത്തുള്ള കുന്നിൻ മുകളിലേക്ക് ഓടി. അവിടെ നിന്ന് ദൂരദർശിനി യിലൂടെ കടലിലേക്ക് നോക്കി. ശരിയാണ്, കുറെ കപ്പലുകൾ സെറാക്യൂസ് ലക്ഷ്യമാക്കി വരുകയാണ്. കപ്പലുകൾക്ക് മുകളിൽ പറക്കുന്ന കൊടികൾ കണ്ട സൈന്യാധിപന്റെ ചുണ്ടുകൾ മന്ത്രിച്ചു. റോമാക്കാർ.

രാജാവിനെ വിവരം ധരിപ്പിച്ചു. അദ്ദേഹം മന്ത്രിമാരെയും സൈന്യാധിപ നെയും വിളിച്ചു ചേർത്തു. റോമാക്കാരെ നേരിടാനുള്ള ശക്തി അവർക്കില്ല. കാരണം സെറാക്യൂസിന്റെ സൈന്യം വളരെ ചെറുതായിരുന്നു. ഇങ്ങനെ വിഷമ സന്ധിയെക്കുറിച്ച് ഇതിനു മുമ്പ് ചിന്തിച്ചിട്ടേയില്ല. ഇനി എന്തു ചെയ്യും? രാജ്യത്തെയും ജനങ്ങളെയും രക്ഷിച്ചേ തീരൂ. അതിനെന്താണൊരു വഴി........?



5 th_05_Malayalam.indd 72 7/22/2019 3:12:44 PM

ആർക്കിമെഡിസ് ആർക്കിമെഡിസിനെ വിളിക്കൂ എന്തെങ്കിലും വിദ്യ അദ്ദേഹം കാണാതിരിക്കുമോ? പണ്ട് വിഷമ പ്രശ്നങ്ങളിൽ നിന്നും രാജാവിനെ രക്ഷിച്ചത് ആർക്കിമെഡിസ് ആയിരുന്നു. അതീവ ബുദ്ധിശാലി.

എങ്കിലും ഇത്രയും വലിയ സൈന്യത്തെ നേരിടാൻ ആർക്കിമെഡിസിന് എങ്ങനെ കഴിയും? സൈന്യാധിപന് അപ്പോഴും സംശയമായിരുന്നു. ആർക്കിമെഡിസ് രാജസന്നിധിയിൽ എത്തി. അദ്ദേഹം വിവരങ്ങളൊക്കെ അറിഞ്ഞു കഴിഞ്ഞിരുന്നു. അരമന രഹസ്യം അങ്ങാടിപ്പാട്ട് എന്നാണല്ലോ ആർക്കിമെഡിസിന് എന്തുചെയ്യാൻ കഴിയും? നമുക്ക്, രാജാവ് ചോദിച്ചു. കുറച്ചു നേരം എന്തോ ആലോചിച്ചിട്ട് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

പ്രഭോ റോമാക്കാരെ തുരത്തിയോടിക്കാം. ചില സാധനങ്ങൾ കിട്ടുകയാണെങ്കിൽ. ആർക്കിമെഡിസ് പറഞ്ഞ സാധനങ്ങൾ എല്ലാം തയാറായി. അതുകണ്ട് സൈന്യാധിപന് ചിരിയടക്കാൻ പാടുപെട്ടു. കുറേ വലിയ കണ്ണാടികളും പിന്നെ കുറേ മരക്കാലുകളും സൈന്യാധിപൻ അൽപ്പം പരിഹാസത്തോടെ പറഞ്ഞു. നല്ല ആയുധങ്ങൾ! ഇതു കൊണ്ടാണോ റോമാക്കാരെ തോൽപ്പിക്കുന്നത്? ഇതു മുഖം നോക്കാനല്ലേ കൊള്ളൂ. ആർക്കിമെഡിസ് ഒന്നും പറഞ്ഞില്ല. കണ്ണാടികളും മരക്കാലുകളും ചുമന്നു കൊണ്ട് ആർക്കിമെഡിസും കൂട്ടരും കുന്നിൻ മുകളിലേക്ക് കയറിപ്പോയി. എന്തായിരിക്കും ആർക്കിമെഡിസ് ചെയ്യാൻ പോകുന്നത്? രാജസദസ്സിൽ ചർച്ചയായി. അദ്ദേഹം ഇതുവരെ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്തു കാണിച്ചിട്ടുണ്ട് പക്ഷേ, ഇക്കാര്യത്തിൽ വിജയിക്കുമെന്ന് ആർക്കും ഒരുറപ്പും ഉണ്ടായിരുന്നില്ല. ചെറുതെങ്കിലും വീരൻമാർ ഉൾക്കൊള്ളുന്ന സെറാക്യൂസിന്റെ സൈന്യം കടൽക്കരയിലെത്തി എതിർപക്ഷവും തയാറായി നിന്നു. റോമാക്കാരെ ദൂരെ കടലിൽ കണ്ടു തുടങ്ങി. നിരനിരയായി കുറേ കപ്പലുകൾ മുകൾത്തട്ടുകളിൽ ആയുധങ്ങളേന്തിയ പടയാളികൾ. റോമക്കാർ ആവേശത്തിലാണ്. എത്രയും പെട്ടെന്ന് സെറാക്യൂസിലെത്തണം അവർക്കെന്തു ചെയ്യാൻ കഴിയും? നിഷ്പ്രയാസം കീഴടക്കാം. മുന്നോട്ട്....... മുന്നോട്ട്......... വേഗം

പെട്ടെന്ന് സൂര്യൻ അവർക്കു നേരെ കത്തി ജ്വലിച്ചു

എന്ത്? എന്താണത്?

റോമാക്കാരുടെ സൈന്യത്തെ വഹിച്ചു കൊണ്ട് മുമ്പേ പോയിരുന്ന കപ്പലിന് എന്തു പറ്റി? അതിൽ തീ ആളിക്കത്തുന്നു. പിന്നാലെയുള്ള കപ്പലുകളിലും തീ പടരുന്നു. പടയാളികൾ കടലിലേക്ക് ചാടുന്നു. എന്താണ് സംഭവിക്കുന്നതെന്ന് ആർക്കും മനസ്സിലായില്ല. തീപ്പന്തങ്ങളൊന്നും കപ്പലിലേക്കു വരുന്നതും കണ്ടില്ല.



5 th_05_Malayalam.indd 73 7/22/2019 3:12:44 PM

പിന്നെങ്ങനെ?

എങ്ങനെ?

പിറകേ വന്ന കപ്പലുകൾക്ക് രക്ഷപ്പെട്ടാൻ മതിയെന്നായി അവർ തിരിച്ചു പോകാൻ തുടങ്ങി. കരയിൽ നിൽക്കുന്ന സെറാക്യൂസ് സൈനികർ ആർത്തു വിളിച്ചു. പക്ഷേ അവർക്കും മനസ്സിലായില്ല എന്താണ് സംഭവിച്ചതെന്ന് ഹെറോൺ രാജാവ് ഈ സന്തോഷ വാർത്ത അറിഞ്ഞു. ഇത് ആർക്കിമെഡിസിന്റെ വിദ്യയാണ് സംശയമില്ല.എന്താണ് വിദ്യ രാജാവ് ആർക്കിമെഡിസിന്റെ അടുത്തെത്തി. അവിടെ ചില തൂണുകൾ വലിയ കണ്ണാടികൾ ഉറപ്പിച്ചിരിക്കുന്നു. ആർക്കിമെഡിസ് അങ്ങ് എന്താണ് ചെയ്തത്? എങ്ങനെയാണ് ആ കപ്പലുകൾക്ക് തീ പിടിച്ചത് ? രാജാവിന് ജിജ്ഞാസ അടക്കാനായില്ല. അതു വളരെ ലളിതമാണ് പ്രഭോ ഉള്ളിലേക്ക് വളഞ്ഞ കണ്ണാടിയിൽ സൂര്യരശ്മികൾ തട്ടിച്ചാൽ അത് ഒരു സ്ഥലത്ത് കേന്ദ്രീകരിക്കും. ആ സ്ഥലത്ത് ചൂടു വളരെ കൂടും. തീ പിടിക്കും. ഞങ്ങൾ അത് റോമാക്കാരുടെ കപ്പലുകളിൽ കേന്ദ്രീകരിച്ചു. അത്രതന്നെ ആർക്കിമെഡിസ് പറഞ്ഞു. കൊള്ളം സൂര്യനാണ്. ഈ കണ്ണാടിയമ്പുകൾ ഉപയോഗിച്ച് നമ്മുടെ ശത്രുക്കളെ തുരത്തിയത് അല്ലേ? രാജാവ് ആഹ്ലാദത്തോടെ പറഞ്ഞു.

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| സെറാക്യൂസ് | ഹെറോൺ | സൈന്യം | ദൂരദർശിനി |
| സൈന്യാധിപൻ | റോമക്കാർ | പടയാളികൾ | സൂര്യൻ |
| തീപ്പന്തം | കണ്ണാടി | ജിജ്ഞാസ | സൂര്യരശ്മികൾ |

### II. പിരിച്ചെഴുതുക

1. രാജ്യമായിരുന്നു = ........................ + ........................
2. ചെറുതായിരുന്നു = ........................ + ........................
3. അങ്ങാടിപ്പാട്ട് = ........................ + ........................



5 th_05_Malayalam.indd 74 7/22/2019 3:12:44 PM

4. ചിരിയടക്കാൻ = ................................ + ................................

5. മരക്കാലുകൾ = ................................ + ................................

## III. ചേർത്തെഴുതുക

1. കയറി + പോയി = ................................
2. ചെറുത് + എങ്കിലും = ................................
3. കടൽ + കര = ................................
4. ആളി + കത്തുന്നു = ................................
5. തീ + പന്തം = ................................

## IV. പൂരിപ്പിക്കുക

1. ഒരു കൊച്ചു രാജ്യമായിരുന്നു ................................ .
2. ..................... രാജാവിന്റെ ഭരണത്തിൽ അവർ സന്തോഷത്തോടെ ജീവിച്ചു
3. പല വിഷമ സന്ധികളിലും രാജാവിനെ രക്ഷിച്ചത് ..................... ആയിരുന്നു
4. ആർക്കിമെഡിസ് ആവശ്യപ്പെട്ടത് ..................... , ..................... എന്നിവയായിരുന്നു.
5. ..................... ഈ കണ്ണാടിയമ്പുകൾ ഉപയോഗിച്ച് ശത്രുക്കളെ തുരത്തിയത്.

## V. ഉത്തരമെഴുതുക

1. ഏതു രാജ്യക്കാരാണ് സെറാക്യൂസ് രാജ്യത്തെ നോക്കി പടയെടുത്തത്?
2. വിഷമ സന്ധികളിൽ രാജാവിനെ സഹായിച്ചത് ആരായിരുന്നു?
3. ആർക്കമെഡിസ് എന്താണ് കൊണ്ടുവരാൻ ആവശ്യപ്പെട്ടത്?
4. എങ്ങനെയാണ് സൈന്യത്തെ ആർക്കമെഡിസ് തോല്പിച്ചത്.



5 th_05_Malayalam.indd 75 7/22/2019 3:12:44 PM

ഭാഗം 6

# മാതൃഭൂമിയും മാതാവും



## പഠന ലക്ഷ്യങ്ങൾ

- വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതൃഭാഷയെ
- സ്വന്തം ഭാഷയെ ജീവിതത്തോട് ചേർത്തു നടത്തൽ

## പാഠഭാഗങ്ങൾ

**കവിത** : ഭൂമി ദേവഭൂമി - വി. മധുസൂദനൻ നായർ

**ഗദ്യം** : വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം

**കഥ** : അമ്മമ്മ - പി. സുരേന്ദ്രൻ



5 th_06_Malayalam.indd 76 7/22/2019 3:13:26 PM

കവിത

16

# ഭൂമി ദേവഭൂമി

- വി. മധുസൂദനൻ നായർ



വിശ്വസാഗരച്ചിപ്പിയിൽ വീണ
സർഗലാവണ്യ ബാഷ്പമേ,
ദേവ വർഷങ്ങൾ കാത്തു നില്ക്കവേ
ദേവിയായി നീ ഭൂമിയായ്

മന്ദ്രചൈതന്യ മഞ്ജുതൂലിക
മന്ദമായുഴിഞ്ഞങ്ങനെ
ഇന്ദ്രഭാവന യംഗരാഗത്തിൽ
ചന്തമായ് ച്ചൊരിഞ്ഞങ്ങനെ

ചന്ദ്ര സൂര്യ കരങ്ങൾ നിന്നിലെ
മന്ത്ര തംബുരു മീട്ടവേ
ദേവതേ, നീയുണർന്നു പാടിയീ
ജീവിതാനന്ദ ഗീതകം



5 th_06_Malayalam.indd 77 7/22/2019 3:13:27 PM

നീലകാനനപ്പീലിയും മോഹ -
ച്ചോല മീട്ടും ചിലങ്കയും
സോമ തീർഥങ്ങളാടി മിന്നുന്ന
സൂര്യകാന്ത പ്രഭാതവും

സ്വർഗവും കാവ്യകോകിലം പാടും
സ്വപ്ന ഗന്ധർവയാമവും
നിന്നിലേയുള്ളൂ, നീ മനോഹരി
നിത്യ ജീവിത വല്ലരി

വിണ്ണിറങ്ങിയ ദേവകൾ നിന്നിൽ
നിന്നു മൂറുന്ന രാഗമായ്
തെന്നലായ് വന്ന താളമോ നിന്റെ
നെഞ്ചിലെത്തുടി സ്പന്ദമായ്

മേഘ പുഷ്പങ്ങൾ കോർത്തഹാരങ്ങൾ
സാഗരാംബര വീചിയായ്
പൊൻ കിനാവിന്റെ താരകൾ നിന്നെ
വന്നു പുല്കാൻ കൊതിയ്ക്കയായ്

നിന്നിൽ നിന്നടർന്നാലെനിയ്ക്കൊരു
വർണ തീരമുണ്ടാവുമോ?
മണ്ണിലല്ലാതെ മഞ്ഞു പൂവിന്റെ
മന്ദഹാസമുണ്ടാവുമോ?

വ്യോമഗംഗയിലായിരം കോടി -
ത്താരകങ്ങൾ വിളിക്കിലും
ശ്യാമമോഹിനി, പോവുകില്ല ഞാൻ
നിൻ സ്വരാഞ്ജലിയാണു ഞാൻ



5 th_06_Malayalam.indd 78 7/22/2019 3:13:27 PM

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| വിശ്വസാഗരം | ചിപ്പി | സർഗലാവണ്യം | ഗന്ധർവം |
| ബാഷ്പം | മന്ദ്രചൈതന്യം | മഞ്ജുതൂലിക | സാഗരാംബര |
| ഇന്ദ്രഭാവന | സൂര്യകരങ്ങൾ | തംബുരു | |
| ഗീതകം | ചിലങ്ക | കോകിലം | |

### II. ഒറ്റവാക്കർഥം

1. വിശ്വം = ലോകം
2. സാഗരം = കടൽ
3. കോകിലം = കുയിൽ
4. ഹാരം = മാല
5. വീചി = ശബ്ദം

### III. ചേർത്തെഴുതുക

1 മന്ദമായ + ഴിഞ്ഞ = ..................................................

2. നീ + ഉണർന്നു = ..................................................

3. ജീവിതം + ആനന്ദം = ..................................................

4. കാനനം + പീലി = ..................................................

5. നിന്ന് + ഊറുന്ന = ..................................................

## IV. പിരിച്ചെഴുതുക

1. കൊതിക്കയായ് = ........................................ + ........................................
2. മണ്ണിലല്ലാതെ = ........................................ + ........................................
3. ചൊരിഞ്ഞങ്ങനെ = ........................................ + ........................................
4. ഗംഗയിലായിരം = ........................................ + ........................................
5. പോവുകില്ല = ........................................ + ........................................

## V. യോജിപ്പിക്കുക

1. സർഗലാവണ്യ - വീചിയായ്
2. ജീവിതാനന്ദ - ഭൂമിയായ്
3. നിത്യ ജീവിത - ബാഷ്പമേ
4. സാഗരാംബര - ഗീതകം
5. ദേവിയായി നീ - വല്ലരി

## VI. ഉത്തരമെഴുതുക

1. ഭൂമി ദേവഭൂമി എന്ന കാവ്യ സങ്കല്പത്തെ സ്വന്തം വാക്യത്തിൽ വർണ്ണിക്കുക.
2. നീ മനോഹരി നിത്യജീവിത വല്ലരി എന്നു പറയാൻ കാരണം?



5 th_06_Malayalam.indd 80 7/22/2019 3:13:27 PM

## ഗദ്യം 17

# വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം




മറ്റു ജീവികളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഏറ്റവും സവിശേഷമായ ഘടകം, ഭാഷയുടെ സമർഥമായ ഉപയോഗമാണല്ലോ. ആശയ വിനിമയോപാധി എന്നതിനപ്പുറം, ജൈവരൂപമായ ഭാഷ, മനുഷ്യന്റെ പരമവിശിഷ്ടമായ ഒരു പാരമ്പര്യസ്വത്താണെന്നു പറയാം. ചരിത്രവും വർത്തമാനവും ചുറ്റുവട്ടവും സംസ്കാരവുമെല്ലാമാണ് മനുഷ്യന് ഭാഷ. ഭാഷയില്ലാത്ത ഒരു ജനസമൂഹത്തെ സങ്കല്പിക്കാൻ സാധ്യമല്ല തന്നെ.

സമ്പുഷ്ടവും അപുഷ്ടവുമായ നിരവധി ഭാഷകളുണ്ട് ലോകത്തിൽ. ഏതവസ്ഥയിൽ സ്ഥിതി ചെയ്യുന്നതായാലും ഒരു വ്യക്തിക്ക് നാഭീനാള ബന്ധമുള്ളത് അവന്റെ മാതൃഭാഷയോടാണ്. പൊറ്റമ്മയുടെ മുലപ്പാലി നോപ്പം രക്തത്തിൽ പകർന്നു കിട്ടുന്നതാണ് മാതൃഭാഷ. അതു വെറുമൊരു ആശയപ്രകാശനോപാധി മാത്രമല്ല. അത് പൈതൃകം, ഗതകാല സംസ്കാരം എന്നിവയുടെ ആർജിത വിശുദ്ധിയും അടയാളവുമാണ്.



5 th_06_Malayalam.indd 81 7/22/2019 3:13:28 PM

ഒരു കുട്ടിയുടെ അടിസ്ഥാന വിദ്യാഭ്യാസം ആരംഭിക്കേണ്ടത് മാതൃഭാഷയിലൂടെയാണ്. വസ്തുതകൾ വേണ്ടവിധത്തിൽ ഗ്രഹിക്കാനും, ചിന്തയേയും, ബുദ്ധിയേയും പോഷിപ്പിച്ച് വിദ്യാഭ്യാസം കാര്യക്ഷമമാക്കാനും അദ്ധ്യയന മാധ്യമം മാതൃഭാഷയാകുന്നതാണ് ഉത്തമം. മറ്റു ഭാഷകളിൽ പ്രാവീണ്യം നേടിയ ചിന്തകൾ ഉരുത്തിരിയുന്നത് മാതൃഭാഷയിലൂടെയായിരിക്കും. വിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷ ഏതായിരുന്നാലും ആശയം പ്രാഥമികമായി രൂപപ്പെടുന്നത് മാതൃഭാഷയിലാണ്. തുടർന്ന് പരിഭാഷപ്പെടുത്തലാണ് നടക്കുക.

മാതൃഭാഷയിൽ വേണ്ടത്ര ജ്ഞാനം നേടാതെ മറ്റു ഭാഷകൾ സമർഥമായി പഠിക്കാൻ സാധ്യമല്ല. മാതൃഭാഷ ഉപേക്ഷിച്ച് മറ്റൊരു ഭാഷയിൽ പഠനം ആരംഭിച്ചാൽ രണ്ടു ഭാഷകളും നഷ്ടമാവുകയും പഠനം അപൂർണമാവുകയും ചെയ്യും. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമാക്കുന്നു. മാതൃഭാഷയിൽ വേണ്ടത്ര അറിവു നേടിയ ശേഷം കൂടുതൽ ജ്ഞാനത്തിനും തുടർ വിദ്യാഭ്യാസത്തിനു മായി ലോകഭാഷകളെ സ്വീകരിക്കുന്നതിൽ തെറ്റില്ല. മാതൃഭാഷയ്ക്കു പുറമേ എത്ര ഭാഷകൾ അഭ്യസിക്കുന്നതും പ്രശംസാർഹം തന്നെയാണ്.

പുരോഗതിയുടെ പാതയിൽ മുൻനിരയിൽ നിൽക്കുന്ന രാഷ്ട്രങ്ങൾ ഇന്ന് സർവ്വകലാശാല വിദ്യാഭ്യാസം പോലും അവരുടെ മാതൃഭാഷയിലൂടെയാണ് നിർവഹിക്കുന്നത്. ജർമ്മനി, ജപ്പാൻ, ഫ്രാൻസ്, ഇസ്രായേൽ , ചൈന എന്നീ രാജ്യങ്ങൾ ഉദാഹരണമാകുന്നു. ഈ രാജ്യങ്ങളിൽ ഇംഗ്ലീഷ് അറിയുക എന്നത് ആരാധ്യമായ ഒരു മേൻമയായി കരുതപ്പെടുന്നില്ല. മറിച്ച് അവരുടെ മാതൃഭാഷ ആഴത്തിൽ അറിയാതിരിക്കുന്നത് പരിഹാസ്യമായ ഒരു കുറവായി കരുതപ്പെടുകയും ചെയ്യുന്നു.

തൊഴിൽ പരമായി ചിന്തിക്കുമ്പോൾ ഈ കൊച്ചു സംസ്ഥാനത്തിൽ വളരുന്ന കുട്ടികൾ ഇംഗ്ലീഷ് ഉൾപ്പെടെ ആഗോളതലത്തിൽ വ്യാപ്തിയുള്ള ഏതു ഭാഷയും അഭ്യസിക്കേണ്ടതാണ്. എന്നാൽ അതിനു വേണ്ടി കുട്ടിയുടെ വിദ്യാഭ്യാസത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും മാതൃഭാഷയെ ഒഴിവാക്കുന്നത് ശരിയായ കാഴ്ചപ്പാടല്ലെന്നേ ഇവിടെ വിവക്ഷയുള്ളൂ. മാതൃഭാഷയുടെ മഹിമയെപ്പറ്റി മഹാകവി വള്ളത്തോൾ പാടിയത് ഈ സന്ദർഭത്തിൽ ഓർക്കാം.

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ.



5 th_06_Malayalam.indd 82 7/22/2019 3:13:28 PM

## അഭ്യാസം

## I. പദപരിചയം

| | | | |
|---|---|---|---|
| സവിശേഷത | ഘടകം | മാതൃഭാഷ | ജൈവരൂപം |
| പാരമ്പര്യം | വർത്തമാനം | ആശയവിനിമയോപാധി | |
| പൈതൃകം | സംസ്കാരം | വിദ്യാഭ്യാസം | |

## II. പിരിച്ചെഴുതുക

1. ഭാഷയില്ലാത്ത = ........................................ + ........................................
2. ഭാഷകളുണ്ട് = ........................................ + ........................................
3. മഹിമയെപ്പറ്റി = ........................................ + ........................................
4. കാര്യക്ഷമമാക്കാൻ = ........................................ + ........................................

## III. ശരിയായ അക്ഷരം കണ്ടുപിടിക്കുക

1. നാ ................................ നാളം. (പീ, ഭീ, ഫീ)
2. പൈ ................................ കം. (ദൃ, ധൃ, തൃ)
3. പ്രശംസാർ ................................ (ഹം, കം, ഗം)
4. വിശി ................................ മായ. (ശ്ട, ഷ്ട, സ്ട)
5. വ ................................ ത്തോൾ. (ല്ല, ള്ള, ല)

## IV. പൂരിപ്പിക്കുക

1. മറ്റുള്ള ജീവികളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഘടകം ..........................
2. ഒരു കുട്ടിയുടെ അടിസ്ഥാന .................................... ആരംഭിക്കുന്നത് മാതൃഭാഷയിലൂടെയാണ്.



5 th_06_Malayalam.indd 83 7/22/2019 3:13:28 PM

3. മാതൃഭാഷയിൽ വേണ്ടത്ര അറിവ് നേടിയ ശേഷം .................................... സ്വീകരിക്കുന്നതിൽ തെറ്റില്ല.

4. എന്റെ മാതൃഭാഷ .................................... ആണ്.

5. മാതൃഭാഷയിൽ വേണ്ടത്ര .................................... നേടാതെ മറ്റു ഭാഷകൾ പഠിക്കാൻ സാധ്യമല്ല.

## V. ഉത്തരമെഴുതുക

1. വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം സ്വന്തം വാക്യത്തിൽ ചുരുക്കി എഴുതുക.






5 th_06_Malayalam.indd 84 7/22/2019 3:13:28 PM

## കഥ 18 അമ്മമ്മ

- പി. സുരേന്ദ്രൻ



ഇത്തവണ സ്കൂൾ തുറന്നപ്പോൾ തന്റെ മൂന്നാമത്തെ പേരക്കുട്ടിയെയും സ്കൂളിൽ ചേർക്കാൻ ആ അമ്മമ്മ വന്നിരുന്നു. വീടിനടുത്ത ലോവർ പ്രൈമറി വിദ്യാലയത്തിൽ നിന്ന് നാലാം ക്ലാസ് കഴിഞ്ഞപ്പോൾ അവനെയും ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളിലേക്കു കൊണ്ടു വരുകയായിരുന്നു. മൂത്ത രണ്ടു പേരെയും ഇതേ പ്രായത്തിൽ തന്നെയാണ് ആ സ്കൂളിലേക്ക് അമ്മമ്മ കൊണ്ടുവന്നത്. അവരിൽ മൂത്തവൻ ഇപ്പോൾ ഒൻപതിലെത്തി. താഴെയുള്ളയാൾ ഏഴിലും.

അമ്മമ്മ തന്റെ ചെറിയവീട്ടിൽ ഒറ്റയ്ക്കാണ്. ഒന്നോർത്താൽ അമ്മമ്മയ്ക്ക് ആശ്വാസമാണ്. എന്നാൽ ചിന്തകൾ പെരുകുന്തോറും മഹാസങ്കടങ്ങളും .

നാലു വർഷം മുമ്പു മൂത്തകുട്ടിയെ സ്കൂളിൽ വിടാൻ വന്നപ്പോഴാണ് അമ്മമ്മയെ ആദ്യം കാണുന്നത്. കരച്ചിൽ വടുകെട്ടിയ മുഖം മനസ്സിന്റെ ഭിത്തിയിൽ പതിഞ്ഞുകിടക്കുന്നു. വെപ്രാളപ്പെട്ട നടത്തം പൊറുതികെട്ട ജൻമത്തിന്റേതാണെന്നും ഞാൻ തിരിച്ചറിഞ്ഞു. കൂടെയുള്ള



5 th_06_Malayalam.indd 85 7/22/2019 3:13:31 PM

കുട്ടിക്കു ഹോസ്റ്റലിൽ താമസിക്കാനൊന്നും താൽപ്പര്യമില്ലായിരുന്നു. അമ്മമ്മയുടെ സാരിയിൽത്തൂങ്ങി അവൻ ചിണുങ്ങിയത് ആ സ്കൂളിൽ തന്നെ ചേർക്കേണ്ട എന്നു പറയാനാണ് ചെറിയ കുട്ടിയല്ലേ, ഹോസ്റ്റൽ ജീവിതം സ്വീകരിക്കാനൊന്നും ആയിട്ടില്ലല്ലോ. അമ്മമ്മയുടെ സ്നേഹം നുകർന്ന് മതിയായിട്ടുണ്ടാവില്ലല്ലോ അവന്. അമ്മമ്മയുടെ കണ്ണു നിറഞ്ഞു. ഉറഞ്ഞുകൂടിയ സങ്കടങ്ങൾ അലിഞ്ഞൊഴുകാൻ തുടങ്ങി. പൊന്നുമക്കളെ എത്ര ലാളിച്ചാലാണു തന്റെ കൊതിയടങ്ങുക. എന്ന് അമ്മമ്മ എന്നോടു തിരിച്ചു ചോദിച്ചു. മൂന്നു മക്കളുടെ ഭാരം താങ്ങാൻ കഴിയാത്തതുകൊണ്ടാണ് മൂത്തവനെ ഹോസ്റ്റലിൽ ചേർക്കാൻ തീരുമാനിച്ചത്. അമ്മയില്ലാത്ത മൂന്നു മക്കളെയാണു താൻ പോറ്റുന്നതെന്ന് അമ്മമ്മ പറഞ്ഞപ്പോൾ മുഖത്തെ ചുളിവുകളിലേക്കും കറുത്ത പാടുകളിലേക്കും ഞാൻ നോക്കി.

തേവിത്തേവി വറ്റിപ്പോയ കിണറാണ് മുമ്പിൽ. എന്നാലും പൊടിയുന്നുണ്ട് തെളിനീര്, എത്ര ദൂരത്തു നിന്നാണ് ആ അമ്മമ്മ വരുന്നത്!

അവനെ സ്കൂളിലും ഹോസ്റ്റലിലും ചേർത്തു മടങ്ങിപ്പോകുമ്പോൾ അമ്മമ്മ ഏങ്ങിക്കരഞ്ഞു. അങ്ങനെ കരയുന്ന ഒരമ്മമ്മയെ ജീവിതത്തിൽ ആദ്യമായി കാണുകയായിരുന്നു. അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർഥം പിന്നീടാണെനിക്കു മനസ്സിലായത്.

വിധവയാണ് ആ അമ്മമ്മ. മൂന്നു പേരക്കുട്ടികളെയും പോറ്റിവളർത്താൻ അമ്മമ്മ തന്നെ അധ്വാനിക്കണം. മൂന്നാമത്തെ പേരക്കുട്ടിക്കു രണ്ടു വയസ്സുള്ളപ്പോഴാണ് കുട്ടികളുടെ അമ്മ മരണപ്പെടുന്നത്. ആ മരണം സാധാരണമരണമോ ദുർമരണമോ ആയിരുന്നില്ലെന്ന് അമ്മമ്മ പറഞ്ഞപ്പോഴാണ് അമ്മമ്മയുടെ കണ്ണീര് തിളങ്ങുന്ന ഒരു സൂചിയായി മാറിയതും എന്റെ കണ്ണിൽ കൊണ്ടതും എനിക്ക് കണ്ണീർ പൊടിഞ്ഞതും.

മകൾ ഒരേയൊരു മകളായിരുന്നു.

ആണും പെണ്ണുമായി ഒന്ന്

അവളുടെ ഭർത്താവ് തികഞ്ഞ മദ്യപാനിയായിരുന്നു. കലഹിച്ച ജീവിതത്തിൽ നിന്നുതന്നെയാണ് മൂന്നു കുട്ടികളും പിറന്നത്.

ലാളിച്ചു വളർത്തിയ തന്റെ മകളെ അമ്മമ്മ ഒരിക്കലും ജോലിചെയ്യാൻ വിട്ടില്ല. പകരം അമ്മമ്മ പണിയെടുക്കാൻ പോയി. അമ്മമ്മ പണിചെയ്തു കൊണ്ടുവരുന്ന പണം കൊണ്ടെങ്കിലും അവന്റെ മുഖം തെളിയട്ടെയെന്നും കലഹമില്ലാതാവട്ടെയെന്നും അമ്മമ്മ ആഗ്രഹിച്ചു. കാണണം പക്ഷേ, അവന് ഒരു മാറ്റവും വന്നില്ല. അമ്മവിളക്ക് ഊതിക്കെടുത്തി പറക്കമുറ്റാത്ത



5 th_06_Malayalam.indd 86 7/22/2019 3:13:31 PM

മൂന്നു മക്കളെ ഇരുട്ടിലേക്കു തള്ളി. അവരുടെ കരച്ചിലുകൾക്ക് കാതു കൊടുക്കാതെ അവൻ എങ്ങോട്ടോ ഓടിപ്പോയി.

അതൊക്കെ കഴിഞ്ഞിട്ടിപ്പോൾ എട്ടു വർഷമായി. കരയാത്ത ഒറ്റദിവസം പോലും പിന്നെ അമ്മമ്മയുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. പേരക്കുട്ടികൾക്കു വിളമ്പിക്കൊടുക്കുന്ന കഞ്ഞിയിൽ കണ്ണീരുപ്പ് എത്ര വീണലിഞ്ഞിട്ടുണ്ടെന്നും അമ്മമ്മയ്ക്കറിയില്ല. ഹോസ്റ്റലിലുള്ള കുട്ടിയെ ഇടയ്ക്ക് വന്നു കാണും അമ്മമ്മ. അവന്റെ ആവശ്യങ്ങളും ആവലാതികളും കേൾക്കുമ്പോൾ തുണിസഞ്ചിയിൽ നിന്നു പിഞ്ഞികീറിയ പേഴ്സ് പുറത്തെടുത്ത് അമ്മമ്മ നിന്നു പരുങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. ചില്ലറത്തുട്ടുകളിൽ കണ്ണീരു നനച്ച് അമ്മമ്മ അവനു കൊടുക്കും. വാശിപ്പിടിച്ചിട്ടു കാര്യമില്ലെന്ന് അറിയാവുന്നതു കൊണ്ട് അവനത് മേടിക്കും. എത്രയോ തവണ ഞാനതു കണ്ടിട്ടുണ്ട്.

രണ്ടു വർഷം കഴിഞ്ഞപ്പോൾ രണ്ടാമത്തവനേയും ഹോസ്റ്റലിൽ ചേർത്തു. ഇപ്പോൾ മൂന്നാമത്തവനെയും! കണ്ണീര് നനച്ച് നൽകേണ്ട ചില്ലറത്തുട്ടുകളുടെ എണ്ണം വർധിക്കുകയാണ്. ആ പേഴ്സാവട്ടെ, കൂടുതൽ പിഞ്ഞിക്കീറുകയും ചെയ്തിരിക്കുന്നു.

മൂന്നു കുട്ടികളെയും ഹോസ്റ്റലിൽ കൊണ്ടുവിട്ടതോടെ അമ്മമ്മ വല്ലാതായിട്ടുണ്ട്. മക്കളുടെ ചൂടില്ലാത്ത വീട്ടിൽ അമ്മമ്മ തണുത്തു വിറയ്ക്കുന്നുണ്ടാവണം. ശരിക്കും ഉറങ്ങാൻ പറ്റുന്നുണ്ടാവില്ലെന്ന് അറിയാം. ഏകാന്തത അസഹനീയമായിരിക്കും. അമ്മയില്ലാത്ത കുട്ടികളെ നെഞ്ചോടു ചേർത്തു പിടിച്ചാണ് വളർത്തേണ്ടതെന്ന് അമ്മമ്മയ്ക്കറിയാഞ്ഞിട്ടല്ല. അവരുടെ ആവശ്യങ്ങളൊന്നും നിറവേറ്റാൻ കഴിയാത്തതുകൊണ്ടും അവരുടെ പഠനത്തെച്ചൊല്ലി വലിയ പ്രതീക്ഷകൾ ഉള്ളതു കൊണ്ടും മാത്രമാണ് അവരെ ഹോസ്റ്റലിൽ വിട്ടത്. ഇപ്പോൾ ഇടയ്ക്കിടെ മൂന്നു പേരേയും കാണാൻ അമ്മ വരും.

അമ്മമ്മയുടെ കാതുകൾ നഗ്നമാണെന്നു മുമ്പുതന്നെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തു കൊണ്ടുപോയ ഒരേയൊരു, സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്. ഈയിടെ മറ്റൊന്നുകൂടി ഞാൻ ശ്രദ്ധിച്ചു. അമ്മമ്മ ചെരുപ്പും ധരിക്കാറില്ല. ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടു പൊട്ടിയിട്ടുണ്ട്.

മൂന്നു മക്കളേയും സ്റ്റാഫ്റൂമിൽ കൊണ്ടുവന്ന് അവരുടെ അധ്യാപ കരെ കാണും അമ്മമ്മ. എന്റെ മക്കളെ പൊന്നുപോലെ നോക്കണേയെന്നു യാചിക്കും. പഠിപ്പിച്ചു കരകയറ്റണേ എന്നു പറയും. ഇന്റർവെൽസമയത്തു മൂന്നു



5 th_06_Malayalam.indd 87 7/22/2019 3:13:31 PM

പേരെയും കൂട്ടി അമ്മമ്മ അങ്ങാടിയിലേയ്ക്കിറങ്ങും. മൂന്നു പേരും അമ്മമ്മയുടെ സാരിയിൽ തൂങ്ങിയാണ് നടക്കുക. അവർക്ക് ഒത്തിരി ആവശ്യങ്ങളുണ്ട്. ആവലാതികളുണ്ട്. ചായക്കടയിലേക്ക് അവരെ കൊണ്ടു പോകും. അമ്മമ്മ പൊറോട്ടയും, പഴംപൊരിയും മേടിച്ചു കൊടുക്കും പേന, ചെരുപ്പ്, ബെൽറ്റ് ചോക്കലേറ്റ് അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾക്ക് അവസാനമില്ല. അച്ഛനും അമ്മയുമുള്ള കുട്ടികളുടെ ബെഞ്ചിലാണു തന്റെ മക്കൾ ഇരിക്കുന്നതെന്ന് അമ്മമ്മയ്ക്കറിയാം. അതിന്റെ സങ്കടങ്ങളൊന്നും അവർക്കുണ്ടാവരുത്.

അമ്മ മടങ്ങിപ്പോകുന്ന നേരം ക്ലാസ്സിലെ ടീച്ചറുടെ ശാസന പോലും വകവയ്ക്കാതെ ഏറ്റവും ഇളയവൻ വാതിൽക്കൽ ചെന്നുനിന്ന് അമ്മമ്മേയെന്ന് ഉറക്കെ വിളിച്ചതും ഒരിക്കൽ ഞാൻ കേട്ടു.

എന്റെ വേവലാതി പക്ഷേ അതൊന്നുമല്ല. കുട്ടികൾ വളരുകയാണ്. വർണത്തിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റി മറിക്കും വെയിലിലൂടെ നടന്നു നടന്ന് നിറം മങ്ങിയ അമ്മമ്മയുടെ സാരിയിലേക്കു വെറുപ്പോടെ അവർ നോക്കും. അന്നേരം അമ്മമ്മയുടെ കണ്ണീര് കണ്ണുകളിൽ നിന്ന് പിൻവാങ്ങുമായിരിക്കും. പാദങ്ങളിലെ വിള്ളലുകളിലൂടെ ചോരയായി. വയ്യ.

അമ്മമ്മയെക്കുറിച്ച് ആലോചിക്കാനേ വയ്യ.





5 th_06_Malayalam.indd 88 7/22/2019 3:13:31 PM

# അഭ്യാസം

## I. പദപരിചയം

| | | | | |
|---|---|---|---|---|
| അമ്മമ്മ | വിദ്യാലയം | ഹോസ്റ്റൽ | വെപ്രാളം | ജൻമം |
| തേവിത്തേവി | തെളിനീര് | പേരക്കുട്ടി | ദുർമരണം | ഭർത്താവ് |
| മദ്യപാനി | അമ്മവിളക്ക് | കണ്ണീരുപ്പ് | തുണിസഞ്ചി | |
| പേഴ്സ് | ഏകാന്തത | അസഹനീയം | | |

## II. അർത്ഥമെഴുതുക

1. അമ്മ = അമ്മയുടെഅമ്മ
2. ഭിത്തി = ചുവർ
3. സങ്കടം = ദുഃഖം
4. ചില്ലറത്തുട്ട് = ചില്ലറപൈസ
5. മേടിക്കും = സ്വീകരിക്കും
6. അസഹനീയം = സഹിക്കാൻ കഴിയാത്തത്
7. പാദങ്ങൾ = കാലുകൾ

## III. പിരിച്ചെഴുതുക

1. ഒറ്റയ്ക്കാണ് = ........................ + ........................
2. സാരിയിൽത്തൂങ്ങി = ........................ + ........................
3. അലിഞ്ഞൊഴുകാൻ = ........................ + ........................
4. അമ്മയില്ലാത്ത = ........................ + ........................
5. എങ്ങിക്കരഞ്ഞു. = ........................ + ........................



5 th_06_Malayalam.indd 89 7/22/2019 3:13:31 PM

## IV. ചേർത്തെഴുതുക

1. ഒരു + അമ്മയെ = ..................................................
2. മദ്യപാനി + ആയിരുന്നു = ..................................................
3. പണി + എടുക്കാൻ = ..................................................
4. ഊതി + കെടുത്തി = ..................................................
5. ഓടി + പോയി = ..................................................

## V. പൂരിപ്പിക്കുക

1. അമ്മമ്മയ്ക്ക് ..................................... പേരക്കുട്ടികളാണുള്ളത്.
2. മൂത്തവൻ ഇപ്പോൾ ..................................... നിർത്തി.
3. തുണിസഞ്ചിയിൽ നിന്നും പിഞ്ഞികീറിയ ..................................... പുറത്തെടുക്കും.
4. കുട്ടികൾ താമസിക്കുന്നത് ..................................... ആണ്.
5. ഈ മനോഹരമായ കഥ എഴുതിയത് ..................................... ആണ്.

## VI. വിപരീത പദം എഴുതിവാക്യം പൂർത്തിയാക്കുക

1. വിദ്യാലയം തുറന്നപ്പോൾ വിദ്യാർത്ഥികൾ ഉത്സാഹം കൊണ്ടു. വിദ്യാലയം ..................................... അമ്മമ്മ വീട്ടിലേക്ക് പോയി.
2. വീടിന് അടുത്താണ് പൂന്തോട്ടമുള്ളത്. വിമലിന്റെ വീട് കുറച്ച് .....................................
3. ഒരുപാട് സങ്കടങ്ങളുള്ള വ്യക്തിയാണ് അമ്മമ്മ. പിറന്നാൾ വന്നപ്പോൾ ജനി ..................................... കൊണ്ട് തുള്ളിച്ചാടി.

## VII. ഉത്തരം കണ്ടുപിടിക്കുക

1. അമ്മമ്മയുടെ സങ്കടങ്ങൾ എന്താണെന്ന് വ്യക്തമാക്കുക?
2. അമ്മമ്മയുടെ സവിശേഷതകൾ എന്തെല്ലാം?
3. നിങ്ങളുടെ അമ്മമ്മയെക്കുറിച്ച് അഞ്ചു വാക്യങ്ങൾ എഴുതുക?



5 th_06_Malayalam.indd 90 7/22/2019 3:13:31 PM

ഭാഗം 7

# നാടകമേ ഉലകം



## പഠന ലക്ഷ്യങ്ങൾ

- സതീർത്ഥ്യസ്നേഹത്തിന്റെ സമർപ്പണവും ലാളിത്യവും അറിയൽ
- പുഴകൾ നാടിന്റെ അഭിമാനം എന്ന തിരിച്ചറിവ് ഉണ്ടാക്കൽ
- ജീവിതം തന്നെ ഒരു നാടകം എന്ന സന്ദേശം ഉൾക്കൊള്ളൽ

## പാഠഭാഗങ്ങൾ

**കവിത :** ദ്വാരകയിലേക്ക് - രാമപുരത്ത് വാര്യർ

**ഗദ്യം :** പുഴ

**നാടകം :** നൂറ്റൊന്നു സ്വർണക്കുടം



5 th_07_Malayalam.indd 91 7/22/2019 3:14:22 PM

കവിത **19**

# ദ്വാരകയിലേക്ക്

– രാമപുരത്ത് വാര്യാർ



പറഞ്ഞതങ്ങനെ തന്നെ, പാതിരാവായല്ലോ പത്നി
കുറഞ്ഞൊന്നുറങ്ങട്ടെ ഞാനുലകീരേഴും
നിറഞ്ഞ കൃഷ്ണനെകാൺമാൻ പുലർകാലേ പുറപ്പെടാം
അറിഞ്ഞു വല്ലതും കൂടെത്തന്നയക്കേണം
ത്രിഭുവനമടക്കി വാണിരുന്നരുളുന്ന മഹാ
പ്രഭുവിനെ കാൺമാൻ കൈക്കലേതും കൂടാതെ
സ്വഭവനത്തിങ്കൽ നിന്നു ഗമിക്കരുതാരും കൈക്ക
ലിഭവുമാമിലയുമാം കുസുമവുമാം
അവിലുമാം മലരുമാം ഫലവുമാം യഥാശക്തി
മലർക്കന്യാമണവാളനൊക്കെയുമാകും
ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചു കൊണ്ടന്ന ധാന്യം
ക്ഷിപ്രമിരുട്ടത്തിടിക്ക കൊണ്ടു കല്ലും നെല്ലുമേറു
മപ്പൃഥുകം പൊതിഞ്ഞൊരു തുണിയിൽ ക്കെട്ടി,



5 th_07_Malayalam.indd 92 7/22/2019 3:14:23 PM

കാലത്തെഴുന്നേറ്റു കുളിച്ചുത്തുവന്ന പതിയുടെ
കാലടി വന്ദിച്ചു പൊതി കൈയിൽ കൊടുത്തു
കൂലം കഷ കൂതുഹലം കുടയുമെടുത്തിട്ടനു
കൂലയായ പത്നിയോടു യാത്രയും ചൊല്ലി,
ബാലാദിത്യവെട്ടം തുടങ്ങിയ നേരം കൃഷ്ണനാമ
ജാലങ്ങളെ ജപിപ്പൂതും ചെയ്തു കുചേലൻ
ചാലേ വലത്തോട്ടൊഴിഞ്ഞ ചകോരാദിപക്ഷിയുടെ
കോലാഹലം കേട്ടു കൊണ്ടു വിനിർഗമിച്ചു.

## അഭ്യാസം

### I. പുതിയ പദങ്ങളുടെ അർത്ഥം മനസ്സിലാക്കുക

| | | |
|---|---|---|
| 1. പത്നി | = | ഭാര്യ |
| 2. ഉലക് | = | ഭൂമി |
| 3. പുലർകാലം | = | അതിരാവിലെ |
| 4. ത്രിഭുവനം | = | മൂന്നുലോകം |
| 5. ഭവനം | = | വീട് |
| 6. ഗമിക്കുക | = | പുറപ്പെടുക |
| 7. ക്ഷിപ്രം | = | വേഗം |
| 8. പൃഥുകം | = | അവൽ |
| 9. പതി | = | ഭർത്താവ് |

### II. പിരിച്ചെഴുതുക

1. പറഞ്ഞതെങ്ങനെ = .................................... + ....................................
2. പാതിരാവായല്ലോ = .................................... + ....................................
3. ഉലകിലേഴും = .................................... + ....................................
4. വാണിരുന്നരുളുന്ന = .................................... + ....................................
5. കൈക്കലേതും = .................................... + ....................................



5 th_07_Malayalam.indd 93 7/22/2019 3:14:23 PM

## III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ദ്വാരകയിലേക്ക് എന്ന പദ്യത്തിന്റെ കർത്താവ്?

   അ. രാമപുരത്ത് വാര്യർ　　ആ. കുഞ്ചൻനമ്പ്യാർ

   ഇ. ചെറുശ്ശേരി　　ഈ. എഴുത്തച്ഛൻ

2. കുചേലൻ കൃഷ്ണനെ കാണാൻ പോകുന്ന നേരം എന്താണ് കൊണ്ടുപോയത് ?

   അ. മാമ്പഴം　　ആ. പണക്കിഴി

   ഇ. അവൽ　　ഈ. പുസ്തകം

3. കൃഷ്ണനെ കാണാൻ കുചേലൻ പോയ നേരം ഏത്?

   അ. രാത്രി　　ആ.ഉച്ചയ്ക്ക്

   ഇ. വൈകുന്നേരം　　ഈ. പുലർക്കാലം

4. കൃഷ്ണൻ കുചേലന്റെ ആരാണ്?

   അ. അമ്മവൻ　　ആ. അനുജൻ

   ഇ. സതീർത്ഥ്യൻ　　ഈ. ഗുരു

## IV. ചേർത്തെഴുതുക

| | | | | |
|---|---|---|---|---|
| 1. ഗമിക്കരുത് | + | ആരും | = | ................................................ |
| 2. പൊതിഞ്ഞ് | + | ഒരു | = | ................................................ |
| 3. കാലത്ത് | + | എഴുന്നേറ്റ് | = | ................................................ |
| 4. കുടയും | + | എടുത്തിട്ട് | = | ................................................ |
| 5. വലത്തോട്ട് | + | ഒഴിഞ്ഞ | = | ................................................ |

## V. വിപരീതപദമെഴുതുക

1. പ്രഭാതം × പ്രദോഷം
2. വലത്തോട്ട് × ഇടത്തോട്ട്
3. ഇരുട്ട് × വെളിച്ചം

## VI. പര്യായപദം കണ്ടെത്തുക

1. രാവ് = ........................, ........................, ........................
2. കൃഷ്ണൻ = ........................, ........................, ........................
3. ഭവനം = ........................, ........................, ........................
4. പതി = ........................, ........................, ........................

## VII. ചേരും പടി ചേർത്ത് എതിർ ലിംഗമെഴുതുക

| | | |
|---|---|---|
| 1. ഭർത്താവ് | × | മണവാട്ടി |
| 2. യാചകൻ | × | കുബേരൻ |
| 3. മണവാളൻ | × | കവയത്രി |
| 4. കുചേലൻ | × | യാചകി |
| 5. കവി | × | ഭാര്യ |

## VIII. ഉത്തരമെഴുതുക

1. കൃഷ്ണനെ കാണാൻ പോകുന്നതിനെ കുറിച്ച് കവി പറയുന്നതെന്ത്?
2. കുചേലന്റെ വാക്കുകൾ കേട്ട് പത്നി എന്താണ് ചെയ്തത്?
3. എപ്പോഴാണ് കുചേലൻ കൃഷ്ണനെക്കാണാൻ പുറപ്പെട്ടത്?

**നിന്റെ കൂട്ടുകാരനെ/കൂട്ടുകാരിയെ കുറിച്ച് അഞ്ചു വാക്യങ്ങൾ എഴുതുക**





5 th_07_Malayalam.indd 95 7/22/2019 3:14:24 PM

ഗദ്യം 20

# പുഴ



പുഴ എനിക്കൊരു വിസ്മയകരമായ രഹസ്യമായിരുന്നു പുഴവക്കത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. ഞാൻ പഠിച്ച പ്രാഥമിക വിദ്യാലയവും പുഴയ്ക്കരികിലായിരുന്നു. സ്കൂളിൽ നിന്ന് രണ്ട് ചാൺ നടന്നാൽ മതി പുഴയുടെ വക്കത്തെത്താൻ. ഒഴിവു സമയങ്ങൾ മിക്കവാറും ഞാൻ ചെലവഴിച്ചിരുന്നത് നദീ തീരത്തായിരുന്നു. കൂട്ടുകാരുമുണ്ടാകും. അവരില്ലാതെ ഒറ്റയ്ക്ക് പുഴയും നോക്കിയിരിക്കുന്നതായിരുന്നു എനിക്ക് രസം.

കല്ലായിപ്പുഴയാണ് അഴിമുഖം. അകലെ കാണാം. നദീതീരത്തു മരപ്പാണ്ടിക ശാലകൾ. അവിടെ ലക്ഷങ്ങൾ കൈമാറുന്നു. ഇടയ്ക്കിടെ പുഴയിലേക്ക് കൊലക്കയർ നീട്ടിയതുപോലെ വെള്ളപ്പരപ്പിലേക്ക് ആരവം പുറപ്പെടുവിച്ചിറങ്ങുന്ന തടിച്ച ഇരുമ്പു ചങ്ങലകളുടെ കൊക്കികൾ മരത്തടികൾ കാടിന്റെ മയ്യത്തുകൾ തൂക്കിയെടുത്ത് ഈൗർച്ചമില്ലുകളിലെ വാതുറന്ന കൂർത്ത പല്ലുകളുള്ള ബാൻഡ് ഡോവിലേക്ക് ഉന്തിത്തള്ളുന്നു.



5 th_07_Malayalam.indd 96 7/22/2019 3:14:25 PM

പുഴയ്ക്കരികിൽ മരത്തടികൾ അട്ടിയട്ടിയായി വച്ചിട്ടുണ്ടാകും. നിരനിരയായി മരയട്ടികൾ. അതിലേക്കു ചാടിക്കയറാൻ വെള്ളം ചവിട്ടിപ്പോകണം ചതുപ്പു നിലമാണ്. മണ്ണിൽ നിന്ന് പുറ്റുകൾ നീരോളങ്ങൾ അവയെ തലോടുന്നു. അവയ്ക്കിടയിൽ മഞ്ഞക്കാലുള്ള ഞണ്ടുകൾ നൃത്തം വയ്ക്കുന്നു. പെൺകുട്ടികളും ആൺകുട്ടികളും കട്ടപ്പാരകളും കൊട്ടയുമായി മരമുരുളുകളെ പൊതിയുന്നു. ആക്രമണം തുടങ്ങുകയായി. മരത്തിന്റെ പുറം തൊലികൾ അവർ അടർത്തിയെടുക്കുന്നു. എന്റെ പ്രായമുള്ള കുട്ടികൾ കഠിനമായ ജീവിത സമരത്തിന്റെ ഇരകളായിത്തീരുന്നു. അവർക്ക് ആഹാരം വേണ്ട. വേണ്ടതു ഭക്ഷണം. അതിനുള്ള വക മരത്തടികൾ സമ്മാനിക്കുന്നു.

മുതിർന്നവർക്ക് പലവിധം ജോലികളാണ്. മരത്തടികൾ യാ അള്ളാ പാടി മുട്ടോളം വെള്ളത്തിൽ നിന്ന് തോളിൽ കയറ്റുന്നു. ഈർച്ച മില്ലുകളിൽ ചക്രവാളിനു ഭക്ഷണം നൽകുന്നതു പോലെ മരത്തടികൾ വച്ചു കൊടുക്കുന്നു. പുഴയുടെ ഇരുഭാഗത്തും പന്തം കെട്ടി മരത്തടികളെ വെള്ളത്തിൽ തടവിലാക്കുന്നു. അവയ്ക്കിടയിൽ വെള്ളം നൂണ്ടുകളിക്കും. പുഴയ്ക്കു നടുവിൽ നിരപ്പം കുത്തിവരുന്ന കുപ്പായമിടാത്ത മനുഷ്യരെ കാണാം. പതുക്കെയാണ് തിരപ്പം നദിയൊഴുക്കിനെ മുറിച്ചു കടക്കുക. ചിലപ്പോൾ അവരുടെ പാട്ടുകൾ കേൾക്കാം.

കല്ലായിക്കടവത്ത് കപ്പക്കാരൻ

കല്ലായി പ്പോയതറിഞ്ഞില്ലേ

ജലപ്രവാഹത്തിന്റെ ഈണം പിടിച്ചുപറ്റിയ പാട്ടുകൾ ചിലപ്പോൾ അവയ്ക്കൊരു പാഠഭേദമുണ്ടാകും കുഞ്ഞിപ്പോക്കര് കല്ലായിപ്പോകുന്നതിനു പകരം എല്ലായിപ്പോകുന്നു അതാണ് മാറ്റം.

പുഴ ഞങ്ങൾക്ക് ജീവിതമാണ്. കല്ലായിപ്പുഴയിലൂടെ ഒഴുകുന്നത് ഉപ്പുവെള്ളമാണ്. അതു ഞങ്ങളുടെ ജീവിതത്തിന്റെ ഉപ്പായിരുന്നു. വെള്ളം കുടിക്കാനും കുളിക്കാനും കഴുകാനും പറ്റില്ല. ചീഞ്ഞ മരപ്പാളികൾ വീണ് എണ്ണ മിനുക്കം നൽകുന്നു. പക്ഷേ, പുഴ ഞങ്ങൾക്ക് തന്നത് അന്നമാണ്.

അനേകം തൊഴിലാളികൾ, അനേകം മരക്കച്ചവടക്കാർ, അവരുടെ കണക്കപ്പിള്ളമാർ തൊപ്പിക്കുടയുമായി നടുപ്പുഴയിൽ മരമുരുളുകളുടെ എണ്ണവും വണ്ണവും നീളവും നാടകൾ കൊണ്ട് നിജപ്പെടുത്തി വിളിച്ചറിയിക്കുന്ന അളത്തക്കാർ. അതു നോട്ട്ബുക്കിൽ കുറിക്കുന്ന കണക്കപ്പിള്ളമാർ ഉടമയുടെ പേരും നമ്പറും ചെറുുളി കൊണ്ട് മരത്തടിയിൽ കൊത്തിയിടുന്ന നമ്പറുകൊത്തികൾ. അക്കാലത്തു രാവും പകലും ഗർജിക്കുന്ന ഈർച്ചമില്ലുകൾ, അങ്ങെവിടെയോ യുദ്ധം നടക്കുന്നതിനാൽ



5 th_07_Malayalam.indd 97 7/22/2019 3:14:25 PM

ഇങ്ങു വിശ്രമമില്ലാതെ മരപ്പലകകൾ തീർക്കുന്നു. മില്ലുകളുടെ പരിസരത്ത് കുന്നു കൂട്ടിയിരിക്കുന്ന മരപ്പൊടി കൊട്ടയിൽ ചുമന്നു കൊണ്ടുപോയി വിൽക്കുന്ന ബാല്യത്തോടു വിടപറയുന്ന ചെറുപ്പക്കാർ, പുഴ ജീവിതം തന്നെ. ജീവിതം പുഴ തന്നെ.

ജീവിതത്തിന്റെ എല്ലാ വികാരങ്ങളും മൊട്ടിടുന്നതും പുഷ്പിക്കുന്നതും കരിഞ്ഞുവീഴുന്നതും പുഴയോടു ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതി കനിവാർന്നരുളിയ വരദാനമത്രേ കല്ലായിപ്പുഴ. അതു കല്ലായിപ്പുഴയ്ക്കു മാത്രമേയുള്ളൂവെന്നായിരുന്നു എന്റെ ഇളം മനസ്സിന്റെ വിശ്വാസം. കാലം ആ തെറ്റു തിരുത്തുന്നു.

എല്ലാ പുഴകളും കല്ലായിപ്പുഴപോലെ തന്നെയാണ്. എല്ലാ ഒഴുക്കുകൾക്കും രഹസ്യാത്മകതയുണ്ട്. ഒഴുക്കുവെള്ളം മാറ്റമില്ലാത്ത മാറ്റമാണ്. നാം ജലപ്രവാഹത്തോടു ചോദിച്ചു പോകുന്നു. എവിടെനിന്നു വന്നു? എവിടേയ്ക്കു പോകുന്നു? എത്രയാഴമുണ്ട്? എന്താണ് നിന്റെ ചുറ്റും? ഏതു കാലത്തും ഇളം മനസ്സുകൾ ചോദിക്കുന്ന ചോദ്യം ഇവ തന്നെ. മനുഷ്യഭാഗധേയത്തിൽ ത്രികാലങ്ങൾ സൃഷ്ടിക്കുന്നതിൽ പുഴകൾക്കു പങ്കില്ല. പങ്കുള്ളത് നമ്മുടെ ജീവിതം കെട്ടിയുയർത്തുന്നതിൽ മാത്രം. അതെന്നും ഒരു സാന്നിധ്യം.

മനുഷ്യൻ കൂട്ടമായി താമസം തുടങ്ങിയതു പുഴ വക്കുകളിലാണ്. വെള്ളം നനഞ്ഞ ഭൂമികളിൽ അവർ ചതുപ്പുകൾ വിരിച്ചു. നദീതടങ്ങളിലാണ് മനുഷ്യ സംസ്കാരത്തിന്റെ തുടക്കം കുറിച്ചത്. നൈൽ നദീ തീരങ്ങളിലും യുഫ്രട്ടീസ് ടൈഗ്രീസ് തീരങ്ങളിലും ഗംഗാസമതലങ്ങളിലും മനുഷ്യസംസ്കാരത്തിന്റെ വിളംബരങ്ങളുയർത്തി ചരിത്രം യാത്ര തുടങ്ങി. പിന്നീടതു മീൻ പിടിത്തമായി, പുഴയിലെ യാത്രകളായി...അങ്ങനെ.....

ഒരു പക്ഷേ ഇതായിരിക്കും പുഴകൾ എന്നും സാഹിത്യകാരന് പ്രചോദനമരുളിയത്. ഫാഷനുകൾ മാറാം. ആവിഷ്കാര കൗശലങ്ങൾ വരുകയും പോകുകയും ചെയ്യുന്നു. എന്നാൽ നദി നിത്യവിസ്മയത്തിന്റെ വർണശലഭമായി മാറുന്നു. ആ കാഴ്ചയിൽ എഴുത്തുകാരൻ ആകുലനാകുന്നു. പുഴയെക്കുറിച്ച് കവിതയെഴുതാൻ കവികളുണ്ടാവില്ല. ഭാരതപ്പുഴയും നിളയും കുഞ്ഞിരാമൻ നായരുടെ ഇഷ്ട വിഷയമായിരുന്നല്ലോ. വള്ളത്തോളിന്റെ ഒരു തോണിയാത്ര ഇന്നും മനസ്സിന് തണുപ്പു നൽകുന്നു. വലിയ എഴുത്തുകാരെല്ലാം നദിയുടെ രഹസ്യം മെരുക്കിയെടുക്കാൻ പരിശ്രമിച്ചു വരുകയാണ്.

മിസിസിപ്പി മിസ്സോറിയ ചുറ്റിപറ്റിയുള്ള മാർക് ടൈ്വനിന്റെ ആഖ്യായികകൾ പ്രസിദ്ധമാണ്. റഷ്യൻ സ്റ്റെപ്പികളുടെ സംഗീതമാലപിക്കുന്ന ഷൊളക്കോവിന്റെ ഡോൺ നോവലുകൾ നമ്മുടെ മനസ്സിനു



5 th_07_Malayalam.indd 98 7/22/2019 3:14:25 PM

നൽകിയ വികാസം നിസ്സീമമാണ്. നൈൽ നദീതീരങ്ങളുടെ കഥകൾ സമാഹരിച്ചിട്ടുണ്ട്. കൊച്ചു നദികൾ പോലും എഴുത്തുകാരന്റെ മനസ്സിനെ ചലിപ്പിക്കുന്നു. മേച്ചേരിപ്പുഴ എന്ന സങ്കൽപ്പത്തിന്റെ മുമ്പിൽപോലും കവി ധ്യാനലീനനായി നിൽക്കുന്നു. നിളാ നദിയുടെ നെടുവീർപ്പുകൾ ഗാനങ്ങളായി മാറിയത് നമുക്കറിയാം. പൊറ്റെക്കാട്ടിന്റെ കടത്തുതോണിയെക്കുറിച്ചുള്ള കഥ ഇപ്പോഴും നമ്മെ ത്രസിപ്പിക്കുന്നു. ജീവിതം മരണമായി മാറുന്ന അദ്ഭുതാവാഹമായ പരിണാമം. ചുക്കാനില്ലാതെ തോണിയിൽ കടവുകാരൻ കടന്നു. അഴിമുഖത്തേയ്ക്ക് നിലാവുള്ള രാത്രിയിൽ നീങ്ങുന്നു. പത്മാനദിയിലെ മുക്കുവന്റെ കഥ മലയാളിക്കറിയാം. താരാശങ്കർ ബാനർപിയുടെ തോണിക്കാരൻ താറിണിയിൽ ജീവിതോപായം നൽകിയ പുഴ തോണിക്കാരനെ വിഴുങ്ങുന്നതു കാണാം. അങ്ങനെ എത്രയെത്ര കഥകൾ!

പുഴ കരകളെ അടുപ്പിക്കുന്നു. പുഴ മനുഷ്യരെ സമൂഹ ജീവികളാക്കി മാറ്റുന്നു. പറ്റിയാൽ മനുഷ്യജീവിതം മാറ്റുന്നു. മനുഷ്യവംശത്തിൽ നിന്നു സംസ്കാരം ഊർന്നു പോകുന്നു.

## അഭ്യാസം

### I. പദപരിചയം

| | | | |
|---|---|---|---|
| വിസ്മയം | വിദ്യാലയം | കല്ലായിപ്പുഴ | അഴിമുഖം |
| ലക്ഷണങ്ങൾ | ചങ്ങല | ആരവം | മയ്യത്ത് |
| മരത്തടി | കട്ടപ്പാര | പാഠഭേദം | ഉപ്പുവെള്ളം |
| മരക്കച്ചവടം | കണക്കുപ്പിള്ള | മരപ്പൊടി | വരദാനം |

### II. അർത്ഥമെഴുതുക

1. വിസ്മയം = ആശ്ചര്യം
2. അഴിമുഖം = നദികൾ, കായലുകൾ കടലുകളോടു സംഗമിക്കുന്ന ഭാഗം
3. മയ്യത്ത് = മരണം
4. ചീഞ്ഞ = അഴുകിയ
5. അന്നം = ആഹാരം



5 th_07_Malayalam.indd 99 7/22/2019 3:14:25 PM

## III. ചേർത്തെഴുതുക

1. വക്കത്ത് + എത്താൻ = .....................................................
2. തീരത്ത് + ആയിരന്നു = .....................................................
3. കല്ലായി + പുഴ = .....................................................
4. തൂക്കി + എടുത്ത് = .....................................................
5. പുഴയ്ക്ക് + അരികിൽ = .....................................................

## IV. പിരിച്ചെഴുതുക

1. ഉന്തിത്തള്ളുന്നു = ..................................................... + .....................................................
2. അട്ടിയട്ടിയായി = ..................................................... + .....................................................
3. ചാടിക്കയറാൻ = ..................................................... + .....................................................
4. നീരോളങ്ങൾ = ..................................................... + .....................................................
5. അടർത്തിയെടുക്കുന്നു = ..................................................... + .....................................................

## V. പൂരിപ്പിക്കുക

1. പുഴയ്ക്കരുകിൽ ..................................... അട്ടിയട്ടിയായി വച്ചിട്ടുണ്ടാവും.
2. പുഴ ഞങ്ങൾക്ക് .....................................
3. നോട്ടു ബുക്കിൽ ..................................... മരത്തടികളുടെ നീളവും വണ്ണവും കുറിച്ചിടും
4. പ്രകൃതി കനിവാർന്നരുളിയ വരദാനമത്രേ .....................................
5. ..................................... യുടെ നെടുവീർപ്പുകൾ ഗാനങ്ങളായി മാറിയത് നമുക്കറിയാം.

## VI. വായിക്കാം പറയാം

1. കുട്ടിക്കാലത്ത് ലേഖകൻ കല്ലായിപ്പുഴയുടെ കരയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം?
2. ഈർച്ച മില്ലിലേക്ക് തടി കൊണ്ടുവരുന്ന രംഗം ആവിഷ്കരിച്ചതെങ്ങനെ?
3. ഇളം മനസ്സുകൾ പുഴയോട് ചോദിക്കുന്ന ചോദ്യങ്ങൾ എന്തൊക്കെയാണ്?
4. പുഴ എന്നും സാഹിത്യകാരനു പ്രചോദനമായത് എന്തുകൊണ്ടായിരിക്കും?



5 th_07_Malayalam.indd 100 7/22/2019 3:14:25 PM

## നാടകം 21 നൂറ്റൊന്നു സ്വർണ്ണക്കുടം



(രാജകൊട്ടാരം, സഭാമണ്ഡപം മന്ത്രി ഉലാത്തുന്നു. രാജാവ് എഴുന്നള്ളുണ്ടോ എന്ന് ഇടയ്ക്കിടെ അകത്തേയ്ക്ക് നോക്കുന്നുണ്ട്. അല്പം കഴിഞ്ഞ് ഒരു ഭടൻ പ്രവേശിച്ച് ഇത് വിളിച്ചു പറയുന്നു)

**ഭടൻ :** രാജാധിരാജൻ വിജയിക്കട്ടെ! മഹാരാജാ തിരുമനസ്സ് എഴുന്നള്ളുന്നു..........

(ഒരു ഭാഗത്തുപോയി നിൽക്കുന്നു. രാജാവ് പ്രവേശിക്കുന്നു. മന്ത്രി രാജാവിനെ വണങ്ങി സഭാവാസികളോട്)

**മന്ത്രി :** മാന്യ സഭാവിശ്വാസികളേ, നമ്മുടെ അന്നദാതാവായ പൊന്നു തമ്പുരാന്റെ അമ്പതാം പിറന്നാളായ ഇന്ന് എല്ലാ പ്രജകൾക്കും അന്നം, വസ്ത്രദാനം ഗോദാനം എന്നിവ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

**രാജാവ് :** (ക്ഷുഭിതനായി) മന്ത്രീ...... (അടുത്തെത്തി രഹസ്യമായി) എടോ അന്നദാനം നടത്തുമെന്നോ? അതിന് കൊട്ടാരത്തിൽ ഒരു മണി അരിപോലുമില്ലെന്ന് തനിക്കറിയില്ലേ?



5 th_07_Malayalam.indd 101 7/22/2019 3:14:26 PM

**മന്ത്രി** :(ശബ്ദം താഴ്ത്തി) തിരുമേനി കൊട്ടാരത്തിൽ അരിയും പച്ചക്കറിയുമൊക്കെ തീർന്നുപോയതു കൊണ്ടല്ലേ നാമിങ്ങനെ ഒരു പിറന്നാളാഘോഷം സംഘടിപ്പിച്ചത്. പ്രജകൾ അരിച്ചാക്കുമായി ദാ ഇപ്പോഴെത്തും. ഉറക്കെ (സഭാവാസികളോട്) ഈ രാജ്യത്തെ ഏതൊരു പ്രജയ്ക്കും അഭിനന്ദന സൂചകമായി തിരുമുമ്പിൽ കാഴ്ചദ്രവ്യങ്ങൾ സമർപ്പിക്കാവുന്നതാണ്...... വരിക...... വരിക........ (ഇരുവരും ഉറ്റുനോക്കുന്നു.... ആരും വരുന്നില്ല. രാജാവ് എവിടെ എന്നാംഗ്യം മന്ത്രി അകലെ ചൂണ്ടുന്നു ഒരാൾ നടന്നു വരുന്നു........ ഇരുവർക്കും സന്തോഷം വന്നയാൾ രാജാവിന്റെ പാദം കുമ്പിട്ട് പോക്കറ്റിൽ നിന്ന് ഒരു പൊതി പീഠത്തിൽ വച്ച് പോകുന്നു. മന്ത്രി അതെടുത്ത് പരിശോധിക്കുന്നു...... നിരാശ കവറിന് പുറത്ത് എഴുതുയിരിക്കുന്നത് വായിക്കുന്നു.......)

**മന്ത്രി** :വാസനപ്പാക്ക്! നിർമാതാക്കൾ...... കോയമ്പത്തൂർ. വില നാല് രൂപ. (രാജാവും മന്ത്രിയും വരുന്നു. കാണിക്കകൾ സമർപ്പിക്കുന്നു. ഓരോന്നും മന്ത്രി വായിക്കുന്നു. പേര് നിർണയസ്ഥലം, വില, ഇങ്ങനെ പരസ്യങ്ങളുടെ മട്ടിൽ. രാജാവ് തളർന്നിരിക്കുന്നു. മന്ത്രിക്ക് സങ്കടം. സാധനങ്ങൾ ഇവയൊക്കെയാണ്. അയഡിൻ ചേർന്ന ഉപ്പ്, അച്ചാറുകൾ, മിനറൽ വാട്ടർ, ഉമിക്കരി, സൗന്ദര്യസോപ്പ്, വാസന ചുണ്ണാമ്പ്)

**രാജാവ്** : (കുപിതനായി ചാടിയെഴുന്നേറ്റ്) മന്ത്രി...... എന്താണിത്? നമ്മുടെ രാജ്യത്തുൽപാദിപ്പിച്ച ഒരു വസ്തുവും ഇക്കൂട്ടത്തിലില്ലല്ലോ! നെല്ല്, അരി, തേങ്ങ, പച്ചക്കറി, വാഴക്കുല ഇവയൊന്നും ഹൊ! എന്തൊരധപ്പതനം (തലതാഴ്ത്തി ഇരിക്കുന്നു)

**മന്ത്രി** :കരഞ്ഞു കൊണ്ട് കാഴ്ചവസ്തുക്കൾ പരിശോധിക്കുന്നു. ഒരു മധ്യവയസ്കൻ വന്ന് മുരടനാകുന്നു......കൈയിലൊരു കടലാസുപൊതി.

**രാജാവ്** : (ക്രുദ്ധനായി) നമ്മുടെ രാജ്യത്തുള്ള വസ്തുവല്ലെങ്കിൽ കൊണ്ടു പൊയ്ക്കോളൂ...... നമുക്കതു വേണ്ടാ.

**മധ്യവയസ്കൻ** : തിരുമേനി നമ്മുടെ രാജ്യത്തും അയൽ രാജ്യങ്ങളിലുമെങ്ങും കണ്ടിട്ടില്ലാത്ത ദിവ്യമായൊരു വസ്തുവാണ്. അടിയൻ കാണിക്ക വയ്ക്കുന്നത് (പീഠത്തിൽ വയ്ക്കുന്നു)



5 th_07_Malayalam.indd 102 7/22/2019 3:14:26 PM

**രാജാവ്:** മന്ത്രീ..... അതെന്താണെന്ന് നോക്കൂ. (മന്ത്രി തുറക്കുന്നു. കൈയ്യിലെടുക്കുന്നു. ഡയനാമൈറ്റ് പോലുള്ള ഒരു സാധനം! മന്ത്രി ഞെട്ടി. കൈകൾ വിറയ്ക്കുന്നു.)

**മന്ത്രി** :തിരുമേനീ.... ഇതെന്തോ സ്ഫോടക വസ്തുവാണ്! ഇത്തരം വസ്തുക്കൾ രാജ്യത്തെ ചില ഭീകരപ്രവർത്തകരുടെ കൈവശമുള്ളതായി ചാരൻമാർ അറിയിച്ചിട്ടുണ്ട്.

**രാജാവ്:** (ഭയന്ന്........... ചാടിയെണീറ്റ് അങ്ങിങ്ങ് ഓടിക്കൊണ്ട്) എന്ത് ബോംബോ...............! ഈ ഭീകരനെ തുറങ്കിലിടൂ. (ഭടൻ മധ്യവസ്കനെ കൊണ്ടുപോകുന്നു. അയാൾ രക്ഷിക്കണേ...... ഇതു ബോംബല്ലാ എന്നു നിലവിളിക്കുന്നു)

(രാജാവും മന്ത്രിയും പേടിച്ച് അഞ്ചുമിങ്ങും ഓടുന്നു........ ബോംബ് മന്ത്രിയുടെ കൈയ്യിൽത്തന്നെയുണ്ട് ഭടൻ വരുന്നു)

**മന്ത്രി** :തമ്പുരാനേ! ഇതെന്തു ചെയ്യും?

**രാജാവ്:** തന്റെ മണ്ടൻ ബുദ്ധിയാണിതിനൊക്കെ കാരണം, കൊണ്ടു പോയി കടലിലെറിയെടൊ........

**ഭടൻ :** തമ്പുരാനേ.......... ഇതു ബോംബോന്നുമല്ല നിറയെ ഉറുമ്പുകൾ തുരന്നിരിക്കുന്നു. ഇത് ഏതോ ധാന്യമാണ്.

(രാജാവും മന്ത്രിയും അടുത്തു വരുന്നു. ഭടൻ നഖം കൊണ്ട് ചുരണ്ടി അല്പ മെടുത്ത് ഇരുവർക്കും നൽകുന്നു....... അവർ അത് രുചിച്ചു നോക്കുന്നു.)

**മന്ത്രി** :ശരിയാണ് രാജൻ...... നെല്ലരിയുടെ സ്വാദ്.

**രാജാവ:** (വാങ്ങിനോക്കി) ഇത്രയും വലിയ നെല്ലരിയോ? കാരാഗൃഹത്തിലിട്ട അയാളെ കൊണ്ടുവരൂ

(ഭടൻ അയാളെ കൂട്ടിക്കൊണ്ടുവരുന്നു)

**രാജാവ്:** എടോ താൻ കാഴ്ച വച്ചത് അതിവിശിഷ്ടമായ ഏതോ ധാന്യമാണ്...... തനിക്കിതെവിടുന്നു കിട്ടി?

**മധ്യവയസ്കൻ :** തിരുമേനി, ഗ്രാമത്തിലെ കുട്ടികൾ ഇതുകൊണ്ട് കളിക്കുകയായിരുന്നു. അവർക്ക് പന്തു വാങ്ങാൻ പണം കൊടുത്താണ് അടിയനിതുവാങ്ങിയത്.

**മന്ത്രി** :കുട്ടികൾക്കെവിടുന്നു കിട്ടി?

**മധ്യവയസ്കൻ :** അടുത്തുള്ള ഒരു ഗുഹയിൽ നിന്ന്



5 th_07_Malayalam.indd 103 7/22/2019 3:14:26 PM

**രാജാവ്:** നമുക്കാ ഗുഹ പരിശോധിക്കാം.

**മധ്യവയസ്കൻ :** ഞാനവിടമാകെ പരിശോധിച്ചതാണ്. ഇതുപോലെ ഒരെണ്ണം പോലും അവിടെയെങ്ങുമില്ല. (രാജാവും മന്ത്രിയും ആലോചിച്ച് നടക്കുന്നു)

**രാജാവ്:** നമുക്ക് ഗ്രാമത്തിലെ കൃഷിക്കാരോട് ചോദിക്കാം. അവർക്കറിയാതിരിക്കില്ല. ഗ്രാമത്തിലെ പ്രായം ചെന്ന കൃഷിക്കാരനെ കൂട്ടികൊണ്ടു വരൂ......... വേഗം (ഭടൻ പോകുന്നു)

**മധ്യവയസ്കൻ :** തമ്പുരാനേ, സമ്മാനങ്ങൾ തന്ന് അടിയനെ ഇനിയെങ്കിലും മോചിപ്പിക്കണേ

**രാജാവ്:** പറ്റില്ല, ഈ ധാന്യത്തിന്റെ നിജസ്ഥിതി കണ്ടുപിടിച്ചിട്ടേ തനിക്ക് മോചനമുള്ളൂ. (ഭടൻ ഒരു വൃദ്ധനെ കൂട്ടിക്കൊണ്ടു വരുന്നു. കാഴ്ചകുറവ്, കേൾവിയും കുറവ്. രണ്ട് മൂന്നു വടികളിൽ വിറച്ചു വിറച്ചാണ് വരവ്)

**രാജാവ്:** നിങ്ങളാണോ പ്രായം കൂടിയ കൃഷിക്കാരൻ? എത്ര വയസ്സായി

**വൃദ്ധൻ :** ങേ!

**മന്ത്രി** :(ചെവിയിൽ ഉറക്കെ) എത്ര വയസ്സായി?

**വൃദ്ധൻ :** തൊണ്ണൂറ് കഴിയും

**രാജാവ്:** ഇതെന്ത് ധാന്യമാണ്? എവിടെ കൃഷിചെയ്യുന്നു? (വൃദ്ധൻ കേട്ടില്ല. മന്ത്രി ഉറക്കെ ആവർത്തിക്കുന്നു. വൃദ്ധൻ ധാന്യം മണത്തും, കുലുക്കിയും രുചിച്ചും പരിശോധിക്കുന്നു.)

**വൃദ്ധൻ :** എനിക്കറിഞ്ഞൂടാ. അച്ഛന് അറിയാമായിരിക്കും

**രാജാവ്:** ങേ! അച്ഛനോ?

**മന്ത്രി** :അയാളെവിടെയുണ്ട്

**വൃദ്ധൻ :** അടുത്തുള്ള ഗ്രാമത്തിലുണ്ട്

**രാജാവ്:** ഇയാളെ വീട്ടിലെത്തിച്ച്, പിതാവിനെ കൂട്ടി കൊണ്ടു വരൂ.

(ഭടനും വൃദ്ധനും പോകുന്നു. രാജാവ് ധാന്യം പരിശോധിക്കുന്നു. മധ്യവയസ്കൻ മന്ത്രിയോട് തന്നെ വിട്ടയക്കാൻ രാജാവിനോട് പറയണമെന്ന് ആംഗ്യം കാട്ടുന്നു.)

(ഭടൻ മറ്റൊരാളെ കൊണ്ടു വരുന്നു. ആദ്യം വന്ന വൃദ്ധനെക്കാൾ ചെറുപ്പം ഒരു വടിയേ ഉള്ളൂ)



5 th_07_Malayalam.indd 104 7/22/2019 3:14:26 PM

**രാജാവ്:** (ഉറക്കെ) ഇതെന്ത് ധാന്യമാണെന്നു പറയാമോ?

**വൃദ്ധൻ :** ഇത്ര ഉച്ചത്തിൽ പറയണ്ട. എനിക്ക് ചെവി നന്നായി കേൾക്കാം.

**രാജാവ:** എത്ര വയസ്സായി?

**വൃദ്ധൻ :** നൂറ്റിപ്പത്ത്

**രാജാവ്:** ങേ! ശരി, ഈ ധാന്യം എവിടെ കൃഷി ചെയ്തിരുന്നതാണ്?

**വൃദ്ധൻ :** (പരിശോധിക്കുന്നു) തിരുമേനി അടിയന്റെ കുട്ടിക്കാലത്ത് ഇത്തരം ധാന്യം കണ്ടിട്ടുണ്ട്. എവിടെ കൃഷി ചെയ്തിരുന്നു. വെന്നറിഞ്ഞു കൂടാ

**രാജാവ്:** ഇനി ആരോട് ചോദിക്കാൻ

**വൃദ്ധൻ :** അച്ഛനോട് ചോദിച്ചാലറിയാം

**രാജാവ്:** നിങ്ങളുടെ അച്ഛനോ?

**വൃദ്ധൻ :** അതെ തമ്പുരാനേ, അച്ഛനിപ്പോഴും കൃഷി ചെയ്താണ് ജീവിക്കുന്നത് ഞങ്ങളുടെ ഗ്രാമത്തിൽ തന്നെയാണ് താമസം

**രാജാവ്:** അദ്ദേഹത്തെ കൊണ്ടുവരൂ (വൃദ്ധനും ഭടനും പോകുന്നു)

**രാജാവ്:** മന്ത്രി നമ്മുടെ രാജ്യത്ത് ഇതുപോലുള്ള വന്ദ്യവയോധികന്മാർ ജീവിച്ചിരിക്കുന്നുവെന്നത് എന്തത്ഭുതമാണ്!

**മന്ത്രി** :തീർച്ചയായും

**മധ്യവയസ്കൻ :** അടിയനെ പോകാനനുവദിക്കണം

**രാജാവ്:** തന്നെ വെറുതെ വിടുന്ന പ്രശ്നമില്ല.

(ഭടൻ മൂന്നാമത്തെ വൃദ്ധനുമായി വരുന്നു. മറ്റു രണ്ടു വൃദ്ധൻമാരെക്കാൾ ചെറുപ്പം ചുറുചുറുക്ക്. ഒറ്റത്തോർത്തും പാളത്തൊപ്പിയും വേഷം)

**രാജാവ്:** ഇതെന്ത് ധാന്യമാണെന്നറിയാമോ?

**വൃദ്ധൻ :** (കണ്ടയുടൻ പരിശോധനയൊന്നും കൂടാതെ ഇതു പാറപൊളിപ്പനല്ലേ)

**രാജാവ്, മന്ത്രി** :ങേ!

**വൃദ്ധൻ :** അതെ തിരുമേനി പാറപൊളിപ്പൻ നെൽവിത്ത്. അടിയന്റെ ചെറുപ്പത്തിൽ വയലിൽ വിളഞ്ഞിരുന്നത് ഇത്തരം നെല്ലായിരുന്നു. നെല്ലോലകൾക്ക് രണ്ടംഗുലം വീതിയുണ്ടായിരുന്നു.

**മന്ത്രി** :എവിടെയായിരുന്നു നിങ്ങളുടെ വയൽ?



5 th_07_Malayalam.indd 105 7/22/2019 3:14:26 PM

**വൃദ്ധൻ :** ഹഹ....ഹഹ........ഞങ്ങളുടെ വയലോ? തമ്പുരാനോ അന്നാർക്കും സ്വന്തം കൃഷി സ്ഥലം ഉണ്ടായിരുന്നില്ല. കൃഷിഭൂമി എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതായിരുന്നു. ആർക്കും എവിടെയും വിളവിറക്കാം. ഓരോരുത്തരും തങ്ങൾക്കു വേണ്ടത്ര കൃഷി ചെയ്യും. ആവശ്യത്തിലേറെ വിളവ് അന്ന് കിട്ടുമായിരുന്നു. മിച്ചമുള്ളത് മറ്റുള്ളവർക്ക് വെറുതെ കൊടുക്കും.

**മന്ത്രി :** വെറുതേ കൊടുക്കുകയോ?

**വൃദ്ധൻ :** അതെ വിളവുകൾ വിലയ്ക്കു വിൽക്കുന്ന പതിവേ അന്നുണ്ടായിരുന്നില്ല.

**രാജാവ് :** (വൃദ്ധന്റെ കൈകൾ കൂട്ടിപ്പിടിച്ചുകൊണ്ട്) ആണ് എത്ര വലിയ കാര്യമാണ് നമ്മെ പഠിപ്പിച്ചത്. കൃഷിഭൂമി എല്ലാവർക്കുമുള്ളതാണ്. എത്ര നല്ല നിയമം പക്ഷേ വന്ദ്യനായ കൃഷിക്കാരാ, നമ്മുടെ പ്രജകൾ കൃഷി മറന്നുകൊണ്ടിരിക്കുന്നു. അന്യരാജ്യങ്ങളിൽ നിന്ന് പണം കൊടുത്ത് അവർ എല്ലാം വിലയ്ക്കു വാങ്ങുന്നു...... ഈ അവസ്ഥയിൽ നിന്ന് എന്റെ പ്രജകളെ ഉണർത്താൻ ഒരു വഴി പറഞ്ഞു തരൂ....

(വൃദ്ധൻ അല്പം ആലോചിച്ചശേഷം..... രഹസ്യമായി ചിലത് രാജാവിന്റെ ചെവിയിൽ പറയുന്നു)

**രാജാവ് :** (അത്യാഹ്ളാദം) ഇന്നു മുതൽ നമ്മുടെ രാജ്യത്ത് കൃഷിഭൂമി എല്ലാവർക്കുമുള്ളതാണ്.... നാടാകെ ഭേരി മുഴക്കി വിളംബരം ചെയ്യട്ടെ.........

**ഭടൻ :** മാന്യമഹാജനങ്ങളെ ഇന്നാട് വാഴും പൊന്നു തമ്പുരാന് ഇന്നലെ അർധരാത്രി ഉറക്കത്തിൽ വെളിപാട് ഉണ്ടായിരുന്നു. (ആളുകൾ ഓരോരുത്തരായി കടന്നുവന്ന് ശ്രദ്ധിക്കുന്നു) ദൈവദൂതൻ അദ്ദേഹത്തോട് പറഞ്ഞതാണ്. നമ്മുടെ കൃഷിയിടങ്ങളിൽ നൂറ്റിയൊന്നു നിധികുംഭങ്ങൾ ഇരുപ്പുണ്ട്. എല്ലാ പ്രജകളും യഥേഷ്ടം മണ്ണിളക്കി ആ സ്വർണ്ണക്കുടങ്ങൾ കൈവശപ്പെടുത്താവുന്നതാണ് ഡും...... ഡും...... ഡും (പോകുന്നു)

(ആളുകൾ കൈയിൽ കിട്ടിയ ആയുധങ്ങളുമായി ഓടിയെത്തി. അവിടമാകെ കിളച്ചു അധ്വാനിക്കുന്നു....... ഒടുവിൽ തളർന്ന് നിരാശയായി ഇരിക്കുന്നു)

**ഒരാൾ :** രാജാവ് കള്ളം പറഞ്ഞതായിരിക്കുമോ?



5 th_07_Malayalam.indd 106 7/22/2019 3:14:26 PM

**മറ്റൊരാൾ** : താൻ പോടോ അദ്ദേഹം സ്വപ്നത്തിൽ ദർശിച്ചതാണ് നൂറ്റൊന്ന് സ്വർണ്ണക്കുടങ്ങൾ ഇരുപ്പുണ്ടെന്ന്.

**മറ്റൊരാൾ** : അതാ........ അദ്ദേഹം വരുന്നു.......

രാജാവും മന്ത്രിയും വൃദ്ധനും വരുന്നു.ജനങ്ങൾ ആദരവോടെ എഴുന്നേൽക്കുന്നു. മൂവരും അവിടമാകെ കണ്ട് സംതൃപ്തരാകുന്നു.

**രാജാവ്** : പ്രിയ ജനങ്ങളെ, നമുക്ക് സ്വപ്നത്തിൽകൂടി കാട്ടിത്തന്ന നിധി കുംഭങ്ങൾക്കു വേണ്ടി നിങ്ങൾ കഠിനമായി അധ്വാനിച്ചു. ഇന്നലെ രാത്രി നാം വീണ്ടുമൊരു സ്വപ്നം കണ്ടു. നിധി കാക്കുന്ന ഭൂതങ്ങൾ അവ ആഴത്തിലേക്ക് താഴ്ത്തുന്നു. താണു പോകുന്ന കുംഭങ്ങൾ ഉയർന്നുവരാൻ ഒറ്റ വഴിയേ ഉള്ളൂ.... നിങ്ങൾ ഇവിടം മുഴുവനും വിവിധ തരം വിത്തുകൾ വിതയ്ക്കുകയും തൈകൾ നടുകയും വേണം അവ വളർന്ന് വേരുപടലങ്ങൾകൊണ്ട് താഴുന്ന കുടങ്ങളെ ഉയർത്തികൊണ്ടു വരും നിശബ്ദമായി നടക്കുന്ന ഈ വിപ്ളവത്തിലൂടെ ആറു മാസത്തിനകം നമുക്ക് നിധി കുംഭങ്ങൾ ലഭ്യമാവും..... അതുവരെ കള പറിച്ച് വളമിട്ട് സസ്യങ്ങളെ ശുശ്രൂഷിക്കുക. നമ്മുടെ മണ്ണിൽ വിളയുന്ന ഏതിനം വിത്തുകളും നിങ്ങൾക്കു നടാം.

(ജനങ്ങൾ ആവേശത്തോടെ വിത്തിടുന്നു..... തൈകൾ നടുന്നു. പശ്ചാത്തലത്തിൽ ഒരു നാടൻ പാട്ട് കേൾക്കുന്നു...... രാജാവും വൃദ്ധനും മന്ത്രിയും അവരോടൊപ്പം അധ്വാനത്തിൽ പങ്കു ചേരുന്നു.)

## അഭ്യാസം

### I. ചർച്ചചെയ്യേണ്ട അംശങ്ങൾ

1. കഥ നാടകമായപ്പോൾ എന്തെല്ലാമാണ് കൂട്ടിച്ചേർത്തത്?
2. കൂടുതലായി ഉണ്ടായ കഥാപാത്രങ്ങൾ ആരൊക്കെ?

### II. കഥ നാടകമാക്കാം

സിംഹത്തെ കിണറ്റിൽ വീഴ്ത്തിയ മുയൽ

തൊപ്പിക്കച്ചവടക്കാരനും കുരങ്ങനും



5 th_07_Malayalam.indd 107 7/22/2019 3:14:26 PM

## III. കടങ്കഥകൾ കണ്ടെത്താം

കാർഷികവിഭവങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ കണ്ടെത്തുക

## IV. മാതൃക

കാളകിടക്കും കയറോടും

മുള്ളുണ്ട് മുരിക്കില്ല, കയ്പുണ്ട് കാഞ്ഞിരമല്ല.

## V. പഴഞ്ചൊല്ലുകൾ ശേഖരിക്കാം

കൃഷിയുമായി ബന്ധമുള്ള പഴഞ്ചൊല്ലുകൾ കണ്ടെത്തി ശേഖരിക്കുക

## VI. മാതൃക

കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മണിക്യം

മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും

## VII. എതിർ ലിംഗം മനസ്സിലാക്കാം

1. കേമൻ × കേമി
2. കൊതിയൻ × കൊതിച്ചി
3. കാടൻ × കാടത്തി
4. തമ്പുരാൻ × തമ്പുരാട്ടി

**നിങ്ങളുടെ സാഹിത്യ സമാജം ക്ലാസ്സിലോ, വിദ്യാലയ വാർഷികത്തിലോ ഈ നാടകം അവതരിപ്പിക്കുക.**



5 th_07_Malayalam.indd 108 7/22/2019 3:14:26 PM

# തിരുക്കുറൾ

ഓരോ കുറളിന്റെയും മലയാള പരിഭാഷാ കൂടി കൊടുക്കാം

**1. അൻപിലാർ എല്ലാം താമക്കുരിയിർ; അഫൻപുടൈയാർ എൻപും ഉരിയർ പിറർക്കു**

**പൊരുൾ :** അൻപില്ലാത്തവർ, സ്നേഹശൂന്യർ സർവ്വവും തന്റേതാകും. എന്നാൽ സ്നേഹ ശീലർ ഹൃദയാലുക്കളായി വേണ്ടിവന്നാൽ തന്റെ എല്ലുപോലും അന്യർക്കായി ദാനം ചെയ്യും.

**2. എൻപു ഇലതനൈ വെയിൽ പോലക്കായുമേ അൻപു ഇലതനൈ അറം**

**പൊരുൾ :** എല്ലില്ലാതെ ഇഴജന്തുക്കളെ വേനൽചൂട് വാട്ടിവരട്ടിക്കളയുന്നതു പോലെ തന്നെ ജീവകാരുണ്യമില്ലാത്ത ആത്മാവിനെ ധർമ്മത്തിന്റെ തീച്ചൂള പൊരിച്ചു കളയും.

**3. അകനമർത്തു ഈതലിൻ നൻറേ മുകനമർന്തു ഇൻ ചൊലൻ ആകപ്പെറിൻ**

**പൊരുൾ :** തെളിഞ്ഞ മനസ്സോടെയും, പ്രസന്നമായ മുഖത്തോടെയും, മധുരോക്തികളോടെയുമുള്ള വരവേൽക്കൽ അകമഴിഞ്ഞുള്ള ദാനത്തേക്കാൾ ശ്രേഷ്ഠമാണ്.

**4. മുകത്താൻ അമർന്തിനുതു നോക്കി അകത്താനാം ഇൻചൊൽ ഇനിതേ അറം**

**പൊരുൾ :** കാണുമ്പോൾ തന്നെ പുഞ്ചിരിയാൽ തെളിഞ്ഞ മുഖം സ്നേഹാർദ്രമായ നോട്ടം, ഹൃദംഗമായ മധുരഭാഷണം ഇവയുടെ സംയോഗമാണ് ധർമ്മം എന്നു വിവക്ഷിയ്ക്കപ്പെടുന്നത്.

**5. അല്ലവൈ തേയ അറംപെരുകും, നല്ലവൈ നാടി ഇനിയ ചൊലിൻ**

**പൊരുൾ :** നൻമനിറഞ്ഞ വാക്കുകൾ അന്യനു ഗുണം ചെയ്യുന്നത് ഏവയെന്നും മനസ്സുകൊണ്ടു ചിന്തിച്ച് മധുരമായി അവയെ ചൊല്ലുകയെങ്കിൽ അതു തിൻമകളെ ഇല്ലാതാക്കും, പുണ്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

**6. തീയിനാൽ ചുട്ട പുൺ ഉൾ ആറും; ആറാതെ നാവിനാൽ ചുട്ട വടു**

**പൊരുൾ :** തീകൊണ്ട് പുറമെചുട്ട പുണ്ണിന്റെ ഉള്ള് പിന്നീട് ആറും. എന്നാ നാവുകൊണ്ട്, വാക്കു കൊണ്ട് ഹൃദയത്തിൽ ചുട്ട പുണ്ണ് ആറാതെ ഉള്ളത്തെ നീറ്റിക്കൊണ്ടേ ഇരിയ്ക്കും.



5 th_07_Malayalam.indd 109 7/22/2019 3:14:26 PM

**7. ചൊല്ലുക ചൊല്ലിൻ പയനുടൈയാ; ചൊല്ലുക ചൊല്ലിർ പയനിലാച്ചൊൽ**

**പൊരുൾ :** പറയുകയാണെങ്കിൽ ഫലമുള്ള വാക്കുകൾ ചൊല്ലുക, നിഷ്പ്രയോജനമായ വീൺ വാക്കുകൾ ചൊല്ലാതിരിക്കുക. അതാണ് ഉത്തമമായിട്ടുള്ളത്.

**8. പൊയ്യാമൈ പൊയ്യാമൈ ആറ്റിൻ, അറംപിറ ചെയ്യാമൈ ചെയ്യാമൈ നന്റു**

**പൊരുൾ :** കള്ളം പറയാതെ സൻമാർഗ്ഗചാരിയായുള്ള ജീവിതം നയിയ്ക്കുകയാണെങ്കിൽ മറ്റു ധർമ്മങ്ങൾ ഒന്നും അനുഷ്ഠിയ്ക്കുന്നില്ലെങ്കിൽ പോലും നൻമകൾ കൈവരും.

**9. കർക കചടറ കർപവൈ കറ്റപിൻ നിർക അതർക്കു ത്തക**

**പൊരുൾ :** പഠിയ്ക്കേണ്ടുന്നവയെ ശ്രദ്ധിച്ച് സംശയാതീതമായ വിധത്തിൽ പഠിയ്ക്കുക പഠിച്ചതിനു ശേഷം ആ പഠിപ്പിനു തക്കവിധത്തിൽ നടക്കുക. ആ പഠിപ്പു ഉൾകൊണ്ട് അതിനൊത്ത തത്വദീക്ഷയോടെ ജീവിക്കുക.

## പഴഞ്ചൊല്ലുകൾ

1. ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്
2. കുരയ്ക്കും പട്ടി കടിക്കില്ല
3. മിന്നുന്നതെല്ലാം പൊന്നല്ല
4. പലതുള്ളി പെരുവെള്ളം
5. കയ്യൂക്കുള്ളവൻ കാര്യക്കാരൻ
6. ചൊട്ടയിലെ ശീലം ചുടലവരെ
7. അധികമായാൽ അമൃതും വിഷം
8. മെല്ലെ തിന്നാൽ മുള്ളും തിന്നാം
9. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
10. കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്
11. ആനവായിൽ അമ്പഴങ്ങ
12. ചാഞ്ഞമരത്തിൽ ഓടിക്കയറാം
13. വിദ്യാധനം സർവ്വധനാൽ പ്രധാനം
14. ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം
15. ഒന്നായാൽ നന്നാകും.



5 th_07_Malayalam.indd 110 7/22/2019 3:14:26 PM

## വർണങ്ങളുടെ ശ്രുതിഭേദം

ഒരു അക്ഷരം ഉച്ചരിക്കുമ്പോൾ ഏതവയവത്തിന്റെ സഹായം ആവശ്യമായി തീരുന്നുവോ അത് ആ അക്ഷരത്തിന്റെ സ്ഥാനമെന്നു പറയുന്നു. വായ്ക്കകത്ത് തൊണ്ട മുതൽ ചുണ്ടുവരെ ശ്വാസഗതിയെ നിയന്ത്രിക്കുന്നതിനുള്ള സ്ഥാനങ്ങൾ ഉണ്ട്.

| ഉച്ചാരണസ്ഥാനം | |
|---|---|
| **സ്വരങ്ങൾ** | **വ്യഞ്ജനങ്ങൾ** |
| 1. കണ്ഠ്യം | അ ആ ക ഖ ഗ ഘ ങ ഹ |
| 2. താലവ്യം | ഇ ഈ ച ഛ ജ ഝ ഞ ള യ |
| 3. മൂർധന്യം | ഋ ട ഠ ഡ ഢ ണ ഷ ര റ ള ഴ |
| 4. ദന്ത്യം | ത ഥ ദ ധ ന സ ല |
| 5. ഓഷ്ഠ്യം | ഉ ഊ പ ഫ ബ ഭ മ വ |
| 6. കണ്ഠതാലവ്യം | എ ഏ,ഐ |
| 7. കണ്ഠ്യോഷ്ഠ്യം | ഒ ഓ,ഔ |

## കടം കഥകൾ

1. കിക്കിലുക്കും കിലുകിലുക്കും ഉത്തരത്തിൽ ചത്തിരിക്കും.
2. ആനകേറാമല, ആളുകേറാമല, ആയിരം കാന്താരി പൂത്തിറങ്ങി.
3. കുത്തിയാൽ വിതച്ച് വിത്തുകൾ കണ്ണു കൊണ്ടു പൊറുക്കിയെടുക്കും.
4. കൈപ്പടം പോലെ ഇല, വിരലുപോലെ കായ.
5. കൊമ്പിൻമേൽ തുളയുള്ള കാള.
6. ചുണ്ടില്ലെങ്കിലും ചിരിക്കും കരയും അട്ടഹസിക്കും.
7. ജീവനില്ല, കാലുമില്ല കരയും അട്ടഹസിക്കും എന്നെ കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം.
8. തടിയിൽ വെട്ടി ഇടയ്ക്ക് കെട്ടി തലയിൽ ചവുട്ടി.
9. പച്ചപലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ.

**ഉത്തരം :** നക്ഷത്രങ്ങൾ, ചിതൽ, താക്കോൽക്കൂട്ടം, അക്ഷരങ്ങൾ, വെണ്ട, കിണ്ടി, മേഘം, നാണയം, നെല്ല്, കൊയ്ത് മെതിക്കുക, പപ്പായ).



5 th_07_Malayalam.indd 111 7/22/2019 3:14:26 PM

## Malayalam Reader - Class - V

**List of Authors, Domain Experts and Reviewer**

### Academic Advisor

**Dr. P. Kumar**
Joint Director (Syllabus),
State Council of Education Research and Training Tamilnadu,
Chennai 600 006,

### Reviewer

**Dr. Jayaprasad**
Rtd, HOD
Malayalam Department
University of madras

### Authors

**S. Sree Kumar**
Sec.grade Teacher,
Malayala Vidyalayam, Chennai 12

**Sreeja V. R**
Sec.grade Teacher,
Kerala Vidyalayam, Chennai 84

## Art and Design Team

### Layout
M.A.Manikaraj prabahar

### In HouseQC
Rajesh Thangappan

### Wrapper Design
Kathir Arumugam

### Co-ordination
Ramesh Munisamy

### Co-ordinator
**K.Chandrasekaran**
Lecturer, DIET, Chennai.

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:



5rd Malayalam Reader BM.indd 104 7/22/2019 3:15:26 PM